ജനപഥം മാർച്ച് 2012



ഉള്ളടക്കം


4
കാരുണ്യത്തിന്റെ ഭാഗ്യസ്പർശം
പി.എം. ബിനുകുമാർ

6
ഗതാഗതക്കുരുക്കഴിച്ച് മോണോ റെയിൽ
സതീഷ് പൂവത്തൂർ

8
സ്ത്രീകൾക്കായി ഒരിടം
തന്റേടം ജെൻഡർ പാർക്ക് ഒരുങ്ങുന്നു
എം. മധുസൂദനൻ

11
അന്നവും പൂക്കളും
യുദ്ധമില്ലാത്ത ലോകവും
ജെ. ദേവിക

13
വെല്ലുവിളിയാകുന്ന സ്വപ്നങ്ങൾ
കെ.എ. ബീന

15
കുടുംബങ്ങളുടെ കോടതി
അഡ്വ. രാധിക

17
മാധ്യമരംഗത്തെ ഫീ-മെയിൽ പ്രശ്നങ്ങൾ
എൻ. ശ്രീജ

19
സ്ത്രീകളുടെ സ്വന്തം കമ്മിഷൻ
അഡ്വ. നിഷി എസ്.

22
വിവാഹം എല്ലാവരും രജിസ്റ്റർ ചെയ്യണം

24
സുകുമാർ അഴീക്കോട്
നവോത്ഥാനത്തിന്റെ സൂര്യവെളിച്ചം
സി. അശോകൻ

26
ചരിത്രശേഷിപ്പുകൾ സംരക്ഷിക്കണം
കെ.സി. ജോസഫ് (സാംസ്കാരികമന്ത്രി)

30
രാജ്യാന്തര നാടകോത്സവത്തിന് തിരശ്ശീല
എം.എസ്. അലിക്കുഞ്ഞ്

31
സന്ധ്യകളെ ധന്യമാക്കിയ നാടകങ്ങൾ
വി.ബി. നന്ദകുമാർ/എം. മധുസൂദനൻ

32
ഹരിദ്വാറിലേക്ക് – യാത്രാവിവരണം
ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

34
താളമഹോത്സവം 2012
രതീഷ് കെ.

37
ലീഗൽ മെട്രോളജിയും ഉപഭോക്തൃസംരക്ഷണവും
സി. വേണുഗോപാൽ

48
നാട്യങ്ങളില്ലാത്ത ജനസേവകൻ
എ. പ്രഭാകരൻ

38 ജില്ലകളിലൂടെ
45 ചരിത്രത്തിലൂടെ
46 വാർത്തയിൽ
49 പെൺജീവിതം
50 പരസ്പരം
51 സമീക്ഷ
52 കാലത്തിനൊപ്പം




കവർചിത്രം : ടി.കെ. പത്മിനിയുടെ പെയിന്റിങ്

## പ്രതികരണം




# റിക്ടർ സ്കെയിൽ

ജനുവരി ലക്കത്തിലെ മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച ലേഖനത്തിൽ RICHTER SCALE എന്ന ഇംഗ്ലീഷ് വാക്കിന്റെ സമാന മലയാളപദം റിച്ചർ സ്കെയിൽ എന്നാണ് കൊടുത്തിട്ടുള്ളത്. RICHTER SCALE എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉച്ചാരണം RIC - TER എന്നാണ് Oxford Dictionary യിൽ. ഇതായിരിക്കാം മലയാള പത്രപ്രവർത്തകരെല്ലാം സ്വീകരിച്ച് പ്രയോഗിച്ചുകാണുന്നത്. ഭരണശബ്ദകോശപദാവലിയിൽ ഇങ്ങനെയൊരു മൊഴി മാറ്റം സ്ഥാനംപിടിച്ചോ? റിച്ചർ സ്കെയിലോ റിക്ടർ സ്കെയിലോ ഏതാണ് ശരി?

**പി.എ. അനിരുദ്ധൻ**
കുത്തിയതോട്, ചേർത്തല

റിക്ടർ സ്കെയിൽ എന്നതുതന്നെയാണ് ശരിയായ പദം. തെറ്റു ചൂണ്ടിക്കാട്ടിയതിന് നന്ദി.

**എഡിറ്റർ**

# എടത്വാ പള്ളി

ഫെബ്രുവരി ലക്കം *ജനപഥ*ത്തിൽ ഉൾപ്പെടുത്തിയ ആറന്മുളപ്പെരുമ എന്ന ലേഖനം വായിച്ചു. വഞ്ചിപ്പാട്ടിന്റെയും വള്ളസദ്യയുടെയും വിവരണം വളരെ കൗതുകകരമായിരുന്നു. എന്നാൽ ലേഖനത്തിൽ പരമാർശിച്ചിട്ടുള്ള എടത്വാ പള്ളി ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ടതാണ്. ലേഖകൻ അത് പത്തനംതിട്ട ജില്ലയിലാണെന്നാണ് എഴുതിയിരിക്കുന്നത്.

**സുമേഷ് കെ.പി.**
വളവനാട്, ആലപ്പുഴ

# സഹകരണവർഷം

അന്താരാഷ്ട്ര സഹകരണവർഷത്തോടനുബന്ധിച്ച് *ജനപഥ*ത്തിലെ കവർ സ്റ്റോറി വിജ്ഞാനപ്രദമായി. പരസ്പരസഹായത്തിലൂടെ സാമൂഹികപുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ഇംഗ്ലണ്ടിൽ തുടങ്ങിയ സഹകരണ പ്രസ്ഥാനം ഇന്ന് കേരളത്തിൽ വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

**ശശിധരൻ**
മലപ്പുറം

# പോറ്റമ്മയായ തെങ്ങ്

ഫെബ്രുവരി ലക്കം *ജനപഥം* വായിച്ചു. തെങ്ങുകൃഷിയിൽനിന്നും അകന്നുപോകുന്ന കർഷകരെ തിരിച്ചുവരാൻ പ്രേരിപ്പിക്കുന്ന ലേഖനമായിരുന്നു വി.എസ്. ലാലിയുടെ പോറ്റമ്മയായ തെങ്ങ്. കർഷകനായ ഡൊമിനിക്കിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം തുടർന്നും ഇത്തരത്തിലുള്ള ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**സരിത**
തിരുവനന്തപുരം

# പെൺജീവിതം

*ജനപഥ*ത്തിന്റെ ഉള്ളടക്കം ഒന്നിനൊന്നു മെച്ചപ്പെട്ടതാണ്. സ്ത്രീകൾക്ക് സമൂഹത്തിൽ പലപ്പോഴും തനിച്ച് വളരെ ദൂരം യാത്രചെയ്യേണ്ടതായ സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അവർക്കു നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പലപ്പുഴും ആരും അറിയാറില്ല. പെൺജീവിതത്തിൽ ഉൾപ്പെടുത്തിയ കെ.എ. ബീനയുടെ പെൺയാത്രകൾ എന്ന ലേഖനം അതിനൊരു ഉദാഹരണമാണ്. ഇനിയും കൂടുതൽ നല്ല വിഭവങ്ങൾ പ്രതീക്ഷിക്കുന്നു.

**നാരായണപ്പണിക്കർ**
ഹരിപ്പാട്

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2012

പുസ്തകം 1 ലക്കം 1

e-mail : janapatham@prd.kerala.gov.in

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**വി. ശുഭാമണി**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**എസ്.ആർ. പ്രവീൺ**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**എൻ. ഷൈലാബീഗം**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **എൻ.പി. സന്തോഷ്,** കൊല്ലം
- **ഡോ. സി. വേണുഗോപാൽ,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **എൻ. സുനിൽകുമാർ,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. അബ്ദുൾ റഷീദ്.** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **ടി.സി. ജോസഫ്,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**


മുഖക്കുറിപ്പ്

# വീണ്ടുമൊരു വനിതാദിനം

**വീ**ണ്ടുമൊരു വനിതാദിനംകൂടി കടന്നുപോകുകയായി. സ്ത്രീകൾക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങൾ പ്രായഭേദമെന്യേ വർധിച്ചുവരുന്ന ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. സ്ത്രീകളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും നിയമങ്ങൾ ധാരാളമുണ്ടെങ്കിലും സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരാത്തിടത്തോളം അതൊന്നും ഫലപ്രദമല്ലെന്ന് ഓരോ ദിവസവും തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. സമഭാവനയോടെ സ്ത്രീകളെ പരിഗണിക്കുന്നതിനും ഒരു വ്യക്തിയെന്ന നിലയിലുള്ള സാമൂഹികാംഗീകാരം നൽകുന്നതിനും നാം ഇന്നും ശീലിച്ചിട്ടില്ല. സ്ത്രീകൾ അടിമകളാണെന്നും വ്യക്തിത്വമില്ലാത്ത ശരീരം മാത്രമാണെന്നുമുള്ള പുരുഷന്റെ മനോഭാവത്തിൽ മാറ്റം വരേണ്ടതുണ്ട്.

1975 ലാണ് ഐക്യരാഷ്ട്രസഭ മാർച്ച് എട്ട് ലോക വനിതാദിനമായി പ്രഖ്യാപിച്ചത്. പക്ഷേ വനിതാദിനാചരണംകൊണ്ടു മാത്രം പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല സ്ത്രീകളുടേത്. ദിനംപ്രതി വർധിച്ചുവരുന്ന അതിക്രമങ്ങൾ സ്ത്രീജിവിതത്തെ പ്രശ്നസങ്കീർണമാക്കുന്നു. ഉപഭോഗത്തിന്റെയും വാണിജ്യവത്കരണത്തിന്റെയും രൂക്ഷത സ്ത്രീയുടെ ജീവിതത്തെയും കമ്പോളവത്കരണത്തിന് വിധേയമാക്കുന്നു.

രാഷ്ട്രീയാധികാരത്തിലൂടെ സ്ത്രീയുടെ പദവി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ സംവരണത്തിലൂടെ ലഭിക്കുന്ന പദവികളിൽപ്പോലും സ്വതന്ത്രനിലപാടുകൾ സ്വീകരിക്കാൻ കഴിയാത്ത രാഷ്ട്രീയസാഹചര്യമുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ നയപരിപാടികൾക്കനുസരിച്ച് സ്ത്രീവിരുദ്ധ നിലപാടുകൾപോലും സ്ത്രീകൾക്ക് എടുക്കേണ്ടിവരുന്ന സാഹചര്യമുണ്ട്.

വ്യക്തികൾ രൂപപ്പെടുന്നത് കുടുംബത്തിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലുമാണല്ലോ. ഈ രണ്ട് ഇടങ്ങളിലും സ്ത്രീപുരുഷസമത്വത്തിൽ അധിഷ്ഠിതമായ അന്തരീക്ഷം നിലനിർത്താൻ നമുക്കു കഴിയേണ്ടതുണ്ട്. പാഠപുസ്തകങ്ങളിലല്ല, സമത്വം വേണ്ടത് പ്രവൃത്തിയിലാണ്. ആൺകുട്ടികളെയും പെൺകുട്ടികളെയും തുല്യരായി പരിഗണിക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹത്തെ നമുക്ക് രൂപപ്പെടുത്താൻ കഴിയുകയുള്ളൂ.

*    *    *

രോഗങ്ങളെക്കാൾ ജനങ്ങൾക്കിപ്പോൾ പേടി ചികിത്സയെയാണ്. വർധിച്ച ചികിത്സാച്ചെലവ് ജനങ്ങളെ ആശങ്കാകുലരാക്കുന്നു. ഈ ആശങ്കകൾക്കു പരിഹാരമായാണ് കാരുണ്യ ബനവലന്റ് ഫണ്ട് സർക്കാർ രൂപീകരിച്ചത്. ഗുരുതരരോഗം ബാധിക്കുന്ന സാധാരണക്കാരന് ഇത് വലിയൊരു സഹായമാണ്. കാൻസർ, വൃക്കരോഗം, ഹൃദ്രോഗം, ഹീമോഫീലിയ രോഗങ്ങൾ ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിനാണ് സർക്കാർ കാരുണ്യ ഭാഗ്യക്കുറി ആരംഭിച്ചത്. ഇതിൽനിന്നു ലഭിക്കുന്ന ലാഭമാണ് ദരിദ്രരായ രോഗികൾക്ക് ധനസഹായമായി നൽകുന്നത്. ഇത് സാധാരണക്കാരായ രോഗികൾക്ക് വലിയൊരു ആശ്വാസമായിരിക്കുമെന്നതിൽ സംശയമില്ല.

*    *    *

മാറിയ കാലത്തിന് അനുസരിച്ചുള്ള ഗതാഗതസംവിധാനങ്ങൾ നമുക്കിപ്പോൾ ഇല്ല. വാഹനങ്ങൾ അനുദിവനം വർധിച്ചുവരുന്നെങ്കിലും അതിനനുസൃതമായ യാത്രാസംവിധാനങ്ങൾ നമുക്കില്ല. ഇവിടെയാണ് മോണോ റെയിൽ പ്രസക്തമാകുന്നത്. ഏകദേശം 5000 കോടി രൂപയുടെ ഈ പദ്ധതി കേരളത്തിന്റെ ഗതാഗതമുഖഛായതന്നെ മാറ്റാൻ പര്യാപ്തമാണ്.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

പി.എം. ബിനുകുമാർ




കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ഉദ്ഘാടനവേളയിൽ കേന്ദ്രപ്രതിരോധമന്ത്രി എ.കെ. ആന്റണി, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ധനമന്ത്രി കെ.എം. മാണി തുടങ്ങിയവർ

# കാരുണ്യത്തിന്റെ ഭാഗ്യസ്പർശം

## ഭാഗ്യക്കുറി വഴി ജീവകാരുണ്യം എന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ് കാരുണ്യപദ്ധതി

യുഡിഎഫ് സർക്കാർ അധികാരമേറ്റ് ഒമ്പതു മാസത്തിനകം ധനമന്ത്രി കെ.എം. മാണി നടപ്പിലാക്കിയ കാരുണ്യ ബനവലന്റ് ഫണ്ട്, സംസ്ഥാന ഭാഗ്യക്കുറിയുടെ മുഖഛായ മാറ്റിയിരിക്കുകയാണ്. 2011-2012 ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ് പദ്ധതി. കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയുടെ ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും പരമാവധി രണ്ടു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതാണ് പദ്ധതി. കഴിഞ്ഞ വർഷം ഒക്ടോബറിലാണ് കാരുണ്യഭാഗ്യക്കുറി ആരംഭിച്ചത്. അതുവരെ കേരള ഭാഗ്യക്കുറി ആഴ്ചയിൽ ഒരു ദിവസം മാത്രമായിരുന്നു. എല്ലാ ദിവസവും ഭാഗ്യക്കുറി ആരംഭിക്കാനുള്ള തീരുമാനവും കഴിഞ്ഞ ബജറ്റിലേതായിരുന്നു.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽമേഖലയാണ് ഭാഗ്യക്കുറി. ഭാഗ്യക്കുറി പ്രതിദിനമാക്കിയത് ദുർബലരായ ജനവിഭാഗത്തിന്റെ തൊഴിൽസുരക്ഷിതത്വത്തിനുവേണ്ടിയായിരുന്നു. ഇതിന്റെ ഫലമായി ഭാഗ്യക്കുറി വില്പന ആയിരം കോടി കഴിഞ്ഞു. ഇത് സർവകാല റെക്കോർഡാണ്. അന്യസംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ ധനമന്ത്രി സ്വീകരിച്ച ശക്തമായ നടപടികളാണ് ഭാഗ്യക്കുറിയുടെ വില്പന ഉയർത്താൻ കാരണമായത്.

ഭാഗ്യക്കുറി വില്പനയിലൂടെ വെറും ലാഭമല്ല ധനമന്ത്രി ലക്ഷ്യമിടുന്നത്. ഭാഗ്യക്കുറി വഴി ജീവകാരുണ്യം എന്ന അദ്ദേഹത്തിന്റെ അന്വേഷണത്തിന്റെ ഫലമാണ് കാരുണ്യ ബനവലന്റ് പദ്ധതി.

കാരുണ്യ പദ്ധതിയുടെ നടത്തിപ്പിനായി ധനമന്ത്രി അധ്യക്ഷനായുള്ള ഒരു സംസ്ഥാനതല സമിതിയും ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കാരുണ്യ പദ്ധതിയിൽ സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ, സ്വാശ്രയ ആശുപത്രികളിലും ശസ്ത്രക്രിയയും അനുബന്ധ ചികിത്സകളും നടത്തുന്നതിനാണ് ധനസഹായം നൽകുന്നത്. ആനുകൂല്യം ലഭിക്കുന്ന ചികിത്സകൾ ഇവയാണ്-



കാൻസർ : ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയോതെറാപ്പി.

പാലിയേറ്റീവ് കെയർ, ന്യൂറോ, കരൾ സർജറിയും കരൾ മാറ്റിവയ്ക്കലും.

വൃക്ക : വൃക്കമാറ്റിവയ്ക്കലും ഡയാലിസിസും.

ഹൃദ്രോഗം: ഓപ്പൺ ഹാർട്ട് സർജറി, ബൈപാസ്, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി.

മുഴുവൻ ബി.പി.എൽ കാർഡുടമകൾക്കും സഹായം ലഭിക്കും. എ.പി.എല്ലുകാർക്ക് വാർഷികവരുമാനം രണ്ടര ലക്ഷത്തിൽ താഴെയായിരിക്കണം.

കുടുംബത്തിൽ ഒരാൾക്ക് ഒരു തവണ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളു. ആർ.എസ്.ബി.വൈ, ചിസ് പദ്ധതികളിൽ ധനസഹായം ലഭിച്ചവർക്ക് നേരത്തേ ലഭിച്ച ധനസഹായത്തിന് പുറമെയുള്ള തുക മാത്രം ലഭിക്കും. അതായത്, കാരുണ്യസഹായം പരമാവധി രണ്ടു ലക്ഷം രൂപയാണ്. ഈ രണ്ടു ലക്ഷത്തിൽ മറ്റു പദ്ധതിവഴി മുമ്പ് ഒരു ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെങ്കിൽ ബാക്കി ഒരു ലക്ഷം രൂപ മാത്രം കാരുണ്യപദ്ധതി വഴി ലഭിക്കും.

ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല സമിതിയാണ് ആനുകൂല്യത്തിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. സമിതിയിൽ ജില്ലാ മെഡിക്കൽ ഓഫീസറും മെഡിക്കൽ കോളേജ് സൂപ്രണ്ടും അംഗങ്ങളായിരിക്കും. ജില്ലാതല കമ്മിറ്റി ഇവരുടെ അർഹത പരിശോധിച്ച് ശുപാർശ ചെയ്യുന്ന അപേക്ഷകൾ സംസ്ഥാന കമ്മിറ്റിക്ക് കൈമാറും. കമ്മിറ്റിയുടെ തീരുമാനപ്രകാരം തുക അനുവദിക്കും. നിർദിഷ്ട അപേക്ഷാഫോറം ജില്ലാ ലോട്ടറി ഓഫീസുകളിൽ ലഭിക്കും. സംസ്ഥാന ഭാഗ്യക്കുറിവകുപ്പിന്റെ www.keralalotteries.com എന്ന വെബ്സൈറ്റിലും അപേക്ഷാഫോറം ഉണ്ട്. അപേക്ഷ പൂരിപ്പിച്ച് റേഷൻകാർഡിന്റെ കോപ്പിയും ആവശ്യമായ ആശുപത്രി രേഖകളും സഹിതം ജില്ലാ ലോട്ടറി ഓഫീസുകളിൽ ഏൽപ്പിക്കണം.

മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, സഹകരണ ആശുപത്രികൾ, മറ്റു സർക്കാർ ആശുപത്രികൾ, അമല കാൻസർ സെന്റർ തുടങ്ങിയ ആശുപത്രികളെ കാരുണ്യ ആനുകൂല്യങ്ങൾ ലഭിക്കുന്ന ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ അടിയന്തരമായി നടത്തുന്ന ശസ്ത്രക്രിയകൾക്കും കാരുണ്യ ആനുകൂല്യങ്ങൾ ലഭിക്കും. രോഗിയുടെ വരുമാനം സംബന്ധിച്ച് റേഷൻ കാർഡിലെ വിവരങ്ങളാണ് മുഖവിലയ്ക്കെടുക്കുന്നത്. വരുമാന സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല, എന്നാൽ കബളിപ്പിക്കാൻ ശ്രമിച്ചാൽ റവന്യൂ റിക്കവറി നടപടികൾ നേരിടേണ്ടിവരും.

രണ്ടാം ഘട്ടമായി സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചികിത്സയും കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. ശസ്ത്രക്രിയകൾക്കു സ്വകാര്യ ആശുപത്രികളിൽ ചെലവുവരുന്ന തുക സർക്കാർ അംഗീകരിക്കണമെന്നു മാത്രം. ഇതു സംബന്ധിച്ച് സ്വകാര്യ ആശുപത്രികളുമായി സർക്കാർ ചർച്ചനടത്തും.

മാരകമല്ലാത്ത രോഗങ്ങൾ കാരണം ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നവർക്ക് ഒറ്റത്തവണ ചികിത്സാധനസഹായമായി 3,000 രൂപ ധനമന്ത്രി കെ.എം. മാണി നേരിട്ട് അനുവദിക്കും. ഇതിനുവേണ്ടി കിടത്തിചികിത്സയുടെ രേഖകളും റേഷൻ കാർഡിന്റെ പകർപ്പും സഹിതം അപേക്ഷ നൽകണം. അപേക്ഷാഫാറം ഭാഗ്യക്കുറി ജില്ലാ ഓഫീസുകളിൽ ലഭിക്കും.

കാരുണ്യപദ്ധതിയുടെ നടത്തിപ്പിൽ കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു ആപ്ലിക്കേഷൻ ട്രാക്കിങ് സിസ്റ്റം കെൽട്രോൺ തയാറാക്കിയിട്ടുണ്ട്. ഓരോ വർഷവും ജൂലൈയിൽ വാർഷിക കണക്കുകൾ സംസ്ഥാനതല മോണിട്ടറിങ് കമ്മിറ്റി പരിശോധിക്കും. പൂർണമായും അഴിമതി രഹിതമായിട്ടായിരിക്കും കാരുണ്യപദ്ധതി നടപ്പിലാക്കുക. ■

## കെ.എം. മാണിയുടെ സ്വപ്നപദ്ധതിക്ക് പ്രശംസ

കാരുണ്യ പദ്ധതി ലോകം മാതൃകയാക്കണമെന്ന് ഉദ്ഘാടനവേളയിൽ കേന്ദ്ര പ്രതിരോധമന്ത്രി എ.കെ. ആന്റണി പറഞ്ഞു. ഫെബ്രുവരി 26ന് തിരുവനന്തപുരത്തായിരുന്നു ചടങ്ങ്. കേരളം കണ്ടിട്ടുള്ള ജീവസ്പർശമുള്ള പദ്ധതി എന്നാണ് അദ്ദേഹം കാരുണ്യ പദ്ധതിയെ വിശേഷിപ്പിച്ചത്. നേർച്ചപ്പണം ഇടുന്നതുപോലെ കാരുണ്യലോട്ടറി വാങ്ങണമെന്നും അദ്ദേഹം ഉപദേശിച്ചു. അന്യസംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കാൻ സാധിച്ചതുകൊണ്ടാണ് സംസ്ഥാന ഭാഗ്യക്കുറി വിജയിച്ചതെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ഭാഗ്യക്കുറി അച്ചടിക്കുന്നതിനുമുമ്പ് ഉദ്ഘാടനം ചെയ്യുന്ന ഇക്കാലത്ത് ഭാഗ്യക്കുറി അടിച്ച് 23 കോടി പിരിച്ചശേഷം ഉദ്ഘാടനം ചെയ്യുന്നത് മാതൃകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.



■ സതീഷ് പൂവത്തൂർ

# ഗതാഗതക്കുരുക്കഴിച്ച് മോണോ റെയിൽ

**തിരുവനന്തപുരത്തും കോഴിക്കോടും നടപ്പാക്കുന്ന മോണോറെയിൽ സംവിധാനം പൊതുഗതാഗത സംവിധാനത്തിന്റെ മുഖഛായതന്നെ മാറ്റും.**

പുതിയ ഗതാഗതസംസ്കാരത്തിന് തിരുവനന്തപുരവും കോഴിക്കോടും വേദിയാകുന്നു. വാഹനപ്പെരുപ്പവും റോഡുകളുടെ പരിമിതിയുംകൊണ്ട് വീർപ്പുമുട്ടുന്ന സംസ്ഥാനത്തിന് ഇനി വേഗമേറിയ ആകാശയാത്ര ശുഭപ്രതീക്ഷകൾക്ക് വകനൽകും. ഇന്ത്യയിൽ മോണോ റെയിൽ സംവിധാനം നടപ്പാക്കുന്ന രണ്ടാമത്തെ സംസ്ഥാനം എന്ന ഖ്യാതി ഇതോടെ കേരളത്തിന് സ്വന്തമാകും. മുംബൈയിൽ ഈ അടുത്ത കാലത്ത് കമ്മിഷൻ ചെയ്ത നാലു കി. മീറ്റർ ദൂരപരിധിവരുന്ന മോണോ റെയിൽ പദ്ധതി ഏറെ ജനശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് പഠനം നടത്താൻ സർക്കാർ ചുമതലപ്പെടുത്തിയ നാറ്റ്പാക് തയാറാക്കിയ റിപ്പോർട്ട് ഡയറക്ടർ ബിന്ദി ശ്രീദേവി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് മാർച്ച് ഒന്നിന് കൈമാറി. റിപ്പോർട്ടിന് ക്യബിനറ്റിനന്റെ അംഗീകാരവും ലഭിച്ചുകഴിഞ്ഞു. പദ്ധതിയുടെ വിജയകരമായ പരിസമാപ്തിക്കായി സംസ്ഥാന സർക്കാർ അഹോരാത്രം പ്രയത്നിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

ആദ്യഘട്ടം 2016 ൽ കമ്മിഷൻ ചെയ്യുകയാണ് ലക്ഷ്യം. രണ്ടാംഘട്ടം 2018 ലും. തിരുവനന്തപുരത്ത്



പള്ളിപ്പുറം ടെക്നോസിറ്റി മുതൽ നെയ്യാറ്റിൻകര വരെയാണ് നിർദിഷ്ട മോണോ റെയിൽ സംവിധാനം നടപ്പാക്കുക. മോണോ റെയിൽ യാർഡിനുവേണ്ടി ടെക്നോസിറ്റിക്കു സമീപം 20 ഏക്കർ ഏറ്റെടുക്കേണ്ടിവരും. ഇതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇവിടെയായിരിക്കും ഡിപ്പോ പ്രവർത്തിക്കുക.




നാലു മുതൽ ആറു വരെ കോച്ചുകളുള്ള ട്രെയിനുകളാണ് ഏർപ്പെടുത്തുക. ഒരു കോച്ചിൽ പരമാവധി 140 പേർ. തിരക്കേറിയ സമയങ്ങളിൽ അഞ്ചുമിനിട്ട് ഇടവിട്ട് ട്രെയിനുകൾ ഉണ്ടായിരിക്കും. ഒന്നു മുതൽ ഒന്നര കിലോമീറ്റർ ഇടവിട്ടാണ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുള്ളത്. സ്റ്റേഷനുകളിൽ നിന്ന് താഴേക്കിറങ്ങാൻ എസ്കലേറ്ററുകളും പടികളും ഉണ്ടായിരിക്കും. ആകെ 35 സ്റ്റോപ്പുകളായാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. സ്റ്റേഷനുകളിൽ ടിക്കറ്റ് കൗണ്ടറുകൾക്കു പുറമെ ഏതാനും കടകൾക്കും എടിഎം കൗണ്ടറുകൾക്കുമുള്ള സംവിധാനം ഏർപ്പെടുത്തും.

റോഡിന്റെ മീഡിയനുകളിൽ നിർമിക്കുന്ന തൂണുകൾക്ക് മുകളിൽ ഉണ്ടാക്കുന്ന പാളത്തിലൂടെയാകും ചക്രങ്ങളില്ലാത്ത മോണോ റെയിൽ വാഹനങ്ങൾ ഓടുന്നത്. കോൺക്രീറ്റ് പാളത്തിനുമുകളിൽ റബ്ബർ ചക്രങ്ങളിൽ വൈദ്യുതി ഉപയോഗിച്ച് ചലിക്കുന്ന വാഹനം ശബ്ദമുണ്ടാക്കുന്നില്ല എന്നതും മറ്റൊരു പ്രത്യേകതയാണ്. അതിനാൽ ശബ്ദമലിനീകരണവും അന്തരീക്ഷമലിനീകരണവും വളരെ കുറവാണെന്ന പ്രത്യേകതയും ഇതിനുണ്ട്. മെട്രോ റെയിൽ സംവിധാനവുമായി താരതമ്യം ചെയ്യുമ്പോൾ ഈ പദ്ധതിക്ക് ചെലവ് വളരെ കുറവാണ്.



മിനിമം നിരക്ക് 10 രൂപയായിരിക്കും. തുടർന്ന് കിലോമീറ്റർ അനുസരിച്ചായിരിക്കും നിരക്ക്. രണ്ടു ഘട്ടമായി 41.8 കിലോമീറ്ററാണ് പദ്ധതി. മംഗലപുരം - തമ്പാനൂർ ഒന്നാം ഘട്ടം 22.2 കിലോമീറ്ററും തമ്പാനൂർ - നെയ്യാറ്റിൻകര രണ്ടാം ഘട്ടം. 19.6 കിലോമീറ്ററും 5099 കോടി ചെലവും പ്രതീക്ഷിക്കുന്ന പദ്ധതിക്കായി പ്രത്യേക കമ്പനി (എസ്.പി.വി) രൂപീകരിക്കുകയാണ് ഉചിതമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ടെക്നോസിറ്റിയിൽ നിന്ന് തമ്പാനൂർവരെ ആദ്യഘട്ടത്തിൽ 19 സ്റ്റേഷനുകൾ ഉണ്ടായിരിക്കും. ടെക്നോസിറ്റി എക്സ്റ്റൻഷൻ, ടെക്നോസിറ്റി, പള്ളിപ്പുറം, താമരക്കുളം, കഴക്കൂട്ടം, കാര്യവട്ടം, പാങ്ങപ്പാറ ഗുരുമന്ദിരം, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ളാമൂട്, പാളയം, സ്റ്റാച്യു, തമ്പാനൂർ, നെയ്യാറ്റിൻകര വരെയുള്ള രണ്ടാം ഘട്ടത്തിൽ 16 സ്റ്റോപ്പുകൾ ഉണ്ടാകും.

മോണോ റെയിൽപ്പാത കടന്നുപോകാത്ത നഗരപ്രാന്തങ്ങളിൽ നിന്ന് മോണോ റെയിൽ സ്റ്റേഷനുകളിൽ എത്താൻ 100 ലോ ഫ്ളോർ ബസുകൾകൂടി ഓടിക്കാനും പദ്ധതിയുണ്ട്. പോത്തൻകോട് - ശ്രീകാര്യം, ആറ്റിങ്ങൽ - ടെക്നോസിറ്റി, നെയ്യാറ്റിൻകര - പൂവാർ, വട്ടിയൂർകാവ് - ശാസ്തമംഗലം, തമ്പാനൂർ, വട്ടപ്പാറ - കേശവദാസപുരം തുടങ്ങി തിരക്കേറിയ റൂട്ടുകളിലായിരിക്കും ഈ ബസുകൾ ഓടുക. ഈ ബസുകളിൽ കയറുന്നവർക്ക് ഒരു ടിക്കറ്റിൽത്തന്നെ ബസിലും മോണോ റെയിലിലും യാത്ര ചെയ്യാനാകും.

മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല തിരുവനന്തപുരത്ത് ഗതാഗതവകുപ്പിനും കോഴിക്കോട് പൊതുമരാമത്തുവകുപ്പിനുമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വെളിപ്പെടുത്തി. ബാംഗ്ലൂരിലെ വിൽബർസ്മിത്ത് അസോസിയേറ്റ്സാണ് കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ വിശദമായ സാധ്യതാ പഠന റിപ്പോർട്ട് അവതരിപ്പിച്ചത്. ഇ. ശ്രീധരനും മന്ത്രിമാരായ വി.കെ. ഇബ്രാഹിംകുഞ്ഞ്, എം.കെ. മുനീർ എന്നിവരും കോഴിക്കോട് പദ്ധതിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. പുതിയ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടനെ തയാറാക്കും.

1964 മുതൽ ജപ്പാൻ അടക്കമുള്ള രാജ്യങ്ങളിൽ വിജയകരമായി നടപ്പാക്കിയിട്ടുള്ള പദ്ധതിയാണിത്. ഈ സംരംഭം സംസ്ഥാനത്തു നടപ്പാക്കുന്നതോടെ പൊതുഗതാഗത സംവിധാനം ഏറെ മെച്ചപ്പെടും എന്ന കാര്യത്തിൽ തർക്കമില്ല. തിരക്കേറിയ ജീവിതത്തിൽ, സമയം അമൂല്യവസ്തുവായി മാറുന്ന ഈ കാലഘട്ടത്തിൽ മോണോ റെയിലിനെ ഏറെ പ്രതീക്ഷയോടെയാണ് ജനങ്ങൾ വരവേൽക്കുന്നത്.

എം. മധുസൂദനൻ

# സ്ത്രീകൾക്കായി ഒരിടം
# തന്റേടം ജെൻഡർ പാർക്ക് ഒരുങ്ങുന്നു

**രാജ്യത്തെ അവഗണിക്കപ്പെട്ട സ്ത്രീത്വത്തിന് പ്രത്യാശയുടെ പ്രകാശം പകരുന്ന ഗോപുരമാണ് വെള്ളിമാടുകുന്നിൽ ഉയരുന്ന തന്റേടം പാർക്ക്**

അസമത്വത്തിന്റ മതിൽക്കെട്ടുകൾ ഭേദിച്ച് സ്ത്രീകൾ സ്വാതന്ത്ര്യത്തിന്റെ ആകാശം സ്വന്തമാക്കുകയാണ്. മലയാളി സ്ത്രീകൾ 'തന്റെ ഇടം' നേടുകയാണ്. സാമൂഹികക്ഷേമവകുപ്പ് കോഴിക്കോട് വെള്ളിമാട്കുന്നിൽ യാഥാർഥ്യമാക്കുന്ന തന്റേടം ജെൻഡർ പാർക്ക് സ്ത്രീകൾക്കുമാത്രമായുള്ള ഇന്ത്യയിലെതന്നെ ആദ്യ പാർക്കാണ്. മാർച്ച് 17 ന് ഡൽഹി മുഖ്യമന്ത്രി ഷീലാ ദീക്ഷിത് തറക്കല്ലിട്ട പാർക്ക് അതിവേഗം യാഥാർഥ്യമാകുമെന്ന് പദ്ധതിക്ക് രൂപംനൽകിയ സാമൂഹികക്ഷേമ മന്ത്രി ഡോ. എം.കെ. മുനീറിന്റെ ഉറപ്പ് മലബാറിലെ സ്ത്രീകളിൽ അതിരുകളില്ലാത്ത പ്രതീക്ഷയാണ് നൽകിയിരിക്കുന്നത്. താമസിയാതെ തിരുവനന്തപുരത്തും കൊച്ചിയിലും ഇത്തരം പാർക്കുകൾ സ്ഥാപിക്കുമെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്.

ഗവേഷണത്തിനും പഠനത്തിനും നയരൂപീകരണത്തിനും സംവാദങ്ങൾക്കും സർഗപ്രവർത്തനങ്ങൾക്കുമായുള്ള സ്ത്രീകളുടെ കേന്ദ്രമായിരിക്കും ഈ പാർക്ക്. ഒരു കൂരയ്ക്കു കീഴിൽ ഒരുമിക്കാനുള്ള വേദി. ഗവേഷണത്തിനും പഠനത്തിനും മാത്രമല്ല എഴുതാനും വരയ്ക്കാനും വായിക്കാനും അഭിനയിക്കാനുമെല്ലാം ഈ പാർക്കിൽ ഇടമുണ്ടാകും.

രാത്രികാലങ്ങളിൽ താമസസൗകര്യം കിട്ടാതെ നഗരത്തിൽ ഒറ്റപ്പെട്ടുപൊകുന്ന സ്ത്രീകൾക്ക് ഇവിടെ വിശ്രമകേന്ദ്രം ഒരുക്കും. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പൊതുവേദിയായി



**തന്റേടം ജെൻഡർ ഫെസ്റ്റ് ബീഹാർ സാമൂഹികക്ഷേമമന്ത്രി പർവീൺ അമാനുള്ള ഉദ്ഘാടനം ചെയ്യുന്നു.**



**പെൺപെരുമ പ്രദർശനം സാമൂഹികക്ഷേമമന്ത്രി ഡോ. എം.കെ. മുനീർ സന്ദർശിക്കുന്നു**

പാർക്ക് മാറും. വനിതാ കമ്മിഷന്റെയും വനിതാ വികസന കോർപ്പറേഷന്റെയും ഓഫീസുകളും ഇവിടെ ആരംഭിക്കും. സ്ത്രീകൾക്ക് മേൽനോട്ടച്ചുമതല നൽകിയായിരിക്കും ജെൻഡർ പാർക്കിന്റെ പ്രവർത്തനം. പാർക്കിന്റെ നിർമാണത്തിന് ആദ്യഘട്ടത്തിൽ രണ്ടര കോടി രൂപ മന്ത്രിസഭ അനുവദിച്ചിട്ടുണ്ട്.

ജെൻഡർ പാർക്കിന്റെ ശിലാസ്ഥാപനത്തിന്റെ ഭാഗമായി കോഴിക്കോട് പത്തുദിവസങ്ങളിലായി നടന്ന തന്റേടം ജെൻഡർ ഫെസ്റ്റ് 2012 പെൺപെരുമയുടെ മഹോത്സവമായി മാറി. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് സാമൂഹിക-രാഷ്ട്രീയ-സാമ്പത്തികപരിഗണനകളില്ലാതെ ഒത്തുചേരുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും സർഗശേഷി പ്രകടിപ്പിക്കുന്നതിനുമുള്ള വേദിയായി മാറി ഈ മഹോത്സവം. ലോകത്തിലെ ഏതു പ്രദേശത്തെയും സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കും അതിജീവനത്തിനും സമാനതകളേറെയാണെന്ന് വ്യക്തമാക്കുന്നതായിരുന്നു വിവിധ വേദികളിൽ നടന്ന സെമിനാറുകൾ.

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് എട്ടിന് കോഴിക്കോട് സ്വപ്നനഗരിയിൽ ബീഹാർ സാമൂഹികക്ഷേമമന്ത്രി പർവീൺ അമാനുള്ളയാണ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തത്. മലപ്പുറത്തെ സാക്ഷരതാ പ്രവർത്തക പി.കെ. റാബിയ പതാക ഉയർത്തി. ചരിത്രത്തിലെ സ്ത്രീ, സാമൂഹികനിയമങ്ങൾ, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ, മാധ്യമങ്ങളിലെ വനിതകൾ, സ്ത്രീകളും സാഹിത്യവും, സ്ത്രീപക്ഷ ബജറ്റ്, സ്ത്രീകളുടെ അതിജീവനം തുടങ്ങി വിവിധ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിൽ വിജയിച്ച 101 വനിതകളെ പെൺമയുടെ മഹോത്സവത്തിൽ ആദരിച്ചു. കാർഷിക-വ്യാവസായിക മേള, കലാ-സാംസ്കരിക മേള, ഡോക്യുമെന്ററി - ഫിലിംപ്രദർശനം, വിദ്യാഭ്യാസമേള, ഭക്ഷ്യമേള, സെമിനാർ, ശില്പശാല, പ്രദർശനം, പെയിന്റിങ്, ക്യാമ്പ്, പുസ്തകമേള, ഓപ്പൺ ഫോറം, സംവാദം, ചർച്ച, അഭിമുഖം, ഫോട്ടോഗ്രഫി പ്രദർശനം, പുസ്തകപ്രകാശനം എന്നിവ ഫെസ്റ്റിനെ അർഥപൂർണമാക്കി.

സ്വപ്നനഗരിയിൽ ഒരുക്കിയ *പെൺമയുടെ പെരുമയെന്ന* പ്രദർശനമാണ് കാണികളെ ഏറെ ആകർഷിച്ചത്. മനുഷ്യാവകാശ നിഷേധത്തിന്റെയും അവഗണനയുടെയും ലജ്ജാകരമായ അവസ്ഥയിൽനിന്ന് പഞ്ചായത്ത് പ്രസിഡന്റ് മുതൽ രാഷ്ട്രനേതൃത്വംവരെയുള്ള അഭിമാനകരമായ വളർച്ചയുടെ പടവുകളിലേക്ക് വെളിച്ചംവീശിയ ജെൻഡർ ഫെസ്റ്റിലെ പെൺപെരുമ പ്രദർശനം സ്വപ്നനഗരിയിലേക്ക് ആയിരങ്ങളെ ആകർഷിച്ചു.

നിസ, പാർട്ടി മൈന്റ്സ്, വഴിതെറ്റുന്ന കുട്ടികളെ ഒറ്റപ്പെടുത്താതെ ജീവിതത്തിന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒ.അർ. സി ഗ്രൂപ്പ് ചൈൽഡ് ലൈൻ, സാമൂഹികക്ഷേമ വകുപ്പ്, കുടുംബശ്രീ, സി-ഡിറ്റ്, ഫാം ഇൻഫർമേഷൻ ബ്യൂറോ, എസ്.എസ്.എ, ശുചിത്വമിഷൻ, ഹോർട്ടികൾച്ചർ മിഷൻ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, യുവജനക്ഷേമ ബോർഡ്, തൃശൂർ ഗാർഗി, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സ്റ്റാളുകളും എക്സിബിഷനിൽ ഒരുക്കിയിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പതിനായിരത്തോളം സ്ത്രീകളാണ് പത്തുദിവസങ്ങളിലായി നടന്ന മഹോത്സവത്തിൽ പങ്കെടുത്തത്.

ജാഫർഖാൻ കോളിനിയിലും സ്വപ്നനഗരിയിലുമായി 10 ദിനങ്ങളിൽ നടന്ന സ്ത്രീകളടെ സാഹിത്യോത്സവം സാഹിത്യത്തിലെ സമകാലീന പ്രവണതകളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. ഇ-സാഹിത്യവും ബ്ലോഗർമാരുമായുള്ള സംവാദവുമെല്ലാം നവ്യാനുഭവമായി. പ്രൊഫ. എം. ലീലാവതി, മൃദുൽ ഗാർഹ്, ഡോ. ജയശ്രീ കമ്പാർ തുടങ്ങിയ വിഖ്യാത എഴുത്തുകാർ സാഹിത്യോത്സവത്തെ സാന്നിധ്യത്താൽ ധന്യമാക്കി.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഒരുക്കിയ മെഡിക്കൽ ക്യാമ്പും സഹായകോപകരണങ്ങളുടെ വിതരണവും ആയിരത്തോളെ വികലാംഗർക്കാണ് ആശ്വാസമായത്. ആരോഗ്യമേളയുടെ ഭാഗമായി നടന്ന രോഗപരിശോധനയിലും മലബാർ കാൻസർ കെയർ സൊസൈറ്റി ഒരുക്കിയ സഞ്ജീവനി മൊബൈൽ യൂണിറ്റിലും നൂറുകണക്കിന് സ്ത്രീകളാണ് എത്തിയത്.

കോഴിക്കോട് ജില്ലാ കളക്ടർ ഡോ. പി. ബി. സലിം, വനിതാ കമ്മിഷൻ അംഗവും സംഘാടക സമിതി ജനറൽ കൺവീനറുമായ അഡ്വ. നൂർബിന റഷീദ്, ജെൻഡർ ഫെസ്റ്റ് സ്പെഷ്യൽ ഓഫീസർ കെ. മോഹൻകുമാർ എന്നിവരുടെ നേതൃത്വത്തിൽ സംഘാടക സമിതി നടത്തിയ പ്രവർത്തനങ്ങളാണ് തന്റേടം ജെൻഡർ ഫെസ്റ്റിനെ വൻ വിജയമാക്കിയത്. വരും വർഷങ്ങളിലും ജെൻഡർ ഫെസ്റ്റ് സംഘടിപ്പിക്കാനാണ് സാമൂഹികക്ഷേമവകുപ്പ് ലക്ഷ്യമിടുന്നത്. ■

# മാർച്ച് 8
# ലോക വനിതാദിനം



ടി.കെ. പത്മിനിയുടെ പെയിന്റിങ്

ജെ. ദേവിക

# അന്നവും പൂക്കളും യുദ്ധമില്ലാത്ത ലോകവും

**സർക്കാരും മറ്റ് അന്താരാഷ്ട്ര സംഘടനകളും സംഘടിപ്പിക്കുന്ന ഔദ്യോഗിക പരിവേഷമുള്ള ആഘോഷമെന്ന രീതി മാറിയാലേ വനിതാദിനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലമാകൂ**




ക്വിസ് മത്സരത്തിനുവേണ്ടി പഠിച്ചുവയ്ക്കുന്ന തീയതി, റിപ്പബ്ലിക് ദിനത്തെപ്പോലെയോ സേവനവാരത്തെപ്പോലെയോ 'സർക്കാർ മണക്കുന്ന' ദിവസം എന്നതിൽക്കവിഞ്ഞ് അന്താരാഷ്ട്ര വനിതാദിനത്തെക്കുറിച്ചോർക്കുന്നവർ ഇന്നു നമ്മുടെ നാട്ടിൽ കുറവാണെന്ന സത്യം മറച്ചുവയ്ക്കേണ്ടതില്ല. കാരണം, കേരളത്തിൽ ഫെമിനിസ്റ്റുകൾ പ്രത്യക്ഷപ്പെടുംമുമ്പുതന്നെ, സർക്കാർ നേതൃത്വത്തിൽ ആദരിച്ചുവന്ന ദിനമാണിത്. 1975 ൽ ഐക്യരാഷ്ട്രസഭ അന്താരാഷ്ട്രവനിതാവർഷം ആചരിച്ചതിനുശേഷം ലോകത്തെ പല രാജ്യങ്ങളും മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി ആചരിച്ചുവരുന്നു. സർക്കാർ നേതൃത്വത്തിൽ സ്ത്രീകളുടെ ഉന്നമനത്തെക്കുറിച്ചുള്ള ചർച്ചകളും പരിപാടികളും അന്ന് സംഘടിപ്പിക്കപ്പെടുന്നു. അധികാരസ്ഥാനത്തിരിക്കുന്നവർക്കും സ്ത്രീകളുടെ മേൽനോട്ടക്കാരായി നിയമിക്കപ്പെട്ടവർക്കും ഉപദേശനിർദേശങ്ങളാൽ കേൾവിക്കാരികളെ മൂടാനുള്ള സുവർണാവസരമായി പലരും അതിനെ കണക്കാക്കുന്നുമുണ്ട്. പൊതുവെ സ്ത്രീവാദംതന്നെ ഒരുതരം സർക്കാർ പരിപാടിയായി സ്വയംമാറുന്നകാലത്ത് അന്താരാഷ്ട്ര വനിതാദിനത്തെക്കുറിച്ച് ഇത്തരം ധാരണകൾ വ്യാപകമാകുന്നതിൽ അതിശയിക്കാനില്ല.

എന്നാൽ 20 ാം നറ്റാണ്ടിന്റെ ആദ്യദശകം മുതൽക്ക് ആദരിച്ചുവന്ന ദിനമാണ് വനിതാദിനം. സർക്കാരുകളുടെ കടുത്ത എതിർപ്പുകളെ നേരിട്ടുകൊണ്ടാണ് അത് അമേരിക്കയിലും യൂറോപ്പിലും ആദ്യകാലങ്ങളിൽ ആചരിക്കപ്പെട്ടിരുന്നത്. മുതലാളിത്ത വ്യാവസായികവളർച്ചയുടെ ഫലമായി ലക്ഷക്കണക്കിന് പാവപ്പെട്ട സ്ത്രീകൾ തൊഴിലാളികളായിത്തീർന്നകാലത്താണ് അന്താരാഷ്ട്ര വനിതാദിനം എന്ന ആശയം തൊഴിലാളിനേതാക്കൾ ഉന്നയിക്കുന്നത്. 1910 ൽ ഡെൻമാർക്കിലെ കോപ്പൻ ഹാഗൻ നഗരത്തിൽ നടന്ന തൊഴിലെടുക്കുന്ന സ്ത്രീക

ളുടെ അന്താരാഷ്ട്ര സമ്മേളനത്തിൽ ക്ലാരാ സെറ്റ്കിൻ എന്ന ജർമൻ സോഷ്യലിസ്റ്റ് വിപ്ലവകാരിയാണ് ലോകമെമ്പാടുമുള്ള സ്ത്രീകളുടെ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഒരു പ്രത്യേകദിനം ആചരിക്കുക എന്ന ആശയം മുന്നോട്ടുവച്ചത്. ഇതേത്തുടർന്ന് 1911 ൽ മാർച്ച് 19 ന് വനിതാദിനം ഓസ്ട്രിയ, ജർമനി മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ ആചരിക്കപ്പെടുകയുണ്ടായി- അത് സർക്കാർ പരിപാടിയായിരുന്നില്ല, തൊഴിലാളിവർഗ സ്ത്രീകളുടെ ഉത്സവമായിരുന്നു. സ്ത്രീകളായ തൊഴിലാളികളുടെ അവകാശങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള ഈ പ്രകടനങ്ങൾ ജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീകൾക്കു തുല്യനില ആവശ്യപ്പെടുന്നവയും കൂടിയായിരുന്നു. പക്ഷേ അന്താരാഷ്ട്ര വനിതാദിനാചരണം തൊഴിലാളിസ്ത്രീകളുടെ പ്രശ്നങ്ങളുന്നയിക്കാനുള്ള രാഷ്ട്രീയാവസരമായിത്തന്നെയാണ് വളർന്നതും വികസിച്ചതും.

'തൊഴിലാളിവർഗ സ്ത്രീകളുടെ പ്രശ്നങ്ങൾ' എന്നു പറയുമ്പോൾ ചിലവാർപ്പുമാതൃകകളാണ് നമ്മുടെയുള്ളിൽ ഉയർന്നുവരാറുള്ളത്. തൊഴിലാളി സ്ത്രീകൾക്ക് ഏറ്റവും ആവശ്യം അന്നവും വസ്ത്രവും പാർപ്പിടവുമാണെന്നും അതായിരിക്കണം സ്ത്രീപക്ഷരാഷ്ട്രീയത്തിന്റെ ലക്ഷ്യമെന്നും വാദിക്കുന്ന ഒരുതരം വികസനവാദ ഫെമിനിസത്തിന്റെ അധീശത്വമാണ് കേരളത്തിലിന്ന്. അതുകൊണ്ടുതന്നെ സഞ്ചാരസ്വാതന്ത്ര്യം, ലൈംഗികസ്വയംഭരണാവകാശം മുതലായവയെല്ലാം മധ്യവർഗ 'കൊച്ചമ്മ'മാരുടെ ആവശ്യമാണെന്ന് അധിക്ഷേപിക്കാൻ പലർക്കും മടിയില്ല. ചരിത്രത്തിൽനിന്ന് എത്രത്തോളം അകന്നുനിൽക്കുന്ന ഒരു വാർപ്പുമാതൃകയാണിതെന്ന് എഴുതി ഫലിപ്പിക്കാൻ എളുപ്പമല്ല! 1911 ൽ അമേരിക്കയിലെ സ്ത്രീകളായ മിൽത്തൊഴിലാളികളുടെ പ്രശസ്തമായ Bread and Roses സമരത്തെക്കുറിച്ച് കേട്ടിട്ടില്ലാത്തവരായിരിക്കണം, മേല്പറഞ്ഞ വാർപ്പുമാതൃകയുടെ അനുകൂലികൾ. ആ സമരവുമായി ബന്ധപ്പെട്ട പ്രശസ്തമായ ഒരു തൊഴിലാളിവർഗ ഗാനത്തിന്റെ തലക്കെട്ടായിരുന്നു Bread and Roses. അന്നം ആവശ്യമെങ്കിലും പുഷ്പങ്ങളും സൗന്ദര്യവും ആനന്ദവും സംസ്കാരവും എല്ലാം തൊഴിലാളി സ്ത്രീകൾക്ക് അത്രതന്നെ ആവശ്യമാണെന്നു പ്രഖ്യാപിക്കുന്ന ഗാനമാണിത്.


ക്ലാരാ സെറ്റ്കിൻ

'Hearts starve as well as bodies;
Bread and roses, bread and roses'.

തൊഴിലാളിസ്ത്രീകൾക്കും മറ്റേതു സ്ത്രീകളെയുംപോലെ ആനന്ദവും സംസ്കാരവും ആവശ്യമാണെന്ന പ്രഖ്യാപിക്കുമ്പോൾ, അവരെ കുടുംബഭാരം വഹിച്ചുതളർന്ന മൃഗങ്ങളായി മാത്രം കാണുന്ന പതിവാണ് വിമർശിക്കപ്പെടുന്നത്. ഈ പതിവുധാരണ ഇന്നത്തെക്കാലത്തുപോലും സുശക്തമായിത്തുടരുന്നു. കേരളത്തിൽ അതിന് അധീശത്വനിലപോലുമുണ്ട്.

അന്താരാഷ്ട്ര വനിതാദിനാചരണം സർക്കാർവത്കരിക്കപ്പെടുംമുമ്പ് അത് സ്ത്രീകളുടെ യുദ്ധവിരുദ്ധവികാരങ്ങൾ പ്രകടമാക്കാനുള്ള അവസരം കൂടിയായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്ത് ലക്ഷക്കണക്കിനു റഷ്യൻ പടയാളികൾ മരിക്കാനിടയായതിൽ പ്രതിഷേധിച്ചുകൊണ്ട്, റൊട്ടിയും സമാധാനവുമാണ് തങ്ങൾക്കാവശ്യം എന്നു പ്രഖ്യാപിച്ചുകൊണ്ട്, പെട്രോഗ്രാഡ് നഗരത്തിൽ ലക്ഷക്കണക്കിനു സ്ത്രീകൾ തെരുവുകളിലേക്കു പ്രവഹിച്ചു. 1917 ലെ ആദ്യവിപ്ലവം അവരുടേതായിരുന്നു. രാഷ്ട്രീയനേതാക്കന്മാരുടെ ആഹ്വാനങ്ങളെ അവഗണിച്ചുകൊണ്ട് സ്ത്രീകൾ നടത്തിയ ഉപരോധങ്ങളും തെരുവുയുദ്ധങ്ങളുമാണ് റഷ്യൻ വിപ്ലവത്തിൽ അവരുടെ രാഷ്ട്രീയസാന്നിധ്യത്തെ ഉറപ്പിച്ചത്. വനിതാതൊഴിലാളികൾ പ്രകടനമായിച്ചെന്നു മറ്റു തൊഴിൽശാലകളിൽനിന്നു തൊഴിലാളികളെക്കൂട്ടി ഒരു പൊതുപണിമുടക്കിനുള്ള അരങ്ങൊരുക്കി. സ്ത്രീകളുടെ സംഖ്യ അധികമായതുകൊണ്ടുതന്നെ അവരുടെമേൽ ബലം പ്രയോഗിക്കാൻ സൈനികർ മടിച്ചു. യുദ്ധവിരുദ്ധവികാരങ്ങളുടെ 'മാതൃക' കൂടി അന്താരാഷ്ട്ര വനിതാദിനത്തിനുണ്ടെന്ന് എത്രപേർക്കറിയാം?

ആഗോളീകൃത മുതലാളിത്തത്തിന്റെ ഏറ്റവും ഒടുവിലത്തെ കുതിപ്പിൽ വീണ്ടും തൊഴിലാളിസ്ത്രീകളുടെ ഒരു പുതിയ വേലിയേറ്റം ദൃശ്യമായിക്കൊണ്ടിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ആഗോളമൂലധനത്തിനുവേണ്ടി കുറഞ്ഞ കൂലിക്ക്, അധികജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം ലോകം മുഴുവൻ വർധിച്ചുവരുന്നു. കേരളത്തിലും ഈ പ്രതിഭാസത്തിന്റെ പ്രാദേശികവകഭേദം ദൃശ്യമാണ്. 90കളിൽ ആരംഭിച്ച കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റഘട്ടത്തിൽ രൂപം പ്രാപിച്ച പുതിയ വ്യവസായ-കച്ചവട സംരംഭങ്ങളിൽ സേവനമേഖലയിലാണ് അവയിൽ വലിയൊരു പങ്കും - തൊഴിലാളികളായി കൂടുതൽ സ്ത്രീകൾ പ്രവർത്തിച്ചുവരുന്നു. തൊഴിലാളിസംഘടനകളാൽ ഇനിയും ശാക്തീകരിക്കപ്പെട്ടിട്ടില്ലാത്ത ഇവർക്ക് പ്രസക്തമായ രീതിയിൽ അന്താരാഷ്ട്ര വനിതാദിനത്തെ പുനഃസൃഷ്ടിക്കാൻ നമുക്കു കഴിയുമോ? തൊഴിലാളിസംഘടനകളും സ്ത്രീപക്ഷസംഘടനകളും തമ്മിൽ നിലവിലുള്ള അതിർവരമ്പുകൾ മായ്ച്ചുകളഞ്ഞുകൊണ്ടുമാത്രമേ ഇതു സാധ്യമാകൂ. മാത്രമല്ല, സർക്കാരും ഐക്യരാഷ്ട്രസംഘടന പോലുള്ള ആഗോളഭരണവ്യവസ്ഥയും മുകളിൽനിന്ന് സംഘടിപ്പിക്കുന്ന ആഘോഷമെന്ന ഇന്നത്തെ നില മാറുകയും വേണം. സ്ത്രീത്തൊഴിലാളികളുടെയും അന്താരാഷ്ട്രസമാധാനം കാംക്ഷിക്കുന്നവരുടെയും ആഘോഷമായി അതു വീണ്ടും മാറണം. ആ വഴിക്കു ചിന്തിക്കാൻ ആരുണ്ടിവിടെ തയാർ? ■



■ കെ.എ. ബീന

**പരമ്പരാഗതവും വ്യവസ്ഥാപിതവുമായ ചട്ടക്കൂടുകൾക്കപ്പുറത്ത് നിൽക്കുന്ന മാധ്യമപ്രവർത്തനം എന്ന പ്രൊഫഷൻ ഈ രംഗത്തെത്തുന്ന വനിതകൾക്കുണ്ടാക്കുന്ന വെല്ലുവിളികൾ അനവധിയാണ്.**

# വെല്ലുവിളിയാകുന്ന സ്വപ്നങ്ങൾ

പെൺകുട്ടികളെ പത്രപ്രവർത്തനം പഠിപ്പിക്കാൻ വിട്ടതിന്റെ ഫലമാണ്. ഒരാഴ്ചയ്ക്കുള്ളിൽ ഇത് പതിനഞ്ചാം തവണയാണ് കേൾക്കുന്നത്. മടുത്തു.''

-മിനിയുടെ മെസേജ്.

ഞാൻ ഒരുപാട് ആലോചിച്ചു, ഈ പ്രസ്താവനയുടെ പൊരുളൊരിക്കലും എന്റെ മുന്നിൽ അഴിയില്ലെന്ന് ഉറപ്പായപ്പോൾ ചിന്ത നിർത്തി.

എനിക്കു മുന്നിൽ പൊരുളഴിയാത്തത് മറ്റൊന്നുംകൊണ്ടല്ല, തീരെ ചെറുപ്പത്തിലേ 'മകൾ പത്രപ്രവർത്തനം പഠിക്കണം, പത്രപ്രവർത്തകയാകണം' എന്നാഗ്രഹിച്ച, അതുപറഞ്ഞു വളർത്തിയ ഭൂതകാലം സ്വന്തമായിട്ടുള്ളതിനാൽത്തന്നെ. മൂന്നു ദശാബ്ദങ്ങൾക്കു മുമ്പുതന്നെ അതാണ് മകളുടെ വഴി എന്നറിഞ്ഞിരുന്നു മാതാപിതാക്കൾ.

അന്ന് പത്രപ്രവർത്തനകോഴ്സുകളിൽ മരുന്നിനെന്നപോലെ ഒന്നോ രണ്ടോ പെൺകുട്ടികൾ. ഇന്നു മറിച്ചാണ് സ്ഥിതി. എത്രയേറെ പെൺകുട്ടികളാണ്, പത്രപ്രവർത്തനരംഗത്തും പത്രപ്രവർത്തന ക്ലാസുകളിലും പ്രതിഭ തെളിയിക്കുന്നത് പലപ്പോഴും പത്രപ്രവർത്തന ക്ലാസുകളിൽ ആൺകുട്ടികളെക്കാൾ ഏറെയാണ് പെൺകുട്ടികൾ.

ആശാവഹം എന്നാണ് പറയേണ്ടത്. പക്ഷേ പത്രപ്രവർത്തനമേഖലയിലെ സ്ത്രീസാന്നിധ്യം വെളിച്ചത്തിനൊപ്പം ഇരുളിന്റെ കൊള്ളിമീനുകളും പായിക്കുന്നു എന്നതാണ് സമകാലിക അനുഭവം.

മിനിയുടെ മെസേജിനു പിന്നിലെ കഥ പറയാം.

അത്യപൂർവമായ ധിഷണയും വായനാശീലവും ഉറച്ച നിലപാടുകളുമൊക്കെയുള്ള മിനി ഉയർന്ന മാർക്കോടെ പോസ്റ്റ് ഗ്രാജ്വേഷനും പത്രപ്രവർത്തനവും പാസായി. പരിചയപ്പെടുന്നവരൊക്കെ 'ഒരു മിടുക്കിക്കുട്ടി' എന്ന് മിനിയെക്കുറിച്ചു പറഞ്ഞുപോകാതിരിക്കില്ല.

മിനിയെ അടുത്തറിയുന്നവർ ഒരു നല്ല പത്രപ്രവർത്തകയായി അവൾ സ്വയം തെളിയിക്കുമെന്ന് സന്തോഷിച്ചു. എന്നാൽ മിനിയെ ഒട്ടും അറിയാത്തവർ (അവളുടെ വീട്ടുകാർ) അവളുടെ ഭാവി ആദ്യംവന്ന വിവാഹാലോചനയിൽ കുടുക്കാനാണ് തീരുമാനിച്ചത്. മിനി പോലുമറിയാതെ അവളുടെ വിവാഹം തീരുമാനിക്കപ്പെട്ടു; സോഫ്ട്വെയർ എൻജിനീയർതന്നെ വരൻ. ചാറ്റിങ്ങിലൂടെ, ഫോൺവിളികളിലൂടെ വരനെ അറിയുന്തോറും മിനി ഞെട്ടി, പത്രപ്രവർത്തനം എന്താണെന്നുപോലും അറിയാത്ത ഒരാൾ. അറിയുന്തോറും ഉൾക്കൊള്ളാനാവാത്ത ഒരാൾ. ദിവസങ്ങൾ കഴിയു



ന്തോറും പത്രപ്രവർത്തനമോഹങ്ങൾ വ്യാമോഹങ്ങൾ മാത്രമാകുമെന്നവൾക്കുറപ്പായി. ഒരിക്കലും ചേർന്നുപോകാത്ത രണ്ടുപേർക്കിടയിലെ സംഘർഷങ്ങളിലേക്ക് മിനി കൂപ്പുകുത്തിവീണു. മാനസികാഘാതം അവളെ എത്തിച്ചത് സൈക്കാട്രിസ്റ്റിന്റെ മുന്നിൽ. കൗൺസിലിങ്ങും വീട്ടുകാരുടെ ഉപദേശങ്ങൾക്കുമിടയിൽ അവൾ ഞെളിപിരികൊണ്ടു. ഒടുവിൽ ഒരുദിവസം ഭാവിവരനെ വിളിച്ച് അവൾ പറഞ്ഞു.

"എനിക്കീ ബന്ധം പറ്റില്ല."

ഭൂകമ്പങ്ങൾ, സുനാമികൾ – എല്ലാ വിരലുകളും നീണ്ടത് 'പത്രപ്രവർത്തനം' പഠിക്കാൻ വിട്ടതിന്റെ വരുംവരായ്കകളിലേക്ക്. നാട്ടുകാരും വീട്ടുകാരും ഇന്നും മിനിയെ വേട്ടയാടുന്നു. കുറ്റബോധത്തിന്റെ കൂമ്പാരങ്ങൾക്കുള്ളിൽ അവളെ തളച്ചിടുന്നു. എല്ലാം 'പത്രപ്രവർത്തനം' പഠിക്കാൻ പോയതിന്റെ കുഴപ്പമെന്ന് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

മറ്റൊരു കഥയിൽ വിവാഹംകഴിഞ്ഞ്

**കുടുംബജീവിതത്തിനു പ്രാധാന്യം കല്പിക്കുന്ന ഒരു സമൂഹത്തിൽ കടുത്ത സഹനത്തിലൂടെയും പൊരുത്തപ്പെടലിലൂടെയും കടന്നുപോകേണ്ടിവരുന്ന ജീവിത സാഹചര്യങ്ങളാണ് ഈ മേഖലയ്ക്കു നൽകാനുള്ളത്. ഇതൊക്കെ സഹിച്ചും ക്ഷമിച്ചും ഒരു പാട് പെൺകുട്ടികൾ കടന്നുവരുന്നുവെന്നതാണ് സന്തോഷമേകുന്നത്; അവരാണ് പ്രതീക്ഷയേകുന്നത്.**




**മാധ്യമരംഗത്തെ സ്ത്രീകൂട്ടായ്മയായ നെറ്റ്വർക് ഓഫ് വിമൻ ഇൻ മീഡിയയിലെ അംഗങ്ങൾ**

ആരംഭിക്കുന്നു പത്രപ്രവർത്തനം പഠിച്ചതിന്റെ കുഴപ്പങ്ങൾ. ഭർത്താവും പത്രപ്രവർത്തകൻ. ഭാര്യ രാത്രി ജോലിചെയ്യുന്നത്, പുറത്തുപോകുന്നത് ഒന്നും താങ്ങാൻ കഴിയാത്ത ഭർത്താവ് പ്രഖ്യാപിച്ചു.

"നീയിനി ജോലിക്കു പോകണ്ട. ഞാൻ ഉണ്ടാക്കിക്കൊണ്ടു തരുന്നതുകൊണ്ട് വീടു നോക്ക്."

വീട്ടുകാരും നാട്ടുകാരും പിന്നെ സ്വന്തം പ്രണയവുമൊക്കെക്കൂടി പെൺകുട്ടിക്ക് മറ്റു പോംവഴികൾ ഇല്ലാതായി. അവൾ പത്രപ്രവർത്തനം മറന്നു, വീട്ടിലൊതുങ്ങി. ഇടയ്ക്ക് ഉറക്കിക്കിടത്തിയ സ്വപ്നങ്ങൾ ഉണരുമ്പോൾ അവൾ ഫോൺവിളിച്ച് അസ്വസ്ഥത പങ്കുവയ്ക്കും. "എന്നെ എനിക്കെവിടെയോ നഷ്ടപ്പെട്ടുപോയി. ഇതു മറ്റാരോ ആണ്."

മറ്റൊരു പത്രപ്രവർത്തക പതിനാറു മണിക്കൂറോളം നീണ്ടുനിൽക്കുന്ന ഷിഫ്റ്റ് കഴിഞ്ഞ് വീട്ടിലെത്തി മൂന്നുനേരത്തെ ആഹാരം പാകംചെയ്തുവച്ചിട്ടാണ് ഉറങ്ങാൻ കിടക്കുന്നത്. ഉറക്കത്തിന് രണ്ടു മണിക്കൂറിലേറേപ്പോലും കിട്ടുന്നില്ല എന്നു പറയുമ്പോഴും അവൾക്ക് തൃപ്തിയുണ്ട്.

"ഇഷ്ടമുള്ള ജോലിചെയ്യാൻ കഴിയുന്നുണ്ടല്ലോ."

കഥകളിങ്ങനെ ധാരാളം. മാധ്യമരംഗത്തെ സ്ത്രീകൂട്ടായ്മയായ 'നെറ്റ്വർക്ക് ഓഫ് വിമൻ ഇൻ മീഡിയ'യുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോൾ ഓരോ പത്രപ്രവർത്തകയും ഓരോ നിമിഷവും പൊരുതുകയാണ്, സഹിക്കുകയാണ്, അതിജീവിക്കുകയാണ് എന്നൊക്കെ പലപ്പോഴും മനസ്സിലാക്കേണ്ടിവരുന്നു. ഓരോ വട്ടവും പറയേണ്ടിവരാറുമുണ്ട് "ഇങ്ങനെയൊക്കെയേ തത്കാലം ഇവിടെ നിലനിൽക്കാനാവൂ."

പരമ്പരാഗതവും വ്യവസ്ഥാപിതവുമായ ചട്ടക്കൂടുകൾക്കപ്പുറത്തുനിൽക്കുന്ന ഒരു പ്രൊഫഷനാണ് മാധ്യമപ്രവർത്തനം. ശാരീരികമായും മാനസികമായും നിലവിലുള്ള സ്ത്രീസങ്കല്പങ്ങളുമായി തീരെ പൊരുത്തപ്പെടാത്തതുകൊണ്ടുതന്നെയാവണം ഇന്നും പല പെൺകുട്ടികളുടെയും രക്ഷാകർത്താക്കൾ ഈ മേഖല തിരഞ്ഞെടുക്കുന്നതിന് എതിരുനിൽക്കുന്നത്.

കുടുംബജീവിതത്തിനു പ്രാധാന്യം കല്പിക്കുന്ന ഒരു സമൂഹത്തിൽ കടുത്ത സഹനത്തിലൂടെയും പൊരുത്തപ്പെടലിലൂടെയും കടന്നുപോകേണ്ടിവരുന്ന ജീവിത സാഹചര്യങ്ങളാണ് ഈ മേഖലയ്ക്കു നൽകാനുള്ളത്.

ഇതൊക്കെ സഹിച്ചും ക്ഷമിച്ചും ഒരു പാട് പെൺകുട്ടികൾ എന്നിട്ടും കടന്നുവരുന്നുവെന്നതാണ് സന്തോഷമേകുന്നത്. അവരാണ് പ്രതീക്ഷയേകുന്നത്.

വീടും ജോലിയും പൊരുത്തപ്പെടുത്തുന്നതുമാത്രമല്ല അവരനുഭവിക്കുന്ന പ്രതിസന്ധി. നിശ്ചിതവും നിയതവുമായ സ്വഭാവമില്ലാത്ത ഓരോ വാർത്ത തേടുമ്പോഴും ഓരോ മാധ്യമപ്രവർത്തകയും നേരിടുന്നത് അവളുടെ സഹപ്രവർത്തകന് പരിചയമില്ലാത്ത വെല്ലുവിളികളാണ്. സ്ത്രീപുരുഷന്മാർ ഒന്നിച്ചുനടന്നാൽക്കൂടി 'സദാചാരം' മണക്കുന്ന കേരളീയ സമൂഹത്തിനുമുന്നിൽ 'എക്സ്ക്ലൂസീവു'കൾ തേടുന്നത് ദുഷ്ക്കരത്തിൽ ദുഷ്കരമാണ്.

ഇത്തരം പ്രതിസന്ധികളെ നേരിട്ടും പലരും എക്സ്ക്ലൂസീവുകളും ബ്രേക്കിങ് ന്യൂസുകളും കണ്ടെത്തുന്നു. മാധ്യമ അവാർഡുകൾ ധാരാളമായി സ്ത്രീകളെ തേടിയെത്തുന്നു; പല പെൺകുട്ടികളും പ്രഗത്ഭരായ മാധ്യമപ്രവർത്തകരായി വ്യക്തിമുദ്ര പതിപ്പിക്കുന്നു.

സ്ത്രീക്ക് സഹജമായ അതിജീവന തന്ത്രങ്ങളുടെ വിജയമായി ഞാനിതിനെ കണക്കാക്കുന്നു. ഏതു പ്രതിസന്ധിയെയും എതിരിട്ട് മുന്നോട്ടുപോകാനുള്ള സ്ത്രീയുടെ ശേഷി ഈ മേഖലയിലും തെളിയുന്നു. സമൂഹം പണിതുവച്ചിരിക്കുന്ന വാർപ്പുമാതൃകകളെ തകർക്കാൻ കഴിവും നിശ്ചയദാർഢ്യവുമുള്ള പെൺകുട്ടികൾ മാധ്യമരംഗത്തെയും കീഴടക്കുമെന്നാണ് പ്രതീക്ഷ. ഏറെ നാളായി ഈ രംഗത്തു പ്രവർത്തിക്കുന്ന ഞങ്ങളെപ്പോലുള്ളവർ ഉള്ളിലേറ്റുന്ന സ്വപ്നമാണത്. ■

അഡ്വ. രാധിക




ഫോട്ടോ : ജി. ശങ്കരനാരായണൻ

# കുടുംബങ്ങളുടെ കോടതി

**കുടുംബകോടതികളിൽ ഫയൽ ചെയ്യുന്ന കേസുകളുടെ കണക്കെടുത്താൽ മലയാളികളുടെ മാനസികാരോഗ്യം തകരാറിലാണെന്ന വാസ്തവം അംഗീകരിക്കേണ്ടതായി വരും**

ഇന്ത്യ സങ്കീർണതയുടെ നാടാണ്. ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയും പാഴ്സിയും അടങ്ങുന്ന ഇന്ത്യ. പല ഭാഷകൾ സംസാരിക്കുന്ന 121 കോടിയിലധികം ജനങ്ങൾ. വ്യക്തിനിയമങ്ങൾ വിവാഹത്തിനും വിവാഹമോചനത്തിനും ഉപയോഗിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ പങ്കിട്ടു ജീവിക്കുന്നു.

മറ്റു രാജ്യക്കാരെ അപേക്ഷിച്ച് ഇന്ത്യക്കാർ വിവാഹത്തിനും കുടുംബന്ധങ്ങൾക്കും വലിയ പ്രാധാന്യം കൊടുക്കുന്നുവെന്നാണ് വയ്പ്. ഇന്ത്യയിൽ രണ്ടു വ്യക്തികൾതമ്മിലല്ല രണ്ടു കുടുംബങ്ങൾ തമ്മിലാണ് വിവാഹം നടക്കുന്നതെന്നു പറയാറുണ്ട്. അതുകൊണ്ടൊക്കെത്തന്നെയാവും ഇന്ത്യയിൽ ഏറ്റവും ക്രൂരമായ തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നതും വിവാഹത്തിലാണ്. വിവാഹമെന്ന ഏർപ്പാടിന്റെ എക്കാലത്തെയും ഏറ്റവും വലിയ ഇരകൾ സ്ത്രീകളാണെന്ന് പറയാതിരിക്കാൻ പറ്റില്ല.

വിവാഹമെന്ന ഏർപ്പാടിൽനിന്ന് പുറത്തുകടക്കേണ്ടത് അത്യാവശ്യമായി വരുമ്പോഴാണ് ഒരാൾ വിവാഹമോചനത്തെക്കുറിച്ചു ചിന്തിക്കുന്നത്. കുടുംബകോടതിയെക്കുറിച്ചുള്ള ആദ്യചിന്ത വന്നതുതന്നെ വർധിച്ചുവരുന്ന വിവാഹമോചനങ്ങളുടെ ഗ്രാഫ് കണ്ടിട്ടാണ്.

## ഫാമിലിയും കോർട്ടും

ഫാമിലി കോർട്ടിനെ ഫാമിലി, കോർട്ട് എന്നിങ്ങനെ വിഭജിച്ചു നിരത്തുമ്പോഴറിയാം ഇതൊരു സാധാരണകോടതിയല്ലെന്ന്. സാധാരണ കോടതികളുടെ ഹൃദയശൂന്യത ഇവിടെ അനുഭവപ്പെടുന്നില്ല. 1984 ലാണ് ഫാമിലി കോർട്ട് ആക്ട് നിലവിൽവന്നതെങ്കിലും 1992 ലാണ് കേരളത്തിൽ കുടുംബകോടതികൾ പ്രവർത്തിച്ചുതുടങ്ങിയത്. തുടക്കത്തിൽ കേരളത്തിൽ വെറും നാലു കുടുംബകോടതികളാണുണ്ടായിരുന്നത്. ആക്ട് പ്രകാരം 10 ലക്ഷം ജനങ്ങൾ പാർക്കുന്നിടത്ത് ഒരു കോടതി എന്നാണ് കണക്ക്. ഇന്ന് കേരളത്തിൽ 17 കുടുംബകോടതികളുണ്ട്.

കുടുംബകോടതികളുടെ പ്രവർത്തനം സുഗമമായി നടത്താൻ കോടതിയോട് അനുബന്ധിച്ച് ഒരു കൗൺസിലിങ് സെന്ററുണ്ട്. സൈക്കാട്രിസ്റ്റുകളും സൈക്കോളജിസ്റ്റുകളും സാമൂഹികപ്രവർത്തകരും ഉൾപ്പെടുന്നവരാണ് കൗൺസിലർമാർ. ദമ്പതികളെ ഒരുമിച്ചും ഒറ്റയ്ക്കും കൗൺസിലിങ് നടത്താറുണ്ട്.

വിവാഹമോചനത്തിനും വിവാഹം റദ്ദുചെയ്യാനും ജുഡീഷ്യൽ സെപ്പറേഷനും ദമ്പതികളിലൊരാൾ കാരണമില്ലാതെ അകന്നു താമസിക്കുകയാണെങ്കിൽ ആ വ്യക്തിയോട് കൂടെ വന്ന് താമസിക്കാനുമൊക്കെ കുടുംബകോടതിവഴി ആവശ്യപ്പെടാം. കുട്ടികളുടെ കസ്റ്റഡി, ഗാർഡിയൻഷിപ്പ്, കുട്ടികൾക്കും സ്വന്തമായി വരുമാനമില്ലാത്ത ഭാര്യമാർക്കും വൃദ്ധരായ മാതാപിതാക്കൾക്കും വേണ്ടപ്പെട്ടവരിൽനിന്നു സംരക്ഷണച്ചെലവ് എന്നിവ ആവശ്യപ്പെട്ട് കുടുംബകോടതിയെ സമീപിക്കാവുന്നതാണ്. അതുപോലെ ദമ്പതിമാർക്കിടയിലുള്ള സ്വത്തുതർക്കങ്ങൾക്കും കുടുംബകോടതിയ സമീപിക്കാവുന്നതാണ്.

ഒരു കുടുംബകോടതിയിൽ നിലവിലുള്ള കേസ് മറ്റൊരു കുടുംബകോടതിയിലേക്കു മാറ്റാൻ കക്ഷികളിലൊരാൾക്ക് ഹൈക്കോടതിയെ സമീപിക്കാവുന്നതാണ്. അതുപോലെ തന്നെ കുടുംബകോടതിയിലെ കേസുകൾ അനന്തമായി നീളുമെന്ന് തോന്നിയാൽ പെട്ടെന്ന് തീർപ്പുകൽപ്പിക്കാനുള്ള ഉത്തരവ് തരാനും ഹൈക്കോടതിക്കു കഴിയും. ഹിന്ദുസമുദായത്തിൽ ജനിച്ച ഒരാൾക്ക് വിവാഹമോചനത്തിന് ഹിന്ദു മാര്യേജ് ആക്ടും ക്രിസ്ത്യൻ സമുദായത്തിൽ ജനിച്ച ഒരാൾക്ക് ഇന്ത്യൻ ഡിവോഴ്സ് ആക്ടുമാണ് വിവാഹമോചനത്തിനുവേണ്ടി ഉപയോഗിക്കുന്നത്. മുസ്ലിം സ്ത്രീകൾ ഭർത്താവിൽനിന്നും വിവാഹമോചനത്തിനായി കുടുംബകോടതിയിൽ എത്തുന്നു. ഹിന്ദു ക്രിസ്ത്യൻ വിവാഹനിയമങ്ങളിൽ ദമ്പതികൾക്ക് ഒരുമിച്ചുള്ള വിവാഹമോചന ഹർജി സമർപ്പിക്കാവുന്നതാണ്. ആറു മാസത്തെ കാലയളവിനു ശേഷം കൗൺസിലിങ് നടത്തി ദമ്പതികൾക്ക് വിവാഹമോ

ചനം നൽകുന്നു. യോജിച്ചുകൊണ്ടുള്ള വിവാഹമോചന ഹർജിയുടെ ഏറ്റവും വലിയ പ്ലസ് പോയിന്റ് അവിടെയാതൊരുവിധ ആരോപണങ്ങൾക്കും പ്രസക്തിയില്ല എന്നതാണ്. ദമ്പതികൾക്കിടയിലുള്ള എല്ലാ കൊടുക്കൽ വാങ്ങലുകളും യോജിച്ചുള്ള വിവാഹമോചന ഹർജിക്കു മുമ്പ് തീർക്കേണ്ടതുമാണ്.

ഫാമിലി കോർട്ട് ആക്ടിലെ സെക്ഷൻ 19 കുടുംബകോടതിയുടെ അധികാരപരിധിയെക്കുറിച്ചാണ് പറയുന്നത്. വിവാഹം നടന്ന സ്ഥലം, ദമ്പതികളിലൊരാൾ താമസിച്ചിരുന്ന ഇടം, ദമ്പതികൾ വിവാഹജീവിതത്തിൽ ഏറ്റവും അവസാനം ഒരുമിച്ചു താമസിച്ച ഇടം എന്നിവിടങ്ങളിൽ എവിടെയെങ്കിലുമുള്ള കുടുംബകോടതിയിൽ ഭാര്യയ്ക്കോ ഭർത്താവിനോ ഹർജി കൊടുക്കാവുന്നതാണ്. ഹിന്ദു മാര്യേജ് ആക്ടിലെ സെക്ഷൻ 24 പ്രകാരം ഹിന്ദുസമുദായത്തിൽ ജനിച്ച ഭാര്യയ്ക്ക് ഭർത്താവിൽനിന്നു സംരക്ഷണച്ചെലവ് ആവശ്യപ്പെടാം. ഭർത്താവിന്റെ വരുമാനം, അദ്ദേഹത്തിനു സമൂഹത്തിലുള്ള സ്ഥാനം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് ജീവനാംശത്തുക നിർണയിക്കുന്നത്. മറ്റു സമുദായക്കാർക്ക് ക്രിമിനൽ പ്രൊസീഡിയർ കോഡിലെ സെക്ഷൻ 125 പ്രകാരം അർഹതപ്പെട്ടവരിൽനിന്നും സംരക്ഷണച്ചെലവ് ആവശ്യപ്പെടാം. അതുപോലെതന്നെ വിവാഹമോചനം നേടിയ സ്ത്രീ പുനർവിവാഹം ചെയ്യുന്നതുവരെ ഭർത്താവിൽനിന്നും സംരക്ഷണച്ചെലവിന് അവശ്യപ്പെടാം. ആൺകുട്ടികൾക്ക് 18 വയസ് തികയുന്നതുവരെയും പെൺകുട്ടികൾക്ക് വിവാഹംവരെയും അച്ഛനിൽനിന്ന് സംരക്ഷണ ച്ചെലവ് ആവശ്യപ്പെടാം. ക്രിമിനൽ പ്രൊസീഡിയർ കോഡിലെ സെക്ഷൻ 125 പ്രകാരമുള്ള സംരക്ഷണച്ചെലവിന്റെ ഉത്തരവ് അനുസരിക്കാത്തവരെ അറസ്റ്റുചെയ്ത് ജയിലിൽ പാർപ്പിക്കാനും കുടുംബകോടതിക്ക് ഉത്തരവിടാം.

അതുപോലെതന്നെ സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് സംരക്ഷണച്ചെലവ് കൂട്ടിച്ചോദിക്കാനും ഹർജിക്കാർക്ക് കഴിയും. വയസ്സായ അപ്പനെയും അമ്മയെയും നിസ്സാരമായി കണക്കാക്കുന്ന പതിവ് പുതിയ മലയാളികൾക്കിടയിൽ കൂടുതലാണ്. മക്കളിൽനിന്നു സംരക്ഷണച്ചെലവ് ആവശ്യപ്പെടാൻ കുടുംബകോടതിയിൽ എത്തുന്ന വൃദ്ധമാതാപിതാക്കൾ മാറിയ കേരളത്തിന്റെ മുഖമാണ് കാണിക്കുന്നത്. സംരക്ഷണച്ചെലവ് ആവശ്യപ്പെടുന്നവർ സ്വയം സംരക്ഷിക്കാൻ പ്രാപ്തിയുള്ളവരാകാൻ പാടില്ല.

വിവാഹമോചനത്തിനായി കുടുംബകോടതിയിലെത്തുന്നവർ നിർബന്ധമായും കൗൺസിലിങ്ങിന് ഹാജരാകണം. കൗൺസിലർ തയാറാക്കുന്ന റിപ്പോർട്ട് നേരിട്ട് കോടതിക്കു കൈമാറുന്നതാണ്. കൗൺസിലറുടെ റിപ്പോർട്ട് തീർത്തും രഹസ്യസ്വഭാവമുള്ളതാണ്. വിവാഹമോചനത്തിനു പുറമേ വിവാഹസമയത്ത് വധുവിന് ലഭിച്ച ആഭരണങ്ങൾ ഭർത്താവോ അയാളുടെ വീട്ടുകാരോ ദുരുപയോഗം ചെയ്താൽ അത് തിരികെ കിട്ടാൻ കുടുംബകോടതിയിൽ ഹർജി നൽകാവുന്നതാണ്. 50% കേസുകളിലും ആഭരണം തന്നെയാണ് പ്രശ്നമുണ്ടാക്കുന്നത്. വിവാഹം കഴിഞ്ഞ് അധികം താമസിയാതെതന്നെ ഭാര്യയുടെ സ്വർണാഭരണങ്ങളെടുത്തു വിൽക്കുന്ന ഭർത്താവും അയാളുടെ വീട്ടുകാരും കേരളത്തിലെ ഒരു പതിവുകാഴ്ചയാണ്.

നഷ്ടപ്പെട്ട സ്വർണാഭരണങ്ങൾ തിരിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് പെൺകുട്ടികൾ കുടുംബകോടതിയിലെത്തുമ്പോളാണ് യാഥാർഥപ്രശ്നം തുടങ്ങുന്നത്. തനിക്ക് വിവാഹത്തിനു തന്ന സ്വർണാഭരണങ്ങൾ എത്രയുണ്ടെന്നതുൾപ്പെടെ അത് ഭർത്താവും അയാളുടെ വീട്ടുകാരും ദുരുപയോഗംചെയ്തുവെന്നതിനുവരെ ശക്തമായ തെളിവുകൾ കോടതി ആവശ്യപ്പെടുന്നു. ഓരോ സ്വർണാഭരണത്തിന്റെയും ബില്ല് സൂക്ഷിച്ചുവച്ചിട്ടില്ലെങ്കിൽ അത് കൂടുതൽ വിനയാകുന്നു. നികുതിവെട്ടിപ്പു നടത്താൻവേണ്ടി ആഭരണത്തിന്റെ ബില്ല് വേണ്ടെന്നുവയ്ക്കുന്ന മലയാളി വിയർക്കുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്.

തെളിവുകൾ ഒരുപാട് നിർബന്ധിക്കാൻ പറ്റാത്ത ചില സാഹചര്യങ്ങളുണ്ട്. ഉദാഹരണമായി ഭർത്താവ് മാനസികമായി പീഡിപ്പിക്കുന്നു എന്നതാണ് ഭാര്യയുടെ കേസ്, പക്ഷേ മാനസികപീഡനം തെളിയിക്കുന്നതിനുവേണ്ട സാക്ഷികളെ കിട്ടാൻ പ്രയാസമായിരിക്കും. ഇത്തരം സാഹചര്യങ്ങളിൽ ഹർജിക്കാരിയുടെ വിശദമായ മൊഴി ഏറെ പ്രാധാന്യത്തോടെ കോടതി കണക്കാക്കുന്നു.

കുട്ടികളുടെ കസ്റ്റഡി കേസുകളിലാണെങ്കിലും കുട്ടികളുടെ ക്ഷേമമാണ് പരമപ്രധാനമായി കണക്കാക്കുന്നത്. ഏഴു വയസ് പ്രായം കഴിഞ്ഞാൽ കുട്ടിയുടെ ഇഷ്ടത്തിനു കോടതി പ്രാധാന്യം നല്കുന്നു. കുടുംബകോടതിയുടെ വരവോടുകൂടിയാണ് കേരളത്തിൽ കുടുംബങ്ങൾ തകരാൻ തുടങ്ങിയതെന്ന ഒരാക്ഷേപം പൊതുവേയുണ്ട്. ഒന്നറിയുക സ്വന്തം കുടുംബം തകരാൻ ആരും ആഗ്രഹിക്കുന്നില്ല. സാഹചര്യങ്ങൾ എതിരുനിൽക്കുമ്പോൾ മുന്നോട്ടു യാത്ര ദുർഘടമാണെന്നറിയുമ്പോൾ പിരിയുകയല്ലാതെ മറ്റെന്താണ് മാർഗം.

## സ്ഥലസൗകര്യമില്ല

കേരളത്തിലെ ഒട്ടുമിക്ക കുടുംബകോടതികൾക്കും വേണ്ടത്ര സ്ഥലസൗകര്യമില്ല. ഏപ്രിൽ - മെയ് മാസങ്ങളിൽ കുടുംബകോടതി കുട്ടികളെക്കൊണ്ട് നിറഞ്ഞിരിക്കും. കുടുസ്സുമുറിയിൽ ശ്വാസംമുട്ടി വിയർത്ത് തങ്ങളുടെ ഊഴവും കാത്തുനിൽക്കുന്ന കുഞ്ഞുങ്ങളോട് നമ്മൾ മുതിർന്നവർ വലിയ തെറ്റാണ് ചെയ്യുന്നത്. ബാത്തുറൂമോ ഭക്ഷണശാലകളോ ഒന്നുമില്ലാത്ത കുടുംബകോടതികളാണ് അധികവും. കുടുംബകോടതിയിൽ കേസ് നടത്തുന്നതിനെക്കാൾ വലിയ ശിക്ഷയായിരിക്കും ഈ കാത്തിരിപ്പ്. വർഷങ്ങളോളം നീണ്ടുപോകുന്ന കാത്തിരിപ്പാണ് കുടുംബകോടതിയിൽ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കുടുംബകോടതിയുടെ കേസുകൾ കൈകാര്യം ചെയ്യാൻ മാത്രമുള്ള അദാലത്തിന്റെ സേവനം കുറച്ചുകൂടി വിപുലപ്പെടുത്തണം. ഈ അടുത്തകാലത്തുണ്ടായ സ്വാഗതാർഹമായ ഒരു മാറ്റം വാദിയുടെ സാമീപ്യമില്ലാതെതന്നെ കുടുംബകോടതിയിൽ കേസുകൾ ഫയൽ ചെയ്യാം എന്നതാണ്. കുടുംബകോടതിയുടെ നടപടിക്രമങ്ങൾ കുറച്ചുകൂടി ലളിതവും സുതാര്യവും ആക്കണം.

കുടുംബകോടതിയുടെ കൗൺസിലിങ് പലപ്പോഴും ഒരു വഴിപാട് കൗൺസിലിങ്ങായി മാറുന്നുണ്ട്. വിദഗ്ധരായ കൗൺസിലർമാരുടെ സേവനം കേരളത്തിലെ ഓരോ കുടുംബകോടതിയും ആവശ്യപ്പെടുന്നു.

കുട്ടികളുടെ കസ്റ്റഡി കേസുകളിൽ ഏതു വീട്ടിലെ അന്തരീക്ഷമാണ് കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കു നല്ലതെന്ന് കോടതി സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്. ഇതിന് കോടതിക്ക് കൗൺസിലർമാരുടെ സഹായം തേടാവുന്നതാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള യുദ്ധത്തിൽ ബലിയാടാവുന്നത് നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളാണ്. അതിഭാവുകത്വം നിറഞ്ഞ പലകോടതി രംഗങ്ങളും നമ്മൾ സിനിമയിൽ കണ്ടിട്ടുണ്ട്. കുഞ്ഞുങ്ങളുടെ കസ്റ്റഡിക്കുവേണ്ടി ഫാമിലികോടതിയിൽ നടത്തുന്ന കേസുകളിൽ പലപ്പോഴും പലതരത്തിലുള്ള വൈകാരികനാടകങ്ങൾ ഉണ്ടാകാറുണ്ട്.

ഓരോ വർഷം കഴിയുന്തോറും കുടുംബകോടതിയിൽ ഫയൽചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ ഗ്രാഫ് കുത്തനെ ഉയരുകയാണ്. 2011 ൽ എറണാകുളം കുടുംബകോടതിയിൽ മാത്രമായി 1000 ൽ അധികം വിവാഹമോചന കേസുകൾ ഫയൽ ചെയ്തു. ജീവനാംശത്തിനും കുഞ്ഞുങ്ങളുടെ കസ്റ്റഡിക്കുംവേണ്ടി ഫയൽ ചെയ്ത കേസുകളുടെ എണ്ണം ഇതിലും എത്രയോ കൂടുതലാണ്. കണക്കെടുപ്പു നടത്തിയാൽ മലയാളിയുടെ മാനസികാരോഗ്യം തകരാറിലാണെന്ന വാസ്തവം നമ്മൾ അംഗീകരിക്കേണ്ടതായിവരും. ഇടത്തരക്കാർ ആയ ആളുകളാണ് കുടുംബകോടതിയിൽ കേസുമായി എത്തുന്നവരിൽ അധികവും. കേരളത്തിലെ വടക്കൻ ജില്ലകളെ അപേക്ഷിച്ച് തെക്കൻ ജില്ലകളിലാണ് വിവാഹമോചനങ്ങൾ കൂടുതലായി നടക്കുന്നത്. മറ്റു വികസിത വിദേശരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലെ കുടുംബകോടതികളുടെ പ്രവർത്തനം സങ്കീർണവും കാലതാമസമുണ്ടാക്കുന്നതുമാണ്. ഇതിനൊരു മാറ്റം വന്നില്ലെങ്കിൽ കുടുംബകോടതിക്കു മുമ്പിലുള്ള മലയാളിയുടെ അനന്തമായ കാത്തിരിപ്പിന് ഒരു അവസാനവും ഉണ്ടാകില്ല. ■

■ എൻ. ശ്രീജ

# മാധ്യമരംഗത്തെ ഫീ-മെയിൽ പ്രശ്നങ്ങൾ

**പെൺകുട്ടികൾക്കുമാത്രമുള്ള ശാരീരിക-മാനസികപ്രശ്നങ്ങൾ സ്ത്രീസൗഹൃദമല്ലാത്ത ഓഫീസ് അന്തരീക്ഷത്തിൽ പറയാൻപോലുമാകില്ല**

മാധ്യമപ്രവർത്തനത്തിനെന്നും ഒരു മാസ്മരികതയുണ്ട്. ആ മാസ്മരികത തന്നെയാണ് കൂടുതൽ കൂടുതൽ ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്. ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവോടെ മാധ്യമമേഖലയിലേക്കു കടന്നുവരുന്ന പെൺകുട്ടികളുടെ എണ്ണത്തിലും കാര്യമായ വർധനയുണ്ടായി. 80 കളുടെ തുടക്കത്തിൽ സർവകലാശാലകളിൽ മാത്രമുണ്ടായിരുന്ന ജേണലിസം കോഴ്സുകൾ പഠിക്കാൻ ഒന്നോ രണ്ടോ പെൺകുട്ടികളാണുണ്ടായിരുന്നതെങ്കിൽ 2000 തൊട്ട് മിക്കയിടത്തും ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ പഠിക്കാനെത്തി. എന്നാൽ പഠിച്ചിറങ്ങി മാധ്യമപ്രവർത്തനത്തിലേക്കു കടന്നുവന്ന എത്രപേർ ഈ മേഖലയിൽ സജീവമാണെന്ന ചോദ്യം ഇവിടെ പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികളിലേക്കാണ് വിരൽചൂണ്ടുന്നത്.

കുടുംബവും ജോലിയും ഒന്നിച്ചുകൊണ്ടുപോവുക എന്നതു തന്നെയാണ് ഒരു മാധ്യമപ്രവർത്തകയെ സംബന്ധിച്ച ഏറ്റവും ദുഷ്കരമായ കാര്യം. കുടുംബത്തിന്റെ ശക്തമായ പിന്തുണയില്ലെങ്കിൽ ഒരിഞ്ചുപോലും മുന്നോട്ടുപോകാനാവില്ലെന്നതാണ് വാസ്തവം. വിവാഹശേഷം സിനിമയിൽനിന്ന് നായികമാർ പിന്മാറുന്നതുപോലെ നിരവധി യുവമാധ്യമപ്രവർത്തകർ ഈ മേഖല വിട്ടിട്ടുണ്ട്. ഒന്നുകിൽ നല്ല വീട്ടമ്മയായി, അല്ലെങ്കിൽ കുടുംബത്തെ ബാധിക്കാത്ത 10-5 സമയത്തിൽ ജോലിയെടുക്കുന്നവരായി അവർ ഇന്നുകഴിയുന്നു. എന്തുകൊണ്ട് വിവാഹശേഷം ഇവരിൽ പലരും മാധ്യമപ്രവർത്തനം ഉപേക്ഷിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്.

സർവസമയവും ജാഗ്രതപുലർത്തേണ്ട ഒരു മേഖലയാണ് മാധ്യമപ്രവർത്തനം. വാർത്തകൾ എവിടെ, എപ്പോൾ വേണമെങ്കിലും സംഭവിക്കാം. സംഭവസ്ഥലത്തു നേരിട്ടുപോയോ അല്ലാതെയോ വാർത്ത ശേഖരിച്ച് എത്രയുംവേഗം സ്വന്തം സ്ഥാപനത്തിലെത്തിക്കുകയെന്നത് ഒരു വെല്ലുവിളിയാണ്. ഇത് റിപ്പോർട്ടിങ്ങിലെ കാര്യം. ഇനി ന്യൂസ് ഡസ്കിലാണെങ്കിൽ പുലർച്ചയെന്നോ പാതിരാത്രിയെന്നോ ഭേദമില്ലാതെയുള്ള ഷിഫ്റ്റുകൾ മനസ്സിലാക്കാൻ ഭർത്താവിനും വീട്ടുകാർക്കും വലിയ മനസ്സുതന്നെവേണം.





സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നവരല്ലാത്ത മാധ്യമപ്രവർത്തകരായ പെൺകുട്ടികൾക്ക് വിവാഹമാർക്കറ്റിൽ വലിയ ഡിമാൻഡില്ലെന്നത് മറ്റൊരു സത്യം.

രാവിലെ മുതൽ രാത്രിവരെ നീളുന്ന ശാരീരിക-മാനസികവ്യായാമങ്ങൾക്കൊടുവിൽ മാധ്യമപ്രവർത്തകൻ കൂട്ടായ്മകളുടെ, ആഘോഷങ്ങളുടെ ലോകത്തേക്കാണ് പോകുന്നത്. പ്രസ്ക്ലബോ, ഹോട്ടലോ അങ്ങനെ എവിടെയെങ്കിലുമാകാം ആ കൂട്ടായ്മ. എന്നാൽ വീട്ടിലും അടുക്കളയിലുമായി തന്നെ കാത്തിരിക്കുന്ന ജോലികളുടെ വലിയ ലോകത്തേക്കാണ് മാധ്യമപ്രവർത്തക കടന്നുചെല്ലുന്നത്.

എത്ര സ്വാതന്ത്ര്യവും സോഷ്യലിസവും ഉണ്ടെന്നുപറഞ്ഞാലും കൂട്ടായ്മകൾ പെൺമാധ്യമപ്രവർത്തകർക്ക് പലപ്പോഴും അന്യമാണ്. പ്രസ് ക്ലബുകൾ പുരുഷന്മാർക്കുവേണ്ടിയുള്ളതാണെന്ന മിഥ്യാധാരണ എങ്ങനെയോ അവർക്കിടയിലുണ്ട്. അംഗത്വമുണ്ടെങ്കിലും വാർഷികദിനത്തിലെ പങ്കാളിത്തത്തിലോ ഓണത്തിനും ക്രിസ്തുമസിനും ലഭിക്കുന്ന സമ്മാനപ്പൊതികളിലോ അത് അവസാനിക്കുന്നു. താത്പര്യമില്ലാഞ്ഞിട്ടല്ല, അതല്ലാത്ത കൂട്ടായ്മകളിൽ ജോലിസമയത്തോ അതുകഴിഞ്ഞോ പങ്കെടുക്കുന്നത് അത്ര എളുപ്പമല്ല. സജീവമായി പങ്കെടുക്കുന്നവരുമുണ്ട്. അവരുടെ വീട്ടിൽ ഒന്നുകിൽ മുഴുവൻ സമയ ജോലിക്കാരുണ്ടാകും, അല്ലെങ്കിൽ വീട്ടുകാര്യങ്ങൾ നോക്കാൻ അച്ഛനമ്മമാരും വീട്ടിലുണ്ടാകും. ഇതൊന്നുമല്ലെങ്കിൽ അവിവാഹിതരോ വിവാഹമോചിതരോ ആയിരിക്കും.

മാധ്യമപ്രവർത്തകർ പൊതുവെ നേരിടുന്ന വെല്ലുവിളി പുതിയ വാർത്തകൾ കൊണ്ടുവരുകയെന്നതാണ്. അവിടെയുമുണ്ട് ആൺ-പെൺഭേദം. വാർത്ത തരുന്നയാൾക്ക് അതു മറ്റൊരാളും അറിയരുതെന്ന് നിർബന്ധം. കാലം മോശമായതിനാൽ ഫോണിലൂടെ പറയാൻ ആശങ്ക. എവിടെവച്ചു കാണും? ഓഫീസിലെ റിസപ്ഷനിൽ വരാമോയെന്നായിരിക്കും മാധ്യമപ്രവർത്തകയുടെ ചോദ്യം. അതൊരു പുരുഷനാണെങ്കിൽ ഓഫീസിൽനിന്നിറങ്ങിയശേഷം ഏതെങ്കിലും റസ്റ്റോറന്റിൽ, അല്ലെങ്കിൽ വൈകിട്ടൊന്നിരിക്കണം എന്നു പറഞ്ഞ് ഒരു മദ്യഗ്ലാസിന്റെ പശ്ചാത്തലത്തിൽ കണ്ടുമുട്ടും.

ഈ പെൺകുട്ടി കുറേനാളായി വിളിക്കുന്നു, ഇവൾക്കൊരു വാർത്ത കൊടുത്തേക്കാം എന്ന സഹതാപമോ അനുതാപമോ ആണ് ആദ്യമായി ഒരു മാധ്യമപ്രവർത്തയ്ക്ക് വാർത്ത നൽകാൻ ഒരു സോഴ്സിനെ പ്രേരിപ്പിക്കുന്നത്. അഭിമാനത്തോടെ പറയട്ടെ അടുത്തതവണ അയാൾ വാർത്തനല്കുന്നതിന്റെ മാനദണ്ഡം അവളുടെ കഴിവുതന്നെയായിരിക്കും.

> സഹതാപമോ അനുതാപമോ ആണ് ആദ്യമായി ഒരു മാധ്യമ പ്രവർത്തയ്ക്ക് വാർത്ത നൽകാൻ ഒരു സോഴ്സിനെ പ്രേരിപ്പിക്കുന്നത്. അഭിമാനത്തോടെ പറയട്ടെ, അടുത്തതവണ അയാൾ വാർത്ത നൽകുന്നതിന്റെ മാനദണ്ഡം അവരുടെ കഴിവുതന്നെയായിരിക്കും.

ഈ ലേഖനമെഴുതുംമുമ്പ് ഒരു സഹപ്രവർത്തകയോടു സംസാരിച്ചപ്പോൾ പറഞ്ഞ ഒരനുഭവമാണ് മറ്റൊരു പ്രധാന വെല്ലുവിളി. രാവിലെ പത്തരയോടെ സംഭവിച്ച ഒരു ദുരന്തം. മണ്ണിടിഞ്ഞുവീണ് അഞ്ചോ ആറോ തൊഴിലാളികൾ അകത്തുപെട്ടുപോയി. ഒറ്റപ്പെട്ട സ്ഥലം. രക്ഷാപ്രവർത്തനം പിറ്റേന്നു പുലർച്ചെ വരെ നീണ്ടു. ഈ സമയമത്രയും ഒന്നു മൂത്രമൊഴിക്കാൻപോലുമാകാതെയായിരുന്നു അവളുടെ സേവനം. പെൺകുട്ടികൾക്കു മാത്രമുള്ള മാനസിക-ശാരീരികപ്രശ്നങ്ങൾ സ്ത്രീസൗഹൃദമല്ലാത്ത ഓഫീസ് അന്തരീക്ഷത്തിൽ തുറന്നുപറയാൻപോലുമാവില്ലെന്നതാണ് സത്യം.

ഏതു ശാരീരികാവസ്ഥയിലാണെങ്കിലും പുരുഷനൊപ്പം ജോലിചെയ്യാൻ, മാധ്യമപ്രവർത്തനം സ്വന്തമായി തിരഞ്ഞെടുത്ത നിലയ്ക്ക് ഒരു സ്ത്രീ തയാറാണ്. എന്നാൽ ലൈവ് അപ്പിയറൻസ് കൊടുക്കുന്നതിനിടെ പിറകിൽനിന്നു തോണ്ടുന്നവനെ, കയറിപ്പിടിച്ച് മറയുന്നവനെ എങ്ങനെ നേരിടണമെന്നത് ഒരു കുഴയ്ക്കുന്ന ചോദ്യമാണ്. ക്യാമറയ്ക്കു മുന്നിൽ നിൽക്കുമ്പോൾ സൈഡിൽനിന്ന് മൊബൈലിൽ ഫോട്ടോയെടുക്കുന്നവനെ എതിർത്താൽ എല്ലാവരും കാണുന്നതല്ലേ പിന്നെ ഞാനൊരു ഫോട്ടോയെടുത്താൽ എന്താണ് കുഴപ്പമെന്നാണ് മറുചോദ്യം. ഇതൊക്കെപ്പറയുമ്പോഴും തളരുമ്പോൾ കുടിക്കാൻ വെള്ളം തന്ന, അക്രമാസക്തരായ ആൾക്കൂട്ടത്തിനിടയിൽ നിന്നും പുറത്തുകടക്കാൻ സഹായിച്ച പുരുഷമുഖങ്ങളെ മറന്നിട്ടില്ല.

ഒരു പെൺകുട്ടിയെ മാനസികമായി തകർക്കാൻകഴിയുന്ന ആയുധം മാധ്യമ മേഖലയിലും സജീവമാണ് - അപവാദപ്രചരണം. ആയുധം ഉപയോഗിക്കുന്ന സാഹചര്യങ്ങളെ താഴെപ്പറയുംവിധം നിരത്താം.

- സഹപ്രവർത്തകയ്ക്ക് കൂടുതൽ പരിഗണന ലഭിക്കുന്നു.

- സ്ഥാപനമേധാവി അവൾക്കു കൂടുതൽ അവസരം നല്കുന്നു.

- കൂടുതൽ ആനുകൂല്യങ്ങൾ അവൾക്കു ലഭിക്കുന്നു.

ഇതിൽ ഒന്നോ രണ്ടോ ഘടകങ്ങൾ ഒന്നിച്ചുവന്നാൽ ഉടൻ ആ മാധ്യമപ്രവർത്തകയ്ക്കെതിരെ സ്ഥാപനത്തിനകത്ത് കഥകൾ ഉടലെടുക്കുകയും അതു കാട്ടുതീപോലെ മറ്റു മാധ്യമസ്ഥാപനങ്ങളിലേക്ക് പ്രചരിക്കുകയും ചെയ്യുമെന്നതിന് കേരളത്തിലെ സ്ത്രീമാധ്യമസമൂഹം സാക്ഷ്യം പറയും.

ഇത്രയും വായിച്ച് മാധ്യമമേഖലയെപ്പറ്റി മോശം എന്നു കരുതും മുമ്പ് ചില കാര്യങ്ങൾകൂടി പറയട്ടെ. ഇവിടെ ഞങ്ങൾക്കു കിട്ടുന്ന സംതൃപ്തിക്കു പകരം വയ്ക്കാൻ മറ്റൊന്നിനുമാകില്ല. സ്വന്തം സുരക്ഷിതത്വം പോലും അവഗണിച്ച് ഞങ്ങളെ സംരക്ഷിക്കുന്ന സഹപ്രവർത്തകരും ഇവിടെയുണ്ട്. ഒരു സ്ത്രീയെന്നതുകൊണ്ടുമാത്രം യാതൊരു വിവേചനവും നേരിടുന്നുമില്ല. പിന്നെ മുമ്പു പറഞ്ഞതെല്ലാം നിലവിലെ സാമൂഹികാന്തരീക്ഷത്തിൽ നേരിടുന്ന ചില ബുദ്ധിമുട്ടുകൾ മാത്രം.

മെഡിസിനും എൻജിനീയറിങ്ങിനും മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി കുട്ടികൾ എത്തുന്നുവെങ്കിൽ ജേണലിസം പഠിക്കാൻ വീട്ടുകാരുടെ പൂർണ പിന്തുണയോടെയെത്തുന്ന പെൺകുട്ടികളുടെ എണ്ണം വളരെക്കുറവാണ്. അതുകൊണ്ടുതന്നെ മാധ്യപ്രവർത്തനം എന്ന വലിയ സ്വപ്നം പിന്തുടർന്ന് ഇത്രയും ദൂരമെത്തിയ ഞങ്ങളെ പിന്തിരിപ്പിക്കാൻ മുകളിൽപ്പറഞ്ഞ പ്രതിസന്ധികൾക്കാവില്ല.

ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സഹപ്രവർത്തകരുടെ പിന്തുണയിൽ, വിശ്വസിക്കുന്ന ജനങ്ങളുടെ പ്രേരണയിൽ, ഇനിയും ഒരുപാടുദൂരം പോകാനുണ്ട് ഞങ്ങൾ പെൺമാധ്യമപ്രവർത്തകർക്ക്. ■



അഡ്വ. നിഷി എസ്.

# സ്ത്രീകളുടെ സ്വന്തം കമ്മിഷൻ



ഫോട്ടോ : ജി. ശങ്കരനാരായണൻ

**കേരളത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനും സ്ത്രീകളെ ബാധിക്കുന്ന നീതിരഹിതമായ നടപടികൾ അന്വേഷിക്കുന്നതിനും 1990 ലാണ് കേരള വനിതാ കമ്മിഷൻ രൂപംകൊണ്ടത്. കമ്മിഷന്റെ ചുമതലകൾ, പ്രവർത്തനങ്ങൾ, ലഭ്യമാവുന്ന സേവനങ്ങൾ എന്നിവ...**

സ്ത്രീകൾക്കെതിരെയുള്ള നീതിരഹിതമായ ഏതൊരു നടപടിയെയും കുറിച്ച് അന്വേഷിക്കുകയും ആവശ്യം വന്നാൽ കമ്മിഷൻ ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തി അതിന്മേൽ കമ്മിഷൻ അംഗങ്ങൾ ഒന്നിച്ചുകൂടി തീരുമാനമെടുത്ത് സർക്കാരിന്, നിയമ നടപടി സ്വീകരിക്കാൻ ശുപാർശചെയ്യുക; നിലവിലുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നതിന് അപാകതകൾ ഉണ്ടാകുന്നപക്ഷം അത് സർക്കാരിലേക്കു ചൂണ്ടിക്കാണിച്ച് അതിനെ നേരിടുന്നതിന് സ്വീകരിക്കേണ്ട മാർഗങ്ങളെസംബന്ധിച്ച് റിപ്പോർട്ട് നല്കുക; പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റും നടത്തുന്ന നിയമനങ്ങളിലും പ്രമോഷനുകളിലും സ്ത്രീകൾക്ക് തുല്യനീതി കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അല്ലാത്തപക്ഷം അത് സർക്കാരിന് റിപ്പോർട്ട് ചെയ്തു പരിഹാരമാർഗങ്ങൾ നിർദേശിക്കുക; ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, ലോക്കപ്പുകൾ, ഷെൽറ്റർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കുനേരെ നടക്കുന്ന നീതിരഹിതമായ പ്രവൃത്തികളെക്കുറിച്ച് പരാതി ലഭിക്കുന്നപക്ഷം കമ്മിഷൻ ഡയറക്ടർ അന്വേഷിച്ച് റിപ്പോർട്ടു നൽകുക; സ്ത്രീകളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്നു കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളോട് അച്ചടക്കനടപടി സ്വീകരിക്കാൻ ശുപാർശചെയ്യുക; ഇതിനെല്ലാം പുറമേ സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക അവസ്ഥയെക്കുറിച്ചു താരതമ്യപഠനം നടത്തി അവ മെച്ചപ്പെടുത്തുന്നതിനു സ്വീകരിക്കേണ്ട പരിപാടികളെക്കുറിച്ചു സർക്കാരിന് ശുപാർശ ചെയ്യുക എന്നിവയാണ് വനിതാകമ്മിഷന്റെ ചുമതലകൾ. ഇപ്രകാരം കമ്മിഷൻ, പഠിച്ച് റിപ്പോർട്ടുചെയ്യുന്ന ശുപാർശകൾ, നിയമസഭ മുമ്പാകെ വച്ച് ചർച്ചചെയ്ത് തക്കതായ നടപടി എടുക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

മുതിർന്നവർക്കുവേണ്ടി സാമൂഹികവിപത്തുകളെ സംബന്ധിച്ചുള്ള സെമിനാറുകൾ, ക്യാമ്പുകൾ എന്നിവ കമ്മിഷൻ വർഷത്തിലുടനീളം നടത്തുന്നു. സ്ത്രീകൾ അവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങളായ ഗാർഹികപീഡനത്തിൽ നിന്നു സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, സ്ത്രീധനനിരോധന നിയമം, സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നതു തടയുന്ന നിയമം എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസും ചർച്ചകളും സംഘടിപ്പിക്കുക, ഇവയെല്ലാം കമ്മിഷന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

കൂടാതെ കലാലയജ്യോതി എന്ന പേരിൽ സ്കൂൾകുട്ടികൾക്ക് മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗത്തെക്കുറിച്ചും സമകാലീനപ്രശ്നങ്ങൾ തടയേണ്ട മാർഗങ്ങൾ, നിയമബോധവത്കരണ ക്ലാസുകൾ എന്നിവ നൽകിവരുന്നു. കേസുകൾ ഒത്തുതീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്തുകൾ സംഘടിപ്പിക്കുന്നു.

വിവിധ വിഷയങ്ങളിൽ ചോദ്യാവലി തയ്യാറാക്കി പഠനം നടത്തുന്നു. വിവിധ മേഖലകളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച് പഠനറിപ്പോർട്ടാക്കി സർക്കാരിന് ശുപാർശകൾ അയയ്ക്കുന്നു.

അവിവാഹിതരായവർക്ക് വിവാഹപൂർവ കൗൺസിലിങ്ങും ദമ്പതികൾക്കായുള്ള കൗൺസിലിങ്ങും കമ്മിഷൻ നല്കുന്നു.

സ്ത്രീസുരക്ഷാനിയമങ്ങളെ സംബന്ധിച്ച് ബുക്ക്ലെറ്റുകൾ, ബ്രോഷറുകൾ എന്നിവ വിതരണം ചെയ്യുന്നു. ഡോക്യുമെന്ററികൾ തയാറാക്കി വിവിധ ദൃശ്യമാധ്യമങ്ങളിലൂടെയും കമ്മിഷൻ നടത്തുന്ന സെമിനാർ, ക്യാമ്പ് എന്നിവിടങ്ങളിലും പ്രദർശിപ്പിക്കുന്നു. ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യവും ബോധവത്കരണപരിപാടികളും നടത്തിവരുന്നു. മറ്റാരുടെയും ആശ്രയമില്ലാതെ തെരുവിലാക്കപ്പെടുന്ന സ്ത്രീകൾക്കുവേണ്ടി അത്യാവശ്യഘട്ടങ്ങളിൽ ഒരു ഹ്രസ്വകാലവസതി കമ്മിഷന്റെ കീഴിൽ പ്രവർത്തിക്കുന്നു.

എല്ലാ ജില്ലകളിലും ജില്ലാ ജാഗ്രതാസമിതിയും തദ്ദേശസ്വയംഭരണസ്ഥാപനതല ജാഗ്രതാസമിതിയും വാർഡുതലത്തിൽ വാർഡ് ജാഗ്രതാസമിതിയും രൂപീകരിക്കാൻ സർക്കാർ നിർദേശം നല്കിയിട്ടുണ്ട്. എല്ലാ വർഷവും ജാഗ്രതാസമിതി മെമ്പർമാർക്ക്

പരിശീലനവും ജാഗ്രതാസമിതിയുടെ മാർഗരേഖാവിതരണവും നടത്തുന്നു.

കമ്മിഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതിയുടെ ചെയർമാൻ അതത് പഞ്ചായത്ത് പ്രസിഡന്റാണ്. പഞ്ചായത്ത് ജാഗ്രതാസമിതിയുടെ കൺവീനർ ഐ.സി.ഡി.എസ് സൂപ്പർവൈസറാണ്. ഇവരെക്കൂടാതെ മറ്റ് ഏഴ് അംഗങ്ങൾ വനിതാ ഗ്രാമപഞ്ചായത്തുമെമ്പർ, ഒരു വനിതാ വക്കീൽ, സ്ഥലത്തെ പൊലീസ് ഇൻസ്പെക്ടർ, എസ്.സി/എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹിക പ്രവർത്തക, അല്ലെങ്കിൽ എസ്.സി/എസ്.ടി വിഭാഗത്തിലെ പഞ്ചായത്ത് മെമ്പർ, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ, സി.ഡി.എസ് ചെയർപേഴ്സൺ, വാർഡുതല ജാഗ്രതാസമിതി കൺവീനർമാരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരാൾ എന്നിവരാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്ത്രീകളുടെ പരാതികൾക്ക് പഞ്ചായത്ത്/വാർഡുതല ജാഗ്രതാസമിതി മുഖേനതന്നെ പരിഹാരം കാണാവുന്നതാണ്. ഇത്തരത്തിൽ കഴിയുന്നത്ര പ്രശ്നങ്ങൾ വാർഡുതലത്തിലും പഞ്ചായത്തുതലത്തിലുംതന്നെ പരിഹരിക്കേണ്ടതാണ്. പരിഹരിക്കപ്പെടാത്തവ സിവിൽസ്വഭാവമുള്ളതാണെങ്കിൽ വക്കീലിനോട് കേസ് ഫയൽ ചെയ്യാനും ക്രിമിനൽ സ്വഭാവമുള്ളതാണെങ്കിൽ എസ്.ഐയോട് കേസ് രജിസ്റ്റർ ചെയ്യാനും നിർദേശിക്കാവുന്നതാണ്. എഫ്.ഐ.ആറിന്റെ പകർപ്പു ചോദിച്ചു വാങ്ങുകയും വേണം.

ഏതു തരത്തിൽ ഒരു സ്ത്രീക്കു നേരെ അക്രമം നടക്കുന്നുവോ അതിനാധാരമായ നിയമം നിലവിലുണ്ടെങ്കിൽ ആ നിയമത്തിനാധാരമായി വേണം പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. ഉദാഹരണമായി ഗാർഹിക പീഡനം നടന്നാൽ സംരക്ഷണ ഉദ്യോഗസ്ഥന്റെയോ സേവനദാതാവിന്റെയോ വക്കീലിന്റെയോ സഹായത്തോടെ മജിസ്ട്രേറ്റ് കോടതിയെ സമീപിച്ച് സംരക്ഷണ ഉത്തരവോ നിയമത്തിന്റെ പരിധിയിൽ ലഭിക്കാവുന്ന മറ്റ് ഉത്തരവുകളോ വാങ്ങുക. ഇന്ത്യൻ ശിക്ഷാനിയമത്തിൽ പറയുന്ന വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് പൊലീസ് മുഖാന്തരം കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ എത്തിക്കണം. കോടതിയിൽ എഫ്.ഐ.ആർ ഫയൽ ചെയ്തുകഴിഞ്ഞാൽ ആ കേസിനുമേൽ പൊലീസ് അന്വേഷണം നടത്തി കോടതി മുമ്പാകെ ചാർജ് ഫയൽ ചെയ്യണം. ജാമ്യം അനുവദനീയമായ എല്ലാ കുറ്റകൃത്യങ്ങൾക്കും ജാമ്യം ലഭിക്കും. ജാമ്യം ലഭിച്ചതുകൊണ്ട് ഒരാളെ ശിക്ഷിക്കില്ലെന്നോ ജാമ്യം ലഭിക്കാത്തതുകൊണ്ട് ശിക്ഷിക്കണമെന്നോ അർഥമില്ല. തെളിവിന്റെ അടിസ്ഥാനത്തിൽ ഒരാൾ കുറ്റക്കാരനാണെന്ന് ബോധ്യപ്പെടുംവരെ അയാളെ ശിക്ഷിക്കാനോ ജയിലിൽ അടയ്ക്കാനോ നിയമം അനുശാസിക്കുന്നില്ല.

പൊലീസ്, കേസ് രജിസ്റ്റർ ചെയ്യാൻ അനാസ്ഥ കാണിക്കുന്നപക്ഷം വനിതാകമ്മിഷനിൽ പരാതി നൽകിയാൽ അന്വേഷണം നടത്തി, എതിർകക്ഷി കുറ്റക്കാരനാണെന്നു ബോധ്യപ്പെടുന്നപക്ഷം പ്രോസിക്യൂഷന് നടപടിയെടുക്കാൻ അധികാരപ്പെട്ടവർക്ക് ശുപാർശ നൽകുന്നതാണ്.

പട്ടികജാതി/പട്ടികവർഗക്കാർക്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും ഡി.എൻ.എ ടെസ്റ്റ് നടത്തുന്നതിനുള്ള ചെലവ് വനിതാ കമ്മിഷൻ വഹിക്കുന്നതാണ്.

## ഗാർഹികപീഡനത്തിൽനിന്നു സംരക്ഷണം

ഗാർഹികപീഡനത്തിൽനിന്നും സ്ത്രീയെ സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഗാർഹികപീഡനത്തിൽനിന്നു സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന് രൂപംനൽകിയത്. ഈ നിയമപ്രകാരം ഏതൊരു സ്ത്രീയാണോ ഗൃഹാന്തരീക്ഷത്തിൽ പീഡിപ്പിക്കപ്പെടുന്നത് ആ പരാതിക്കാരി സ്ഥായിയായോ സ്ഥിരമായോ താമസിക്കുന്ന സ്ഥലത്തോ കച്ചവടം നടത്തുന്ന സ്ഥലത്തോ ജോലിസ്ഥലത്തോ എതിർകക്ഷി താമസിക്കുന്നിടത്തോ ജോലിസ്ഥലത്തോ പീഡനം നടന്നു എന്നു പറയുന്ന സ്ഥലത്തിന്റെയോ പരിധിയിൽവരുന്ന മജിസ്ട്രേറ്റ് കോടതി മുഖാന്തരം സംരക്ഷണ ഉത്തരവു ലഭ്യമാക്കാവുന്നതാണ്.

ശാരീരികപീഡനം, വാചൃമോ വൈകാരികമോ ആയ പീഡനം, ലൈംഗികപീഡനം, സാമ്പത്തികപീഡനം എന്നിവ ഗാർഹികപീഡനത്തിന്റെ പരിധിയിൽപ്പെടുന്നു. ശാരീരികപീഡനം എന്നാൽ ശരീരത്തിനു ക്ഷതമുണ്ടാക്കുന്നു എന്നും വൈകാരിക പീഡനമെന്നാൽ മനസ്സിന്റെ സമനില തെറ്റിക്കുന്നതരത്തിലുള്ള പീഡനങ്ങളും ആകുന്നു. സ്വഭാവഹത്യ, സ്ത്രീധനം കൊണ്ടുവരാത്തതിന്റെയോ കൂടുതൽ ആവശ്യപ്പെട്ടുകൊണ്ടോ ഉള്ള പീഡനം, പെൺകുട്ടിയെ പ്രസവിച്ചതിന് അപമാനിക്കുക, ജോലിക്കു പോകുന്നതിനു തടസ്സം ചെയ്യുക, ജോലി ഉപേക്ഷിക്കാൻ നിർബന്ധിക്കുക, വീട്ടിൽനിന്നു പുറത്തിറങ്ങാൻ അനുവദിക്കാതിരിക്കുക, ബന്ധുക്കളെ കാണുന്നതിൽനിന്നു തടയുക എന്നിവയെല്ലാം വൈകാരികപീഡനത്തിന്റ പരിധിയിൽവരുന്നു. ഇരട്ടപ്പേരു വിളിക്കുക, അസ

## പരാതികൾക്കുള്ള നടപടിക്രമങ്ങൾ

- പരാതി വെള്ളക്കടലാസിൽ എഴുതി പരാതിക്കാരിയുടെയും എതിർകക്ഷിയുടെയും പൂർണമായ മേൽവിലാസവും ഫോൺനമ്പരും സഹിതം പേരെഴുതി ഒപ്പിട്ട് രജിസ്റ്റർ ചെയ്യുക. പരാതിയിൽ നിർബന്ധമായും പരാതിക്കാർ ഒപ്പിടേണ്ടതാണ്. ഫോട്ടോസ്റ്റാറ്റ് പരാതിയും ഒപ്പിടാത്ത പരാതിയും സ്വീകാര്യമല്ല.
- പരാതി രജിസ്റ്റർ ചെയ്യുമ്പോൾ ഓഫീസിൽ നിന്ന് കേസ് നമ്പർ എഴുതിയ കാർഡ് നല്കുന്നതാണ്. ഈ കാർഡ് പരാതി തീർപ്പാക്കുന്നതുവരെ പരാതിക്കാർ കൈവശം സൂക്ഷിക്കേണ്ടതാണ്.
- അതിനുശേഷം പരാതി ചെയർപേഴ്സണ് സമർപ്പിച്ച് അദാലത്തിന് തീയതി വയ്ക്കുന്നതാണ്.
- അദാലത്തിന്റെ അറിയിപ്പ് അടങ്ങുന്ന നോട്ടീസു കിട്ടുമ്പോൾ മാത്രം പരാതിക്കാർ വീണ്ടും നേരിട്ട് ഹാജരായാൽ മതി. അതിനിടയിൽ അടിയന്തര സാഹചര്യങ്ങളിലൊഴികെ ചെയർപേഴ്സണെ കാണാൻ അനുവദിക്കുന്നതല്ല.
- പ്രമാദമായ കേസുകൾ, പൊതുപരാതി എന്നിവ കമ്മിഷന്റെ എല്ലാ മെമ്പറന്മാരും അടങ്ങുന്ന ഫുൾ കമ്മിഷനിൽവച്ചു തീരുമാനങ്ങൾ എടുക്കും.
- പുരുഷപരാതികൾ സ്വീകരിക്കുന്നതല്ല. എന്നാൽ സ്ത്രീയുടെ സംരക്ഷണാർഥമുള്ള പുരുഷപരാതി സ്വീകാര്യമാണ്.
- പരാതിയോടൊപ്പം പരാതിയുടെ പകർപ്പുകൾ കൂടി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. എത്ര എതിർകക്ഷികളുണ്ടോ അത്രയും പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

### ലഭ്യമാകുന്ന സേവനങ്ങൾ

- വിവാഹപ്രായമായ പെൺകുട്ടികൾക്ക് സൗജന്യ വിവാഹപൂർവ കൗൺസിലിങ് ലഭ്യമാണ്.
- ദമ്പതികൾക്കും കൗൺസിലിങ് സൗജന്യമാണ്.
- പ്രവാസികുടുംബങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രവാസിസെൽ രൂപീകരിച്ചിട്ടുണ്ട്.

**വനിതാ കമ്മിഷന്റെ മേൽവിലാസം:**
**കേരള വനിതാ കമ്മീഷൻ, ടി.സി-12/3842,**
**ലൂർദ് പള്ളിക്കു സമീപം, പി.എം.ജി, തിരുവനന്തപുരം - 695 004**
ഫോൺ : 0471-2300509, 2309878, 2307585.
e-mail : keralawomenscommission@yahoo.co.in

ഭ്യവാക്കുകൾ പറഞ്ഞ് അപമാനിക്കുക എന്നിവയെല്ലാം വാച്യമായ പീഡനത്തിൽപ്പെടുന്നു.

ഏതൊരു സ്ത്രീക്കും അവരുമായി ഗാർഹികബന്ധത്തിലുള്ള പുരുഷനെതിരെ അയാൾ അവരെ ഉപദ്രവിക്കുന്നപക്ഷം പരാതി നല്കാം. ഗാർഹികബന്ധം എന്നാൽ രക്തബന്ധംകൊണ്ടോ വിവാഹം കൊണ്ടോ നിയമസാധുതയില്ലാതെ വർഷങ്ങളായി ഭാര്യാഭർത്താക്കന്മാരായി ഒന്നിച്ചു താമസിച്ചിരുന്ന ഒരു കുടുംബത്തിലെ അംഗം എന്ന നിലയിലോ ഉള്ള ബന്ധമാണ്. വിവാഹിതയായ ഒരു സ്ത്രീയെ സംബന്ധിച്ച് ഭർത്താവിൽനിന്നും ഭർത്തൃവീട്ടുകാരിൽനിന്നും ഉണ്ടാകുന്ന പീഡനവും ഗാർഹികപീഡനത്തിന്റെ പരിധിയിൽപ്പെടുന്നു.

ലൈംഗികപീഡനം എന്നാൽ അശ്ലീല മാസികയോ ചിത്രങ്ങളോ സി.ഡിയോ കാണിച്ച് പ്രകൃതിവിരുദ്ധമായി ലൈംഗികതയ്ക്ക് നിർബന്ധിക്കുക എന്നതാണ്. സാമ്പത്തികപീഡനമെന്നാൽ സ്ത്രീക്കും കുട്ടികൾക്കും ചെലവിനു കൊടുക്കാതിരിക്കുന്നതും സ്ത്രീധനമോ സ്ത്രീയുടെ വരുമാനമോ പിടിച്ചുവാങ്ങുന്നതും ആകുന്നു.

ഗാർഹികപീഡനം ഏൽക്കേണ്ടിവന്ന സ്ത്രീ പ്രൊബേഷൻ ഓഫീസറെയോ സർവീസ് പ്രൊവൈഡറെയോ വക്കീലിനെയോ സമീപിച്ച് അവർ മുഖാന്തരമാണ് പരാതി നൽകേണ്ടത്. ഓരോ ജില്ലയിലും ഓരോ പ്രൊബേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ എൻ.ജി.ഒ കൾക്കും സേവനദാതാക്കളായി (Service provider) പ്രവർത്തിക്കാം.

സംരക്ഷണ ഉത്തരവ്, വീട്ടിൽ കയറി താമസിക്കാനുള്ള ഉത്തരവ്, സാമ്പത്തിക സഹായം, കുട്ടികളുടെ കസ്റ്റഡി, നഷ്ടപരിഹാരം എന്നിവ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവുപ്രകാരം ലഭിക്കുന്നതാണ്. ഇതിൽ സംരക്ഷണ ഉത്തരവെന്നാൽ ഗാർഹികബന്ധത്തിൽപ്പെട്ട പുരുഷൻ സ്ത്രീയുടെ മേൽ നടത്തുന്ന പീഡനത്തെയോ ജോലിസ്ഥലത്തുചെന്നു തടസ്സം ചെയ്യുന്നതോ കുട്ടികളുണ്ടെങ്കിൽ അവരുടെ സ്കൂളിൽ പ്രവേശിക്കുന്നതിനെയോ സ്ത്രീധനത്തെയോ സ്ത്രീയുടെ വരുമാനത്തെ കൈക്കലാക്കുന്നതിനെയോ തടഞ്ഞുകൊണ്ടുള്ള ഉത്തരവാണ്.

പീഡനത്തിനിരയായ സ്ത്രീ താമസിക്കുന്ന വീട്ടിൽ കയറുന്നതിനെയോ ആ വസ്തു കൈമാറ്റം ചെയ്യുന്നതിനെയോ പ്രതികളെ നിരോധിച്ചുകൊണ്ട് സ്ത്രീക്ക് അവിടെ താമസിക്കാനുള്ള ഉത്തരവും ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ലഭ്യമാണ്. പീഡിപ്പിക്കപ്പെടുന്ന സ്ത്രീക്കും കുട്ടികൾക്കും ഗാർഹികബന്ധത്തിൽപ്പെട്ട പുരുഷനിൽനിന്നു ചെലവിനുകിട്ടാനും കുട്ടികളെ കസ്റ്റഡിയിൽ വാങ്ങാനും ശാരീരികമായി പല കാലങ്ങളിൽ അനുഭവിച്ച പീഡനത്തിന് നഷ്ടപരിഹാരത്തിനും അർഹതയുണ്ട്.




**അതിക്രമങ്ങൾക്കെതിരെ എസ്.എം.എസ്. വഴി പരാതി നൽകുന്നതിനുള്ള വനിതാ കമ്മിഷന്റെ സംരംഭം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

എതിർകക്ഷി മജിട്രേറ്റ് മുമ്പാകെ ഹാജരാകാത്തപക്ഷം പരാതിക്കാരിക്ക് അനുകൂലമായി exparte ഉത്തരവ് സമ്പാദിക്കാവുന്നതാണ്. ഉത്തരവു സമ്പാദിച്ചശേഷം എതിർകക്ഷി അക്രമം തുടരുന്നപക്ഷം ഉത്തരവിന്റെ പകർപ്പ് പരിധിയിലുള്ള പൊലീസ് സ്റ്റേഷനിൽ ഹാജരാക്കി വിധി നടത്തിക്കേണ്ടതാണ്. അതും പാലിക്കപ്പെടാതെവന്നാൽ ആ വിവരം വക്കീൽ മുഖാന്തരം കോടതിയെ അറിയിച്ച് പ്രതിയെ അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഉത്തരവു ലംഘിച്ചു എന്ന് കോടതിയെ ബോധ്യപ്പെടുത്തുന്നപക്ഷം പ്രതിക്ക് ഒരു വർഷംവരെ തടവും ഇരുപതിനായിരം രൂപ പിഴയും അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്.

## നടപടിക്രമങ്ങൾ

എല്ലാ സ്ത്രീകൾക്കും legal service authority വഴി സൗജന്യമായി നിയമസഹായത്തിന് വ്യവസ്ഥയുണ്ട്. എന്നാൽ ഒരു കേസ് ഫയൽ ചെയ്യുമ്പോൾത്തന്നെ ലീഗൽ സർവീസ് അതോറിറ്റിക്ക് പണം നൽകാൻ വകുപ്പില്ല. ആയതിനാൽ ചെയ്യുന്ന ജോലിയിൽ പൂർണ ആത്മാർഥത പുലർത്താൻ വക്കീലന്മാർക്ക് കഴിയാതെ പോകുന്ന കഴ്ചയാണ് പൊതുവേ കണ്ടുവരുന്നത്.

ഏതൊരു പരാതിക്കാരിക്കും കേസ് ഫയൽചെയ്ത് അന്നുതന്നെ സംരക്ഷണ ഉത്തരവു ലഭിക്കുന്നതിന് തടസമൊന്നുമില്ല. എന്നാൽ സാമ്പത്തികസഹായം, നഷ്ടപരിഹാരം എന്നിവ കോടതിക്കു ബോധ്യപ്പെട്ടാൽ മാത്രമേ നൽകാൻ കഴിയൂ. അതിന്, മതിയായ തെളിവുകൾ പരാതിക്കാരി ഹാജരാക്കേണ്ടതാണ്. മജിസ്ട്രേറ്റിന് ബോധ്യപ്പെടുന്നപക്ഷം ഗാർഹികപീഡനത്തിനെതിരെ നൽകുന്ന പരാതി പരിഹരിക്കുന്ന അവസരത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 498എ വകുപ്പുപ്രകാരമുള്ള കുറ്റമായ സ്ത്രീപീഡനംകൂടി പ്രതിക്കുമേൽ ചാർജു ചെയ്യാവുന്നതാണ്.

പൊതുവേ കണ്ടുവരുന്നത് പ്രൊബേഷൻ ഓഫീസർ പൂരിപ്പിച്ച് മജിസ്ട്രേറ്റിനും ലീഗൽ സർവീസ് അതോറിറ്റിക്കും നൽകിയ ഡി.ഐ.ആർ സംരക്ഷണ ഉത്തരവാണെന്നു തെറ്റിദ്ധരിച്ച് പലരും കോടതിയെ സമീപിക്കാതെ ഉത്തരവു കിട്ടിയിട്ടും ഞങ്ങളെ ഉപദ്രവിക്കുന്നു എന്നു പരാതിപറഞ്ഞു വരുന്നതാണ്. ■

# വിമൻ ഷോർട്ട്സ്റ്റേ ഹോം

പരീക്ഷകൾ, ഇന്റർവ്യൂ, മീറ്റിങ് അങ്ങനെ വിവിധ ആവശ്യങ്ങൾക്കായി തിരുവനന്തപുരത്ത് എത്തുന്ന സ്ത്രീകൾക്ക് താമസിക്കുന്നതിന് വനിതാ ഫെഡിന്റെ (Kerala women co-operative federation) ആഭിമുഖ്യത്തിൽ വിമൻ ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നു. തിരുവനന്തപുരം തമ്പാനൂരിൽനിന്ന് ഏകദേശം ഒന്നര കിലോമീറ്റർ അകലെ മണക്കാട് കാവേരി ഗാർഡൻസിൽ 12/B യിലാണ് ഷോർട്ട്സ്റ്റേ ഹോം പ്രവർത്തിക്കുന്നത്. രാവിലെ മുറിയെടുത്ത് ഫ്രെഷ് ആകുന്നതിന് 75 രൂപയും ഒരു ദിവസത്തെ താമസത്തിന് ഡോർമെട്രിയിൽ 100 രൂപയും സാധാരണ മുറിക്ക് 150 രൂപയുമാണ് വാടക. ഒരാഴ്ചവരെ തുടർച്ചയായി താമസിക്കാം. ആവശ്യക്കാർക്ക് മുറി മുൻകൂട്ടി ബുക്കുചെയ്യാനും സൗകര്യമുണ്ട്. ഫോൺ: ഓഫീസ് - 0471-2464539, വാർഡൻ - 9446193412



**ബഹു. സുപ്രീംകോടതിയുടെ നിർദേശാനുസരണം കേരള സർക്കാർ പുറപ്പെടുവിച്ച 2008 ലെ കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ വിവാഹങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സുപ്രധാന കാൽവയ്പ്പാണ്. നമ്മുടെ സാമൂഹ്യജീവിതത്തിൽ പ്രസക്തമായ ഈ ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ ചുവടെ**

# വിവാഹം എല്ലാവരും രജിസ്റ്റർ ചെയ്യണം

### 1. വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണം

പഞ്ചായത്ത് ഡയറക്ടറെ വിവാഹ (പൊതു) മുഖ്യരജിസ്ട്രാർ ജനറലായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അർബൻ അഫയേഴ്സ്, ജോയിന്റ് ഡയറക്ടർ എന്നിവരെ യഥാക്രമം പഞ്ചായത്ത് പ്രദേശത്തെയും നഗരപ്രദേശത്തെയും വിവാഹ (പൊതു) രജിസ്ട്രാർ ജനറലായും അതത് പ്രദേശത്തെ ജനന-മരണ രജിസ്ട്രാറെ വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാറായും നാമനിർദേശം ചെയ്തിരിക്കുന്ന ഈ ചട്ടങ്ങളിലെ ആറാം ചട്ടം വിവാഹം നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം എന്നു വ്യവസ്ഥ ചെയ്യുന്നു. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തു നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഈ ചട്ടങ്ങൾ അനുസരിക്കുന്നു.

### 2. രജിസ്റ്റർ ചെയ്യേണ്ട സാഹചര്യങ്ങൾ

1. മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ അതത് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുകയാണെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല.
2. സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടത് ഹിതാനുസരണമായിരിക്കുകയും അപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുകയാണെങ്കിൽ ഈ ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല.
3. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പുള്ള വിവാഹങ്ങൾ ഹിതാനുസരണം മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകുന്നതാണ്.

### 3. രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധികാരികത

ഏതു തദ്ദേശ രജിസ്ട്രാറുടെ അധികാരത്തിനു കീഴിലുള്ള പ്രദേശത്താണോ വിവാഹം നടന്നത്, ആ പ്രദേശത്തെ തദ്ദേശ രജിസ്ട്രാർ മുമ്പാകെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ ഇതിനായി ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള ഫാറത്തിൽ ഒരു വിവാഹ പൊതുരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### 4. നപടിക്രമവും സമയപരിധിയും

1. വിവാഹത്തിലേർപ്പെട്ട കക്ഷികൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള ഒന്നാം നമ്പർ ഫോറത്തിൽ ഒരു മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയാറാക്കേണ്ടതും രണ്ടു സെറ്റ് ഫോട്ടോ സഹിതം ആയത് ബന്ധപ്പെട്ട തദ്ദേശരജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ 45 ദിവസക്കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.
2. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പു നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം, ഈ

ചട്ടങ്ങൾ നിലവിൽവന്ന തീയതി മുതൽ ഒരു വർഷക്കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണ്.

3. മെമ്മോറാണ്ടത്തിൽ, വിവാഹത്തിലേർപ്പെടുന്ന ഇരുകക്ഷികളും വിവാഹത്തിനു സാക്ഷ്യംവഹിച്ച മറ്റു രണ്ടാളുകളും ഒപ്പുവയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കു കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലെയും ഈ ആവശ്യത്തിനായി വച്ചുപോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലേയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകുന്ന വിവാഹസാക്ഷ്യത്തിന്റെ പകർപ്പും വിവാഹം നടന്നത് തെളിയിക്കാനുള്ള ഒരു രേഖയാക്കാവുന്നതാണ്. രജിസ്ട്രേഷനുവേണ്ടി മെമ്മോറാണ്ടം സമർപ്പിക്കുന്നതിനോടൊപ്പം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസായി പത്തു രൂപ നൽകേണ്ടതാണ്.

4. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം നടന്നിട്ടുള്ളതും അതു സംബന്ധിച്ച് 45 ദിവസക്കാലയളവിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും അപ്രകാരം വിവാഹം നടന്ന തീയതി മുതൽ ഒരു വർഷക്കാലാവധി കഴിയാത്തതുമായ വിവാഹങ്ങൾ തദ്ദേശ രജിസ്ട്രാർക്ക് ചില നിബന്ധനകൾക്കു വിധേയമായി 100 രൂപ പിഴ ചുമത്തിയതിനുശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്.

## 5. വിവാഹസാക്ഷ്യപത്രം

വിവാഹ പൊതുരജിസ്റ്ററിൽ ചേർക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ തെളിവായി അഞ്ചു രൂപ ഫീസ് നൽകുന്നതിനുമേൽ വിവാഹസാക്ഷ്യപത്രം നിർദിഷ്ട ഫോറത്തിൽ അഞ്ചു പ്രവൃത്തിദിവസത്തിനകം അപേക്ഷകന് നൽകേണ്ടതാണ്.

## 6. രജിസ്റ്റർ ചെയ്യുന്നത് നിരസിക്കൽ

തദ്ദേശ രജിസ്ട്രാറിനു വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം നിർദിഷ്ട ഫോറത്തിലോ ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളോടെ നിരസിക്കാവുന്നതും ആയത് 30 ദിവസക്കാലയളവിനുള്ളിൽ കക്ഷികളെ അറിയിക്കേണ്ടതുമാണ്.

## 7. രജിസ്റ്റർ ചെയ്യാതിരുന്നാൽ

വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള പരിണതഫലങ്ങൾ 15-ാം ചട്ടം വിശദമാക്കുന്നുണ്ട്. ഈ ചട്ടങ്ങൾ നിലവിൽവന്നതിനുശേഷം ഈ ചട്ടങ്ങൾ പ്രകാരമോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥപ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങൾ അല്ലാതെയുള്ള ഏതെങ്കിലും അധികാരസ്ഥാനം നൽകുന്ന ഏതൊരു വിവാഹസാക്ഷ്യപത്രവും സർക്കാർ യാതൊരു ആവശ്യത്തിനും സ്വീകരിക്കുന്നതല്ല. എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പു നടന്ന വിവാഹങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമാകുന്നതല്ല.

## 8. ഒരു വർഷത്തിനുശേഷം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന്

2008 ലെ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നതും വിവാഹം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങളും ഈ ചട്ടങ്ങൾ നിലവിൽവരുന്നതിനു മുമ്പ് നടന്നതും അപ്രകാരം നിലവിൽവന്നതിനുശേഷം ഒരു വർഷം കഴിയുന്നതിനുമുമ്പ് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള വിവാഹങ്ങളും ചില നിബന്ധനകൾക്കു വിധേയമായി മാത്രവും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടിയും 250 രൂപ പിഴ നൽകിയതിന്മേൽ മാത്രമേ തദ്ദേശരജിസ്ട്രാർ രജിസ്റ്റർ ചെയ്യാൻ പാടുള്ളു.

## 9. രജിസ്റ്ററിൽ തിരുത്തുന്നതിനും/ റദ്ദാക്കുന്നതിനും/പ്രസക്തഭാഗങ്ങൾ ലഭിക്കുന്നതിനും

തദ്ദേശ രജിസ്ട്രാർക്ക് സ്വമേധയാ കക്ഷികളുടെ അപേക്ഷയിന്മേലോ വിവാഹ പൊതുരജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ വ്യാജമായോ കൃത്യതയില്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോധ്യപ്പെട്ടാൽ അദ്ദേഹത്തിന് ചില നിബന്ധനകൾക്കു വിധേയമായി ആവശ്യമായ തിരുത്തലുകൾ വരുത്താനും റദ്ദാക്കുന്നതിനും അധികാരമുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്. ഉൾക്കുറിപ്പു തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന സംഗതിയിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നല്കുന്നതും പേര്, വയസ്, തീയതി മുതലായ സാരവത്തായ കാര്യങ്ങൾ സംബന്ധിച്ച തിരുത്തലുകളും റദ്ദാക്കലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി ചെയ്യേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേൾപ്പിക്കേണ്ടതുമാണ്. ക്ലറിക്കൽ പിശകുകൾ ഒഴികെയുള്ള തിരുത്തലുകൾക്ക് 100 രൂപ ഫീസ് ഈടാക്കുന്നതാണ്.

## 10. പൊതുരജിസ്റ്റർ പരിശോധിക്കലും പ്രസക്തഭാഗങ്ങൾ ലഭ്യമാക്കലും

ഏതൊരാൾക്കും അപേക്ഷ നൽകി 25 രൂപ ഫീസ് ഒടുക്കിയാൽ വിവാഹ പൊതുരജിസ്റ്റർ തദ്ദേശ രജിസ്ട്രാറെക്കൊണ്ടു പരിശോധിപ്പിക്കാവുന്നതും വിവാഹസാക്ഷ്യപത്രം വാങ്ങാവുന്നതുമാണ്.

## 11. അപ്പീൽ/റിവിഷൻ

2008 ചട്ടങ്ങളിലെ 16 ഉം 17 ഉം ചട്ടങ്ങൾ അപ്പീലും റിവിഷനും നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നു.

### 1. അപ്പീൽ

തദ്ദേശ രജിസ്ട്രാറിന്റെ ഏതൊരു തീരുമാനത്തിനെതിരെയും ബന്ധപ്പെട്ട രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ നൽകാവുന്നതും അപ്രകാരമുള്ള അപ്പീൽ അങ്ങനെയുള്ള ഏതെങ്കിലും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളാൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം അപ്പീൽ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനു ശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവു സ്വീകരിച്ചുകൊണ്ടോ അല്ലെങ്കിൽ അറുപതു ദിവസക്കാലയളവിനുള്ളിലോ തീർപ്പാക്കേണ്ടതുമാണ്.

### 2. റിവിഷൻ

ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ മുഖ്യ രജിസ്ട്രാർ ജനറൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള റിവിഷൻ അങ്ങനെയുള്ള തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും മുഖ്യ രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം റിവിഷൻ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്വീകരിച്ചുകൊണ്ടോ അല്ലെങ്കിൽ റിവിഷൻ അനുവദിച്ചുകൊണ്ടോ അറുപതു ദിവസകാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിന്റെ ആവശ്യകത സമൂഹത്തിൽ നാൾക്കുനാൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സമൂഹത്തിനൊന്നാകെയും സ്ത്രീസമൂഹത്തിനു പ്രത്യേകിച്ചും, പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ഈ ചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും ചെയ്യിക്കുന്നതിനുമുള്ള കടമ നമ്മളിലോരോരുത്തരിലും നിക്ഷിപ്തമാണ്. ■

*അവലംബം: പഞ്ചവാർഷിക സുവിനീർ*
*സംസ്ഥാന വനിതാ കമ്മിഷൻ*

■ സി. അശോകൻ



# സുകുമാർ അഴീക്കോട്
# നവോത്ഥാനത്തിന്റെ സൂര്യവെളിച്ചം

കേരളത്തിലെ പൊതുമണ്ഡലത്തിലെ പ്രസ്ഥാനതുല്യമായ സാന്നിധ്യമായിരുന്നു സുകുമാർ അഴീക്കോട്. എഴുത്തും പ്രഭാഷണവുംകൊണ്ട് മലയാളികളെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരാൾ ഒരുപക്ഷേ എം.എൻ. വിജയനായിരിക്കും. വാക്കുകളും കവിതയും തമ്മിൽ പരസ്പരപൂരകത്വം പുലർത്തി അവർ പടുത്തുയർത്തിയ മൂല്യസമുച്ചയം നവോത്ഥാനകാലത്തിന്റെ തുടർച്ചയെ ഓർമിപ്പിക്കുന്നു. കക്ഷിരാഷ്ട്രീയത്തിന്റെ തണൽപറ്റി അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കായി വാക്കുകളെ പ്രീണനോപാധികളാക്കി മാറ്റിയ ബുദ്ധിജീവികളെക്കൊണ്ടു നിറഞ്ഞ നമ്മുടെ സംസ്കാരമണ്ഡലത്തിൽ അഴീക്കോടും വിജയൻമാഷും വേറിട്ടുനിൽക്കുന്നു. അപൂർവങ്ങളിൽ അപൂർവമായ പ്രതിഭയെന്ന് അഴീക്കോടിനെ വിശേഷിപ്പിക്കുന്നവർ ഓർക്കാതെപോകുന്നത് കേവലം പ്രതിഭയുടെ അനുഗ്രഹം എന്നതിനപ്പുറം സ്വന്തം വാക്കിനെ ജീവിതംകൊണ്ടു പൂരിപ്പിക്കുന്ന ഒരു മൂല്യസമുച്ചയത്തിന്റെ പ്രയോഗസാക്ഷ്യമായി മാറിയ ജീവിതമായിരുന്നു അഴീക്കോടിന്റെ ഉൾക്കാഴ്ച നിറഞ്ഞ പ്രഭാഷണങ്ങളും എഴുത്തും സാധ്യമാക്കിയത് എന്ന വസ്തുതയാണ്.

കേരളീയ നവോത്ഥാനത്തിന്റെ ഒരുപക്ഷേ ഒടുവിലത്തെ പ്രതിനിധിയാണ് സുകുമാർ അഴീക്കോട് എന്നു പറയാവുന്നതാണ്. ദ്രുതമാറ്റങ്ങളിലൂടെ കടന്നുപോകുന്ന നമ്മുടെ സമൂഹത്തിന് അഴീക്കോടിനെപ്പോലെ ഒരു ബൃഹദ് വ്യക്തിത്വത്തിന് ഇനി ജന്മംകൊടുക്കുക സാധ്യമാകില്ലെന്നുവരാം. ജനങ്ങളെ പ്രഭാഷണങ്ങൾകൊണ്ടു സ്വാധീനിക്കുവാനും പൊതുമണ്ഡലത്തിലെ പ്രബലസാന്നിധ്യമാകുവാനും ഇനി ഒരാൾക്കു കഴിഞ്ഞുവെന്നും വരില്ല. മറ്റുള്ളവരുടെ വാക്കുകൾക്കു ചെവികൊടുക്കുവാൻ വയ്യാത്തവിധം സ്വകേന്ദ്രീകൃതമായ ഒരു ജീവിതരീതി മലയാളികൾ കൈമുതലാക്കിക്കഴിഞ്ഞു. ഒരു പ്രഭാഷകന്റെയോ സാംസ്കാരികപ്രവർത്തകന്റെയോ വാക്കുകൾക്ക് ആത്മാർഥമായി കാതോർക്കുവാൻ കഴിയാത്തവിധം 'അവനവനിസം' രൂഢമൂലമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് അഴീക്കോടിന്റെ സാന്നിധ്യം നമ്മുടെ സാംസ്കാരികജീവിതത്തിലെ കനത്തനഷ്ടമായി മാറുന്നത്. രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന സമ്മേളനങ്ങളിൽ അനുഷ്ഠാനപൂർവം പങ്കുകൊള്ളുന്ന പ്രവർത്തകരും അനുഭാവികളും അടങ്ങുന്ന സദസ്സുകൾക്ക് സ്വതന്ത്രമായ വിമർശനസ്വരം പഥ്യമായിരിക്കില്ല. സുകുമാർ അഴീക്കോടിന്റെ മതേതരവും ജനാധിപത്യപരവുമായ മൂല്യങ്ങൾ രൂപപ്പെടുത്തിയ വിമർശനസ്വരം അനന്യവും അതുല്യവുമായി അനുഭവപ്പെടുന്നത് ഈയൊരു സന്ദർഭത്തിൽക്കൂടിയാണ്.

> **സ്വന്തം വാക്കിനെ ജീവിതം കൊണ്ടു പൂരിപ്പിക്കുന്ന ഒരു മൂല്യസമുച്ചയത്തിന്റെ പ്രയോഗസാക്ഷ്യമായി മാറിയ ജീവിതമായിരുന്നു അഴീക്കോടിന്റേത്.**

എഴുത്തും പ്രഭാഷണവും പരസ്പരം പുറംതിരിഞ്ഞുനിൽക്കുന്ന വിപരീതദ്വന്ദങ്ങളല്ല, അഴീക്കോടിനെ സംബന്ധിച്ചിടത്തോളം. പരസ്പരപൂരകമായി പ്രവർത്തിക്കുന്ന രണ്ട് ആവിഷ്കാര രീതികളാണവ. ആത്മാർഥതയും സ്വകീയമായ ശൈലികൊണ്ടും വേറിട്ടുനിന്ന സുകുമാർ അഴീക്കോടിനെ സാംസ്കാരികമണ്ഡലത്തിലെ ചൈതന്യവത്തായ സാന്നിധ്യമായി മലയാളികൾ അനുഭവിച്ചു. ഇനിയും മലയാളികളുടെ സാമൂഹികബോധത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് അഴീക്കോടിന്റെ സാന്നിധ്യം ചുരുങ്ങുവാൻ പോകുന്നില്ല. നവീന നവോത്ഥാനത്തിന്റെ പ്രേരകശക്തിയായി അത് നമ്മുടെ ബോധമണ്ഡലത്തിന്റെ നടുത്തളത്തിലിറങ്ങിനിന്ന് നിരന്തരം ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കും.

സ്വന്തം വാക്കിന്റെ കരുത്തിനെക്കുറിച്ച്

തികഞ്ഞ ബോധ്യമുണ്ടായിരുന്ന അഴീക്കോടിന്റെ ജീവിതത്തിലെ ചെറിയ സംഭവങ്ങൾ ഏതെങ്കിലും ചൂണ്ടിക്കാണിച്ചുകൊണ്ട് ആ വ്യക്തിത്വത്തെ ഇകഴ്ത്തുവാൻ മലയാളികൾക്കിടയിലെ ദോഷൈകദൃക്കുകൾ മടികാണിച്ചുവെന്നുവരില്ല. തന്നെ ചൂഴ്ന്നുനിന്ന ഏകാന്തതയിൽനിന്നു രക്ഷനേടുന്നതിനാണ് അഴീക്കോട് ആൾക്കൂട്ടത്തെ നിരന്തരം അഭിസംബോധനചെയ്തുപോന്നത് എന്നത് ഇത്തരത്തിലുള്ള ഒരു ലളിതവത്കരിച്ച നിഗമനമാണ്. നമ്മുടെ സാംസ്കാരികമേഖലയിലും ആശയമണ്ഡലത്തിലും സജീവമായി ഇടപെടുന്ന ആരെയും ഇത്തരത്തിൽ വിലയിരുത്തുവാൻ കഴിഞ്ഞേക്കാം. എഴുത്തുപോലും ഏകാന്തതയിൽനിന്നു രക്ഷപെടാനുള്ള ഒരുപാധിയെന്നുവേണമെങ്കിൽ വിശേഷിപ്പിക്കാവുന്നതാണ്. അഴീക്കോടിന്റെ മാനുഷികമായ പരിമിതികളെയും സ്വഭാവവിശേഷങ്ങളെയും സാമാന്യവത്കരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മൗലികസംഭാവനകളെ പുകഴ്ത്തിക്കാണിക്കുവാൻ വെമ്പൽകൊള്ളുന്നവർ പരാജയപ്പെടുകതന്നെ ചെയ്യും. കാരണം അഴീക്കോട് ഉയർത്തിയതോ ഇടപെട്ടതോ ആയ വിവാദങ്ങൾ എല്ലാംതന്നെ നമ്മുടെ സമൂഹത്തിലെ ദുഷ്പ്രവണതകളെയോ ധനാധിപത്യത്തിന്റെ ഗർവിനെയോ തിരസ്കരിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ളവയായിരുന്നു. മാധ്യമങ്ങൾ അഴീക്കോടിനെ സൃഷ്ടിക്കുകയായിരുന്നില്ല; മറിച്ച് അഴീക്കോടിന്റെ നിലപാടുകൾക്ക് ചെവികൊടുക്കുവാൻ നിർബന്ധിതമാകുകയായിരുന്നു.

കോൺഗ്രസ് മുതൽ ഇടതുപക്ഷ പ്രസ്ഥാനംവരെയുള്ള സംഘടിതപ്രസ്ഥാനങ്ങളുമായി തന്റെ ജീവിതയാത്രയിൽ അനുഭാവം പുലർത്തുകയോ വിമർശിക്കുകയോ ചെയ്ത ഘട്ടങ്ങളിലെല്ലാംതന്നെ അഴീക്കോടിന്റെ നിലപാടുകൾ യുക്തിയുടെ തെളിമകൊണ്ട് ആളുകൾക്കു ബോധ്യമാകുന്നവയായിരുന്നു. പിന്തുണയും വിമർശനവും ഒരിക്കലും ഏകപക്ഷീയമാകാതെയിരിക്കുവാൻ അഴീക്കോട് ശ്രദ്ധിച്ചുപോന്നു. ഇടതുപക്ഷത്തോട് അനുഭാവംപുലർത്തുമ്പോഴും ആ പ്രസ്ഥാനത്തിലെ വിഭാഗീയപ്രവണതകളെ അദ്ദേഹം എതിർത്തുപോന്നു. കോൺഗ്രസിനെ നിശിതമായി വിമർശിക്കുമ്പോഴും ആദർശവത്തായുള്ള നേതാക്കളെ അദ്ദേഹം പിന്തുണച്ചു. വിമർശനസ്വാതന്ത്ര്യത്തെ ഒരുകാരണവശാലും പണയപ്പെടുത്താതിരുന്നതിന്റെ ഫലമായി സ്വാഭാവികമായി വന്നുചേരേണ്ട പദവികൾ നഷ്ടമായത് അദ്ദേഹത്തെ ഒട്ടുംതന്നെ വ്യാകുലപ്പെടുത്തിയില്ല. താൻ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനത്തിന്റെ മനുഷ്യത്വരാഹിത്യത്തിലേക്കും അവസരവാദനിലപാടിലേക്കും അധികാരപ്രവണതയിലേക്കും കണ്ണയയ്ക്കാതെ അതിനെ ഏകപക്ഷീയമായി ന്യായീകരിക്കുവാൻമാത്രം ജീവിതം വിനിയോഗിക്കുന്ന എഴുത്തുകാർ ഏറിവരുന്ന ഇക്കാലത്ത് അഴിമതിയും സ്ത്രീപീഡനവും ദളിത് പീഡനവും കമ്പോളത്തിന്റെ ആധിപത്യവും അധികാരദുർവിനിയോഗവും ഒക്കെച്ചേർന്ന് കേരളീയ ജീവിതത്തെ കുഴതെറ്റിച്ചിരിക്കുന്നു. കുഴതെറ്റിയ കാലത്തിന്റെ ജീർണതകൾ നമുക്കു ചുറ്റും പെരുകുമ്പോൾ അഴീക്കോടിന്റെ സ്മരണയോട് നേരിയ തോതിലെങ്കിലും നീതിപുലർത്തണമെങ്കിൽ പുതിയ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും കൂനനുറുമ്പണിചേരുവാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു.

സുകുമാർ അഴീക്കോടിന്റെ ജീവിതത്തിന്റെ അടിസ്ഥാനമായി വർത്തിച്ചമൂല്യങ്ങളെ മനസ്സിലാക്കുമ്പോൾ മാത്രമേ അദ്ദേഹത്തിന്റെ ബൃഹത്തായ വ്യക്തിത്വത്തെ നമ്മുടെ കാഴ്ചവട്ടത്തിലെത്തിക്കുവാൻ കഴിയൂ. ചെറുതിന്റെ സൗന്ദര്യംപോലെതന്നെ അഭികാമ്യമാണ് വലുതിന്റെ ഉദാത്തമായ സാന്നിധ്യവും. ചെറിയ സ്വത്വത്തിന്റെ ഇടുങ്ങിയ അതിരുകൾക്കുള്ളിൽ ജീവിതവും ഭാവനയും തളച്ചിട്ട് വിധേയത്വത്തിന്റെയും കീഴ്പ്പെടലിന്റെയും താത്കാലിക സ്ഥിരതയിൽ അഭിരമിക്കുന്നവർക്ക് ഭാവനയുടെ അനന്തമായ ആകാശം ഏകാന്തഭീതമായി അനുഭവപ്പെട്ടേക്കാം. പക്ഷേ, നമുക്ക് അഴീക്കോടിനെ മനസ്സിലാക്കണമെങ്കിൽ നമ്മുടെ കണ്ണുകളെയും ബോധത്തെത്തന്നെയും ഉദാത്തമായ ഒരു വ്യക്തിത്വത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ വേർതിരിച്ചും അതേപോലെ ഉദ്ഗ്രഥിച്ചും അറിയുന്നതിനായി തുറന്നുവിടേണ്ടിയിരിക്കുന്നു. നവോത്ഥാനത്തിന്റെ അടിസ്ഥാനമൂല്യങ്ങൾതന്നെയാണ് അഴീക്കോടിന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയതെന്ന കാര്യം നിസ്തർക്കമാണ്. വേദോപനിഷത്തുക്കളെ വിശാലാർത്ഥത്തിൽ വ്യാഖ്യാനിച്ചു പ്രയോഗിച്ച വാഗ്ഭടാനന്ദനും ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും ചേർന്നു രൂപപ്പെടുത്തിയ മനുഷ്യദർശനം അഴീക്കോടിൽ വളർന്നുവികസിക്കുകയായിരുന്നു. വാഗ്ഭടാനന്ദഗുരുവിന്റെ സാന്നിധ്യം കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക ജീവിതത്തിന് തെളിമ നല്കിയതുപോലെ അഴീക്കോടിലും ആഴമേറിയ സ്വാധീനമായി വേരുറപ്പിക്കുകയായിരുന്നു.

> അഴീക്കോട് ഉയർത്തിയതോ ഇടപെട്ടതോ ആയ വിവാദങ്ങൾ എല്ലാംതന്നെ നമ്മുടെ സമൂഹത്തിലെ ദുഷ്പ്രവണതകളെയോ ധനാധിപത്യത്തിന്റെ ഗർവിനെയോ തിരസ്കരിക്കുക എന്ന ലക്ഷ്യംവച്ചു കൊണ്ടുള്ളവ ആയിരുന്നു. മാധ്യമങ്ങൾ അഴീക്കോടിനെ സൃഷ്ടിക്കുകയായിരുന്നില്ല; മറിച്ച് അഴീക്കോടിന്റെ നിലപാടുകൾക്ക് ചെവികൊടുക്കുവാൻ നിർബന്ധിതമാകുകയായിരുന്നു.

"ഇന്ത്യയുടെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും ആധ്യാത്മികവുമായ ഏറ്റവും മഹനീയമായ അഭിലാഷങ്ങളെ അദ്വൈതവേദാന്തത്തിന്റെ വെളിച്ചത്തിൽ നവീകരിച്ചുകൊണ്ട് മധുരമായ മലയാളത്തിൽ പ്രഭാഷണം നടത്തിയും എഴുതിയും ജനങ്ങളെ ഉദ്ബുദ്ധരാക്കുന്ന കർമമായിരുന്നു വാഗ്ഭടാനന്ദൻ ഏറ്റെടുത്തിരുന്നത്. ഗാന്ധിജിയും സംസ്കൃതവും സാഹിത്യവും അദ്ദേഹത്തിന്റെ വാക്കുകളിലൂടെ വരുമ്പോൾ മനുഷ്യസംസ്കാരത്തിന്റെ ശൃംഗകാന്തികളായി പ്രത്യക്ഷ്യപ്പെട്ടു. അദ്ദേഹമവതരിപ്പിച്ച അദ്വൈതം ഇന്ത്യയുടെ ആചാരമലിനമായ മതാഭാസങ്ങളുടെ കറയോ കളങ്കമോ കലരാത്തതായിരുന്നു" (എന്റെ വഴി കണ്ടെത്തുന്നു, ആത്മകഥ). അഴീക്കോടെന്ന വിമർശകനെയും പ്രഭാഷകനെയും രൂപപ്പെടുത്തിയ അടിസ്ഥാന സ്രോതസ് വാഗ്ഭടാനന്ദനായിരുന്നു. അദ്വൈതത്തെ ബ്രാഹ്മണാധിപത്യത്തിന്റെ പ്രത്യേയശാസ്ത്രമെന്ന അവസ്ഥയിൽനിന്നും അടർത്തിമാറ്റി വിമോചനത്തിന്റെ ധാർമികാംശത്തിൽ പ്രതിഷ്ഠിച്ചത് ശ്രീനാരായണനും വാഗ്ഭടാനന്ദനുമായിരുന്നു. അവരുടെ സാന്നിധ്യംകൊണ്ടുതന്നെയാണ് അഴീക്കോടിന്റെ ആത്മീയവഴി ഒരിക്കലും ഹിന്ദു ഫാസിസ്റ്റുകളുടെ താത്പര്യങ്ങൾക്കൊരിക്കലും വഴിപ്പെടാതിരുന്നത്. ഭാരതീയപാരമ്പര്യത്തെ മതേതരമായ ആത്മീയതയായി കണ്ടെടുക്കുവാൻ അഴീക്കോടിന്റെ "തത്ത്വമസി" എന്ന ഗ്രന്ഥം വേണ്ടിവന്നു. സങ്കർഷഭരിതമായ ഒരു കാലഘട്ടത്തിൽ ന്യൂനപക്ഷമതങ്ങളെ അപരസ്ഥാനത്തു പ്രതിഷ്ഠിച്ചു വളർന്നുകൊണ്ടിരുന്ന ഹിന്ദുവർഗീയതയുടെ കടയ്ക്കൽ കത്തിവയ്ക്കുക മാത്രമല്ല, അവർ പ്രഘോഷിച്ച ഭാരതത്തിന്റെ ക്ലാസിക്കൽ ദർശനത്തെ അവർക്കെതിരെ നിർത്തി വ്യാഖ്യാനിക്കുവാൻ അഴീക്കോടിന്റെ ചങ്കൂറ്റമുള്ള ധിഷണയ്ക്കു കഴിഞ്ഞുവെന്നത് ചില്ലറ കാര്യമല്ല. അതുകൊണ്ടാണ് ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ അദ്ദേഹം ഭാരതത്തിന്റെ പാരമ്പര്യത്തെ വർഗീയതയ്ക്കു വിട്ടുകൊടുക്കാതെ മതേതരമായ ആത്മീയതയായി വ്യാഖ്യാനിച്ചുകൊണ്ടു പ്രഭാഷണ സപ്താഹം നടത്തിയത്. "തന്നോട് സത്യസന്ധമായി മനുഷ്യൻ പെരുമാറുമ്പോൾ അയാൾ പറയുന്നത് മികച്ച പ്രഭാഷണവും എഴുതുന്നത് മേൽത്തരം എഴുത്തുമായിത്തീരും." ഒരുപക്ഷേ സത്യസന്ധത എന്ന വാക്ക് അർഥം ഒളിപ്പിച്ചും പിന്നെ സ്വയം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതുമായ ഇക്കാലത്ത് അഴീക്കോട് ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയ നവോത്ഥാനമൂല്യങ്ങളും ഒഴിഞ്ഞുപോയിക്കഴിഞ്ഞിരിക്കുന്നു.

(ശേഷം പേജ് 28)

■ **കെ.സി. ജോസഫ്** (സാംസ്കാരികമന്ത്രി)



# ചരിത്രശേഷിപ്പുകൾ സംരക്ഷിക്കണം

ഓരോ നാടിന്റെയും സാംസ്കാരികപൈതൃകത്തിന്റെ ഈടുവയ്പുകളാണ് ചരിത്രസ്മാരകങ്ങൾ. ചരിത്രഗതിയിൽ മറക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്ന ഗതകാലത്തിന്റെ ദീപ്തമായ സ്മരണകൾ സൂക്ഷ്മമായി നിലനിർത്തേണ്ടതാവശ്യമാണ്. സാമൂഹിക ഉച്ചനീചത്വങ്ങൾ തീരാകളങ്കമായി ചരിത്രത്തിൽ നമ്മെ തുറിച്ചുനോക്കുമ്പോഴും സാംസ്കാരികവൈവിധ്യവും, അതിലെ സൗന്ദര്യാത്മകതയും നമുക്കൊരിക്കലും അവഗണിക്കാനാകില്ല.



രാജഭരണത്തിന്റെ ശേഷിപ്പുകൾ സംരക്ഷിച്ച് നിലനിർത്തേണ്ടതുണ്ട്. മാമാങ്കം ഒരു കാലത്തിന്റെ സാംസ്കാരികചരിത്രമാണ്. 12 വർഷത്തിലൊരിക്കൽ തിരുനാവായയിൽ അരങ്ങേറിയിരുന്ന മാമാങ്കത്തിന്റെ, സ്മാരകങ്ങളുടെ സംരക്ഷണം നാടിന്റെ ഗതകാലത്തോടുള്ള സ്മരണയാണ്. കേരളീയ സാംസ്കാരിക പൈതൃകത്തിന്റെ മുഖ്യ ഉറവിടമായ ഭാരതപ്പുഴയുടെ തീരങ്ങളിലെ മാമാങ്കസ്മാരകങ്ങളുടെ സംരക്ഷണച്ചുമതല ഡി.ടി.പി.സിക്ക് കൈമാറേണ്ടതുണ്ട്. ഇപ്പോൾ സാംസ്കാരികവകുപ്പാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. ടൂറിസംമന്ത്രിയുമായി ചർച്ചനടത്തി മാമാങ്കമഹോത്സവം ഡി.ടി.പി.സിയുടെയും നാട്ടുകാരുടെയും സഹകരണത്തോടെ നടത്തുന്ന കാര്യവും തീരുമാനിക്കുന്നതാണ്. മാത്രമല്ല നിലപാടുതറയിലേക്കുള്ള വഴിയെ സംബന്ധിച്ച പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

തിരുനാവായ ഗ്രാമത്തിലാണ് മാമാങ്കം നടന്നിരുന്നത്. വാണിജ്യത്തിനും ജനങ്ങളുടെ ഒത്തുചേരലിനും ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നതിനുമാണ് മാമാങ്കം നടക്കുന്നത്. എല്ലാ വർഷവും മാഘമാസത്തിലെ മകംനാളിലാണ് മാമാങ്കത്തിന് തിരിതെളിയുന്നത്.







മാമാങ്കവുമായി ബന്ധപ്പെട്ട ചരിത്രസ്മാരകങ്ങൾ ഗ്രാമത്തിലിന്നും ചിതറിക്കിടക്കുന്നുണ്ട്. അവയൊക്കെ പുതിയ തലമുറയ്ക്കായി സംരക്ഷിച്ച് നിലനിർത്തേണ്ടതുണ്ട്. നിലപാട് തറ, കുത്തുകല്ല്, മണിക്കിണർ, പഴുക്കമണ്ഡപം, തുഞ്ചൻ മണ്ഡപം, നാറാണത്തു ഭ്രാന്തൻ, മേൽപ്പത്തൂർ സ്മൃതിമണ്ഡപം, ബ്രഹ്മക്ഷേത്രം, നാവാമുകുന്ദക്ഷേത്രം, ശിവക്ഷേത്രം, മഹാശിലായുഗ മെൻഹിർ എന്നിവ ചരിത്രം ഓർമിപ്പിച്ചുകൊണ്ട് ഇന്നും നിലനിൽക്കുന്നു.

ഫെബ്രുവരി ഏഴു മുതൽ പത്തുവരെയാണ് മാമാങ്ക മഹോത്സവം നടന്നത്. മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, നെഹ്റു യുവകേന്ദ്ര, കേരള കളരിപ്പയറ്റ് അസോസിയേഷന്റെ മലപ്പുറം ജില്ലാ കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ റി-എക്കൗ എന്ന സംഘടനയാണ് നിളാതീരത്ത് മാമാങ്കമഹോത്സവം സംഘടിപ്പിച്ചത്. മലബാറിന്റെ ചരിത്രമുറങ്ങുന്ന ഈ സാംസ്കാരികമഹോത്സവം സന്ദർശിക്കാനും ചരിത്രശേഷിപ്പുകൾ കാണാനും അവസരംകിട്ടിയത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഇവയൊക്കെ സംരക്ഷിച്ചു നിലനിർത്തണ്ടത് നമ്മുടെ പാരമ്പര്യത്തിന് അനിവാര്യമാണ്. ■

*സാംസ്കാരികമന്ത്രി കെ.സി. ജോസഫ് മാമാങ്കസ്മാരകങ്ങൾ സന്ദർശിക്കുന്നതിന്റെ വിവിധ ദൃശ്യങ്ങൾ*





അഴീക്കോടെന്ന വിമർശകൻ മലയാളത്തിൽ സ്ഥാനം നേടുന്നത് മികച്ച സാഹിത്യസൃഷ്ടികളുടെ വ്യാഖ്യാതാവ് എന്ന നിലയിലല്ല. സാഹിത്യത്തിന്റെ മൂല്യനിർണയം നടത്തുവാൻ കെല്പു നേടിയ പണ്ഡിതനെന്നനിലയിലുമല്ല. മറിച്ച് ഓരോ സാഹിത്യസൃഷ്ടിയും പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ വിജയപരാജയങ്ങൾ ഒരു കൃതിയിൽ കുറിക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്നാരായുന്ന അന്വേഷകനെന്നനിലയിലാണ്. അഴീക്കോടിന്റെ ഖണ്ഡനവിമർശനം നിർദാക്ഷണ്യത്തോടെ വിശകലനംചെയ്തത് ഒരു സാഹിത്യസൃഷ്ടിയിലെ ഉൾക്കാഴ്ചകളെ മാത്രമല്ല അന്ധബിന്ദുക്കളെയുമാണ്. മികച്ചത് എന്ന് പ്രകീർത്തിക്കപ്പെടുന്ന രചനകൾ മാത്രമേ പഠനത്തിനു വിധേയമാക്കാവൂ എന്ന നിലയിലുള്ള സഹൃദയത്വശാസനയെ ധിക്കരിച്ചുകൊണ്ട് വികലമായ സൃഷ്ടികളെയും അഴീക്കോട് അന്വേഷണവിധേയമാക്കി. പ്ലാറ്റോണിക് എന്നു വിളിക്കാവുന്ന ഒരു ആശയവാദത്തിന്റെ സ്വാധീനം അഴീക്കോടിൽ കണ്ടെത്താനാകും. ഉത്കൃഷ്ടമായ സാഹിത്യസൃഷ്ടിയെക്കുറിച്ചുള്ള ആശയബോധത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം മൂർത്തമായ കൃതികളെ വിമർശനവിധേയമാക്കിയത്. തന്റെ ആശയരൂപവുമായി താദാത്മ്യം പ്രാപിക്കുവാൻ ഒരു സാഹിത്യരചനയ്ക്ക് ഏതൊക്കെ തലത്തിൽ കഴിയുന്നില്ലായെന്നാണ് അഴീക്കോട് വ്യക്തമാക്കുന്നത്. തിരസ്കാരത്തിന്റെ വിമർശനരൂപം ജന്മംകൊള്ളുന്നത് ഈ അന്വേഷണത്തിൽനിന്നാണ്. *ആശാന്റെ സീതാകാവ്യം, രമണനും മലയാളകവിതയും, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു* എന്നീ കൃതികളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്കിതു ബോധ്യമാകും.

സംസ്കൃതസാഹിത്യസിദ്ധാന്തങ്ങളിൽ എന്നപോലെ പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെയും സ്വാംശീകരിച്ചുകൊണ്ടാണ്




**വിനോദവ്യവസായം കലയെത്തന്നെ തിരസ്കരിച്ച് കച്ചവടത്തെയും ലാഭത്തെയും കലയായി വ്യാഖ്യാനിക്കുന്ന ഇക്കാലത്ത് തിലകനെപ്പോലുള്ള ഒരു കലാകാരന് അഭിനയവിലക്ക് ഏർപ്പെടുത്തപ്പെട്ടപ്പോൾ ഈ ഒറ്റയാൾ പ്രസ്ഥാനം അതിനെതിരെ രംഗത്തുവന്നു. പണാധിപത്യത്തിന്റെ മേൽക്കോയ്മ കലയുടെ മേഖലയിൽ സർഗാത്മകതയ്ക്കും ജനാധിപത്യത്തിനുതന്നെയും വിലക്ക് ഏർപ്പെടുത്തുന്നതായി തിരിച്ചറിഞ്ഞുകൊണ്ടിരുന്നു അഴീക്കോടിന്റെ പോരാട്ടം.**

അഴീക്കോട് ഖണ്ഡനവിമർശനത്തിനു വഴിയൊരുക്കിയത്. അദ്ദേഹം സ്വാംശീകരിച്ച സാഹിത്യസൗന്ദര്യസിദ്ധാന്തങ്ങളുടെ അടിക്കല്ലായി ഗാന്ധിയൻചിന്തയോടുള്ള പ്രതിബദ്ധതയും വർത്തിക്കുന്നു. ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുമ്പോൾ എന്ന കൃതിയിൽ റൊമാന്റിക് കവിതയുടെ അപചയത്തെ മുൻനിർത്തിയാണ് അദ്ദേഹം വിമർശനം നിർവഹിക്കുന്നത്. റൊമാന്റിസിസത്തെ സാഹിത്യത്തിന്റെ കേന്ദ്രസ്ഥാനത്താണ് അഴീക്കോട് പ്രതിഷ്ഠിച്ചത്. സാഹിത്യനിർവഹണം അറിയാനാവശ്യമായ ഹൃദയാലുത്വമായാണ് റൊമാന്റിസിസത്തെ അഴീക്കോട് നിർവചിച്ചത്. സാഹിത്യമണ്ഡലത്തിൽ മഹാകവിയെന്ന നിലയിൽ പൊതുവെ അംഗീകാരം നേടിയ കവിയെ അദ്ദേഹം പ്രതിനിധാനംചെയ്യുന്ന സാഹിത്യസങ്കേതങ്ങളുടെ അടിസ്ഥാനത്തിൽ ഇഴപിരിച്ചു വിശകലനംചെയ്ത് ചോദ്യംചെയ്യുകയാണ് അഴീക്കോട്. റൊമാന്റിക് കവിതയുടെ അപചയത്തെ മുൻനിർത്തിയാണ് ഈ സാഹിത്യവിചാരണ. മഹത്തായ ഒരു പ്രസ്ഥാനം ഉച്ചസ്ഥായിലെത്തുമ്പോൾ സംഭവിക്കുന്ന മികച്ച കൃതികളെ പഠനവിധേയമാക്കുന്നതിലും പ്രധാനമാണ് ആ പ്രസ്ഥാനത്തിന്റെ അപചയഘട്ടത്തിൽ സംഭവിക്കുന്ന കൃതിയുടെ വിശകലനം എന്ന അഭിപ്രായമാണ് അഴീക്കോടിന്റേത്. ചങ്ങമ്പുഴയുടെ രമണനും ശങ്കരക്കുറുപ്പിന്റെ കവിതകളും റൊമാന്റിസിസത്തിന്റെ അപചയകാലത്തെ പ്രതിനിധീകരിക്കുന്നതായി അഴീക്കോട് വാദിക്കുന്നു. അതുകൊണ്ടാണ് അവ മികച്ച കൃതികളായി മാറാതെപോയത്. വിമർശനരംഗത്തുണ്ടായ നിശ്ചലതയെ ഭേദിച്ചുകൊണ്ട് യുക്തിവിചാരത്തിന്റെ അഗ്നിവെളിച്ചത്തിലേക്കു നീക്കിനിർത്തിയാണ് വിമർശനം നടത്തുന്നത്. അർഥശൂന്യമായ പ്രശംസയെക്കാൾ മെച്ചം സാഹിത്യനിരീഷണസമൃദ്ധമായ ഖണ്ഡനമാണെന്ന് അഴീക്കോട് നിരൂപിച്ചു. മിസ്റ്റിസവും സിംബലിസവും ഒക്കെത്തന്നെ ശങ്കരക്കുറുപ്പിനെ സ്വാധീനിച്ചുവെങ്കിലും അദ്ദേഹത്തിന്റെ കവിതകളിൽ അവയുടെ ആന്തരസത്യം വെളിപ്പെടുന്നില്ല എന്ന കണ്ടെത്തലിലാണ് അഴീക്കോട് എത്തിയത്. ആശാന്റെ സീതാകാവ്യവിമർശനത്തിലാകട്ടെ രാമന്റെ ഉയർച്ചകളെയാണ് രാമായണത്തിലൂടെ പ്രതിഫലിക്കപ്പെടുന്നതെങ്കിൽ സീതായനത്തിലൂടെ രാമന്റെ താഴ്ചയും പതനവുമാണ് സംഭവിക്കുന്നത് എന്ന് അഴീക്കോട് ചൂണ്ടിക്കാട്ടുന്നു. കുട്ടിക്കൃഷ്ണമാരാരെപ്പോലെ നിശിതമായ യുക്തിചിന്തകൊണ്ടാണ് അഴീക്കോട് വിമർശനസമുച്ചയം കെട്ടിപ്പൊക്കുന്നത്. ഇന്നും നമ്മുടെ വായനയെ ഉദ്ദീപിപ്പിക്കുവാൻ ഈ വിമർശനങ്ങൾക്ക് കഴിയുന്നത് അവ ഏകപക്ഷീയമായി ഭാരതീയസാഹിത്യസമീപനങ്ങളെയോ പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെയോ പിന്തുടരുന്നില്ല എന്നതുകൊണ്ടു കൂടിയാണ്.

സാഹിത്യത്തിന്റെ അടിസ്ഥാനതത്ത്വമായി രസധ്വനിയെ പ്രതിഷ്ഠിക്കുമ്പോൾത്തന്നെ തന്റെ ഭാവുകത്വത്തെ നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയും അഴീക്കോടിൽ സംഭവിക്കുന്നുണ്ട്. കവിത ഭാവനയിലൂടെയുള്ള ചിന്തയാണ് എന്ന അടിസ്ഥാനബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. റൊമാന്റിക് കവിതയെ ഉത്കൃഷ്ടകവിതയായി പ്രതിഷ്ഠിക്കുവാൻ അഴീക്കോടിന് പ്രേരകമായതും ഈ ബോധ്യംതന്നെയായിരിക്കാം. "റൊമാന്റിസിസത്തിന്റെ അതിപ്രസരണത്തിനു വിധിക്കപ്പെട്ട ചെറുതിരുത്തലുകൾമാത്രമാണ് ക്ലാസിസവും റിയലിസവും. കവിതയുടെ ഭക്ഷണം റൊമാന്റിസിസമാണെന്നും അത് ധാരാളം കഴിച്ചുണ്ടാകുന്ന രോഗങ്ങൾക്ക് ശമനമുണ്ടാക്കുന്ന ഔഷധങ്ങളാണെന്നും പറഞ്ഞാൽ, അവയുടെ സ്വഭാവവും അവ തമ്മിലുള്ള ബന്ധവും മനസ്സിലാക്കാൻ എളുപ്പമായിരിക്കും." *(ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു)* സങ്കുചിതമായ അർഥത്തിൽനിന്നും വിടുവിച്ച് വിശാലമായ ഒരിടമായി റൊമാന്റിസത്തെ അഴീക്കോട് മനസിലാക്കിയതുകൊണ്ടായിരിക്കാം വ്യത്യസ്തമായ കാലഘട്ടങ്ങളിലെ പ്രതിഭകളെ തിരിച്ചറിയുവാനും ആസ്വദിക്കുവാനും അദ്ദേഹത്തിനുകഴിഞ്ഞത്. ബാലാമണിയമ്മയുടെ കവിതകളെ ആസ്വദിക്കുകയും മനസിലാക്കുകയും ചെയ്തതുപോലെതന്നെ മാധവിക്കുട്ടിയുടെ രചനകളെയും ആസ്വദിക്കുവാനും അവയുടെ മഹത്വം തിരിച്ചറിയുവാനും അഴീക്കോടിന് കഴിഞ്ഞുവെന്നത് നിസ്സാരകാര്യമല്ല. ഒരു പ്രത്യേക ഭാവുകത്വത്തെ പുതുക്കുവാൻ അഴീക്കോടിന് കഴിഞ്ഞുവെന്നത് അദ്ദേഹത്തിന്റെ പ്രതിഭയുടെ ശക്തിയെത്തന്നെയാണ് കുറിക്കുന്നത്. പാശ്ചാത്യമായ സാഹിത്യപ്രസ്ഥാനങ്ങളെ

അന്ധമായി അനുകരിക്കുന്നതിനെ അഴീക്കോട് ശക്മായി എതിർത്തുപോന്നു. സാഹിത്യത്തിൽ സങ്കേതാനുകരണം ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂവെന്ന് അദ്ദേഹം വിശ്വസിച്ചു. സാഹിത്യത്തെ സംബന്ധിച്ച് അദ്ദേഹം പുലർത്തിയ കാഴ്ചപ്പാടുതന്നെയാണ് ഈ നിഗമനത്തിനു പിന്നിൽ പ്രവർത്തിച്ചത്. "പ്രാചീനഭാരതീയർതൊട്ടു നവീന പാശ്ചാത്യർവരെ വിശ്വസിച്ചുപോരുന്നതിൻവണ്ണം സാഹിത്യം ആലോചനാത്മകമായ ഒരു കലയാണ്. അത് അർഥത്തിൽ നിന്നുണ്ടായി അർഥത്തിൽ വളർന്ന് അർഥത്തിൽ വിലയിക്കുന്നു. അർഥം എന്നുവച്ചാൽ, ഭാവസ്ഫുരിതമായ അർഥമാണെന്നും ധൈഷണികമായ ആശയമല്ലെന്നും ധരിച്ചാൽ ഉത്തമമായി" (തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പുറം 113). കവിതയുടെ മൂല്യഘടകങ്ങൾ എന്ന പ്രബന്ധത്തിലും കവിതയെ സംബന്ധിച്ച മൗലികമായ ഒരു നിർവചനത്തിലേക്ക് എത്തുവാനാണ് അഴീക്കോട് ശ്രമിക്കുന്നത്. രസത്തെ കാവ്യാത്മകമായി പ്രതിഷ്ഠിച്ചുകൊണ്ട് സാഹിത്യം സമ്മാനിക്കുന്ന ലോകോത്തരവും ആഹ്ലാദകരവുമായ വികാരമൂല്യമായി അദ്ദേഹം രസത്തെ വിശദീകരിക്കുന്നു. അലൗകികമെന്നാണ് ഭാരതീയ ആചാര്യന്മാർ ഈ വികാരത്തെ വിശേഷിപ്പിക്കുന്നത്; ഇതിന്റെ അടിസ്ഥാനത്തിലാണ് അഴീക്കോട് കവിത എന്താണെന്നു നിർവചിക്കുന്നത്. "കവിഹൃദയത്തിലെ അനുഭൂതി മണ്ഡലത്തിന്റെ വികാരാത്മകതയ്ക്കു വിധേയമായി ശബ്ദാർഥങ്ങളിൽ ആരോപിതമാവുന്ന സംവിധാനത്തിന്റെ ശില്പമാണ് കവിത" (ഭാവനയെന്ന വിസ്മയം പുറം 41). അഴീക്കോടിന്റെ വിമർശനയാത്രയിലൂടെ കണ്ടെത്തപ്പെട്ട ആശയഖണ്ഡങ്ങൾ ഇനിയും പുതിയ അന്വേഷണങ്ങൾക്കു പ്രചോദനമാകുമെന്ന കാര്യം ഉറപ്പാണ്.

സംസ്കാരവിമർശനമായി സാഹിത്യകലാ പഠനങ്ങൾ വികസിക്കുന്ന ഒരു ഘട്ടത്തിൽ അഴീക്കോടിന്റെ സാന്നിധ്യം പുതിയ പ്രക്ഷോഭണങ്ങൾക്കു വഴിമരുന്നിട്ടു. കേരളത്തിന്റെ ഉത്തരാധുനികാവസ്ഥയിൽ ചോദ്യം ചെയ്യപ്പെടാത്ത ബിംബങ്ങളായി മാറിയ ചില മനുഷ്യരെയും ആശയങ്ങളെയും അഴീക്കോട് ധീരമായി എതിരിട്ടു. ആത്മീയത ഒരു വ്യവസായമായി വളർന്നു വികസിച്ച ഇക്കാലത്ത് ആത്മീയ സ്ഥാപനങ്ങളും ആൾദൈവങ്ങളും മലയാളിയുടെ യുക്തിബോധത്തെത്തന്നെ പരിഹസിച്ചുകൊണ്ടും അതിനെ ചവിട്ടിത്താഴ്ത്തിയും പൊതുമണ്ഡലത്തിൽ ആധിപത്യം ചെലുത്തിയ സന്ദർഭത്തിലാണ് മതേതരമായ ആത്മീയതയെ മുൻനിർത്തി ജീർണമായ ആത്മീയതയെ അഴീക്കോട് എതിരിട്ടത്. രാഷ്ട്രീയപ്രസ്ഥാനങ്ങൾപോലും തന്റേടം കാണിക്കാത്ത സന്ദർഭത്തിലാണ് നവോത്ഥാനത്തിന്റെ ചൈതന്യത്തെ ഉയർത്തിക്കാട്ടി ആത്മീയാന്ധതയെ അഴീക്കോട് നേരിട്ടത്. വിനോദവ്യവസായം കലയെത്തന്നെ തിരസ്കരിച്ച് കച്ചവടത്തെയും ലാഭ




ത്തെയും കലയായി വ്യാഖ്യാനിക്കുന്ന ഇക്കാലത്ത് തിലകനെപ്പോലുള്ള ഒരു കലാകാരന് അഭിനയവിലക്ക് ഏർപ്പെടുത്തപ്പെട്ടപ്പോൾ ഈ ഒറ്റയാൾപ്രസ്ഥാനം അതിനെതിരെ രംഗത്തുവന്നു. പണാധിപത്യത്തിന്റെ മേൽക്കോയ്മ കലയുടെ മേഖലയിൽ സർഗാത്മകതയ്ക്കും ജനാധിപത്യത്തിനു തന്നെയും വിലക്ക് ഏർപ്പെടുത്തുന്നതായി തിരിച്ചറിഞ്ഞുകൊണ്ടിരുന്നു അഴീക്കോടിന്റെ പോരാട്ടം. തന്റെ നിലപാടുകൾ പൊതുസമൂഹത്തിന് അത്ര സ്വീകാര്യമാകില്ല എന്നറിഞ്ഞിട്ടും ജനാധിപത്യത്തിന്റെയും മനുഷ്യാവകാശത്തിന്റെയും അടിത്തറ തകരാതിരിക്കാനാണ് പ്രക്ഷോഭത്തിന്റെ ധീരതയായി അഴീക്കോടിന്റെ ശബ്ദം മുഴങ്ങിയത്. തിലകനെന്ന നടനെ മലയാളസിനിമയ്ക്ക് അതുമൂലം തിരികെ ലഭിച്ചു എന്നതു മാത്രമല്ല അധികാരത്തിനും പണാധിപത്യത്തിനും മുന്നിൽ നട്ടെല്ലുവളച്ച ജീവിതമായി ബൗദ്ധികജീവിതം അധഃപതിച്ചതിനെതിരെയുള്ള ഒരു താക്കീതുകൂടിയായി അഴീക്കോടിന്റെ പോരാട്ടം മാറി. ജനങ്ങളുടെ അബോധത്തിൽ കെടാതെ അവശേഷിക്കുന്ന കനൽച്ചൂടായി അഴീക്കോടിന്റെ വാക്കുകൾ രൂപാന്തരപ്പെട്ടു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രഭാഷണമെന്ന സ്വകാര്യമല്ലാത്ത എഴുത്തിലേക്കു ജനങ്ങൾ കയറിവന്നത്. ആത്മാർഥതയുടെ ആർജവമുള്ള എഴുത്തായി ആ പ്രഭാഷണങ്ങൾ മാറിത്തീരുകയായിരുന്നു. കേരളത്തിലെ സാമൂഹികവും സാംസ്കാരികവുമായ ജീർണതകളെ മൂടിവയ്ക്കുവാൻ ഒരു സാങ്കേതികവിദ്യയ്ക്കും കഴിയില്ലെന്ന സത്യമാണ് അഴീക്കോടിന്റെ പ്രഭാഷണങ്ങൾ വെളിപ്പെടുത്തിയത്.

നവോത്ഥാനമൂല്യങ്ങൾ പാതിമാത്രം ദഹിച്ചു വിസർജിക്കപ്പെട്ടുപോയ മലയാളി സമൂഹം അന്ധവിശ്വാസങ്ങളെയും ജാതിവ്യവസ്ഥയെയും ഇറുകിപ്പുണർന്നു ജീവിക്കുന്ന ഉത്തരാധുനികഘട്ടത്തിൽ നൈതികതയെയും ധാർമികതയെയും സംബന്ധിച്ച ഗൗരവമായ ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നില്ല. പ്രക്ഷോഭണത്തിന്റെയും വിപ്ലവത്തിന്റെയും അഗ്നിജ്വാലകൾ കെട്ടടങ്ങി ഒത്തുതീർപ്പുകളും കെട്ടുകാഴ്ചകളുമായി യാഥാസ്ഥിതികത്വത്തെ പുത്തൻ കുപ്പായമണിയിച്ച് സ്വത്വത്തെ നിർവചിച്ചുപോരുന്ന മലയാളി ജാതിചോദിക്കുകയും പറയുകയും ചെയ്തു തുടങ്ങിയ ഘട്ടത്തിലാണ് അഴീക്കോടിന്റെ വെളിപാടു നിറഞ്ഞ വാക്കുകൾ പ്രസക്തമാകുന്നത്. "ലോകം ഇതുവരെ കണ്ടുപിടിച്ച ഏതു മർദനസംവിധാനത്തെക്കാളും ജാതി, അന്തർനിഷ്ഠവും മർദിതനുപോലും സമ്മതവും അതിനാൽ തികച്ചും മനശ്ശാസ്ത്രാധിഷ്ഠിതവും പ്രത്യക്ഷത്തിൽ ഹിംസസ്വഭാവം ഇല്ലാത്തതും കാലത്തിനുപോലും അഭേദ്യമായ സാമൂഹികഘടനയിൽ ഉറച്ചുനിൽക്കുന്നതുമാണ്. അതുകൊണ്ട് അത് ഇന്ത്യയിലെ ഏതു പരിഷ്കരണോദ്യമങ്ങളെയും അതിജീവിച്ചു നിൽക്കുന്നു. ഓരോയുഗത്തിലും അത് പുതുരൂപത്തിൽ അവതരിപ്പിക്കുന്നു. ഇന്ത്യയിലെ ഏറ്റവും ശാശ്വതമായ പ്രസ്ഥാനം ജാതിയാണ്." (തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ പുറം 132-3). സാമൂഹികനീതി അഥവാ ജാതീയമായ മേൽക്കോയ്മകൾക്കെതിരെയുള്ള സമരം കടലാസിൽ എഴുതിവയ്ക്കുന്ന വിപ്ലവപ്പാർട്ടികൾപോലും പ്രവർത്തനരംഗത്ത് സവർണമേൽക്കോയ്മയെ ചോദ്യംചെയ്യാതെ സ്വീകരിക്കുന്ന ഇക്കാലത്ത് അഴീക്കോടിന്റെ വെളിപാട് ഒരു ഞെട്ടലോടെ നാം അഭിമുഖീകരിക്കുന്നു. ആധുനികതയും ഉത്തരാധുനികതയും ഇനിയും മനസ്സുകൊണ്ട് അംബേദ്കറെയും അയ്യൻകാളിയെയു മൊക്കെ തീണ്ടാപ്പാടകലെ നിർത്തി വിപ്ലവസപര്യ തുടർന്നുകൊണ്ടിരിക്കും. അദ്വൈതത്തിന്റെയും സമത്വത്തിന്റെയും മാറ്റൊലികൾ അപ്പോഴും അന്തരീക്ഷത്തിൽ മുഴങ്ങിനിൽക്കും. ഒറ്റശിലയിൽ അപരത്വത്തെ ഹിംസിച്ചു നശിപ്പിക്കുന്ന ഫാസിസമായും അടിച്ചമർത്തപ്പെട്ട ജനതകളുടെ പിന്മുറക്കാരെ അധികാരത്തിൽനിന്നും സമ്പത്തിൽനിന്നും അകറ്റിനിർത്തിയും ഈ വാചാടോപങ്ങൾ ഒരു മായാതീരത്ത് നമ്മുടെ ബോധത്തെ വലയംചെയ്യുവാൻ ശ്രമിക്കും. സൂക്ഷ്മമായ സമരൂപങ്ങൾ കൊണ്ട് യാഥാർഥ്യത്തിന്റെയും വിപ്ലവവായാടിത്തത്തിന്റെയും മായാവലയത്തെ പിളർന്നുകൊണ്ട് ജീവിതം തുടരുവാൻ നാം ഉത്തരവാദിത്വപ്പെട്ടവരാണെന്ന് അഴീക്കോട് ഓർമിപ്പിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തെ സ്മരിക്കുമ്പോൾ നമ്മുടെ വാക്കുകൾ നിഷ്കളങ്കവും നിരായുധവുമായിരിക്കും. ആത്മാർഥതയെ തൊട്ടറിയുമ്പോൾ അങ്ങനെ മാത്രമേ വാക്കുകൾ പുറത്തുവരൂ. പക്ഷേ അഴീക്കോട് എതിരിട്ട തിന്മകളോട് സായുധമാക്കപ്പെട്ട വാക്കുകൾ കൊണ്ട് എതിരിടുവാനും പുതിയ നവോത്ഥാനത്തിന്റെ ജീവിതരീതികൾ കണ്ടെത്തുവാനും നാം ബാധ്യസ്ഥരാണ്. ■

# രാജ്യാന്തര നാടകോത്സവത്തിന് തിരശ്ശീല വീണു



മാളവികാഗ്നിമിത്രം

ഭാരതസംസ്കാരവും ലോകസംസ്കാരവും തമ്മിലുള്ള ക്രിയാത്മകമായ ആശയവിനിമയത്തിനുള്ള വേദിയായി തൃശൂരിൽ നടന്ന ഇറ്റ്ഫോക്ക് രാജ്യാന്തര നാടകോത്സവം. സാംസ്കാരികവകുപ്പും കേരള സംഗീത നാടക അക്കാദമിയും ചേർന്നു ഫെബ്രുവരി ഒന്നു മുതൽ എട്ടുവരെയാണ് നാടകോത്സവം സംഘടിപ്പിച്ചത്. ലോകനാടകവേദിയിലെ നൂതനസംരംഭങ്ങളും നവീന ചിന്താധാരകളും തൃശൂരിലെ അരങ്ങുകളിൽ സമന്വയിപ്പിക്കുക എന്നതായിരുന്നു ഇറ്റ്ഫോക്കിന്റെ അന്തഃസത്ത. ദൃശ്യഭാഷയിലെ പരിഷ്കാരങ്ങൾ പ്രാദേശികതലത്തിൽകൊണ്ടുവരുന്നതും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോഗവും മേളയ്ക്കു തിളക്കംകൂട്ടി.

പൂരത്തിന്റെ നാട്ടിൽ ഇലഞ്ഞിത്തറമേളവും പഞ്ചവാദ്യവും കേട്ടുപഴകിയ മനസ്സുകൾക്കു പുതുമയുടെ കുളിരുപോലെയായിരുന്നു ഉദ്ഘാടനച്ചടങ്ങിൽ അവതരിപ്പിച്ച മാംഗനീയാർ സംഗീതം. പുഴ ഒഴുകുന്നപോലെ താളത്തിൽ, ദ്രുതിയിൽ ആരോഹണാവരോഹണങ്ങളിലൂടെയുള്ള ഈ സംഗീതധാര പെയ്തിറങ്ങിയപ്പോൾ സദസിൽനിന്ന് നിറഞ്ഞ കയ്യടിയായിരുന്നു.

മഹാകവി കാളിദാസന്റെ മാളവികാഗ്നിമിത്രത്തോടെയാണ് നാടകാവതരണത്തിനു തുടക്കംകുറിച്ചത്. കാറ്റലോണിയ, ലിത്വാനിയ, ഇറ്റലി, ഇസ്രായേൽ, ഇംഗ്ലണ്ട് എന്നീ വിദേശരാഷ്ട്രങ്ങളിലെ നാടകസംഘങ്ങളും ഇന്ത്യയിലെ പ്രശസ്തമായ ഗ്രൂപ്പുകളും നാടകോത്സവത്തിൽ പങ്കെടുത്തു. വ്യത്യസ്തമായ നിരവധി നാടകങ്ങൾ ഈ മേളയെ ശ്രദ്ധേയമാക്കി. *കാമൻഫ്യൂൻബർ, ടെൻതൗസന്റ് ലീഗ്സ് അണ്ടർ ദ സി, ഗോൾഡൻ ഡ്രാഗൻ, ഒഡിഷ്യസ് കയോട്ടിക്സ്, ഹുമോർട്ടൺ, ഇമേജിനിങ് ദി വാട്ടർ സ്റ്റേഷൻ* തുടങ്ങിയ നാടകങ്ങൾ അവതരണ മികവുകൊണ്ടും പ്രമേയഗതികൊണ്ടും വിസ്മയിപ്പിച്ചു. നാടകാവതരണത്തിനു പുറമേ കഥകളി, കൃഷ്ണനാട്ടം, തോൽപ്പാവക്കൂത്ത്, തെയ്യം എന്നീ പാരമ്പര്യ കലാരൂപങ്ങളും കവിതാലാപനവും സംഗീതപരിപാടിയും അരങ്ങേറി.

ലോകനാടകവേദിയിലെ ആചാര്യസ്ഥാനത്തു വർത്തിക്കുന്ന ലബ്ധപ്രതിഷ്ഠരായ നാടകകൃത്തുകളുടെ രചനകൾക്കു പ്രാമുഖ്യം നൽകി അവതരിപ്പിച്ച മീറ്റ് ദ മാസ്റ്റേഴ്സ് എന്ന വിഭാഗമാണ് നാലാമത് നാടകമേളയെ ശ്രദ്ധേയമാക്കിയത്. ഷേക്സ്പിയർ, ഇബ്സൻ, ലിയോ ടോൾസ്റ്റോയി, റൊണാൾഡ് ഷാബെൻ, ഹോമർ, കാളിദാസൻ, ഹരോൾഡ് പിന്റർ, റിച്ചാർഡ് ഷെറ്റ്നർ തുടങ്ങിയവരുടെ നാടകങ്ങളാണ് ഈ വിഭാഗത്തിൽ അവതരിപ്പിക്കപ്പെട്ടത്.

നാടകാവതരണത്തിനുശേഷം സംവിധായകരുമായുള്ള മുഖാമുഖം, സെമിനാർ എന്നീ പരിപാടികൾ ആസ്വാദകരുടെ സജീവ പങ്കാളിത്തംകൊണ്ടു ശ്രദ്ധേയമായി. ഓരോ ദിവസവും നിറഞ്ഞുകവിഞ്ഞ പ്രൗഢസദസ്സ് നാടകത്തെ ജനം എത്രത്തോളം സ്നേഹിക്കുന്നുവെന്നും നാടകം ജീവിതത്തെ എങ്ങിനെയൊക്കെ സ്വാധീനിക്കുന്നുവെന്നുമുള്ളതിന്റെ തെളിവായിരുന്നു.

നാടകോത്സവത്തിന്റെ ഉദ്ഘാടനം ആർട്ടിസ്റ്റ് എം.വി. ദേവൻ, പത്മഭൂഷൻ കലാമണ്ഡലം രാമൻകുട്ടി ആശാൻ, പത്മശ്രീ പാറശാല ബി. പൊന്നമ്മാൾ, മേളവിദ്വാൻ തൃപ്പേക്കുളം അച്യുതമാരാർ എന്നിവർ ദീപം തെളിയിച്ചു നിർവഹിച്ചു. സാംസ്കാരികമന്ത്രി കെ.സി. ജോസഫ് നാടകോത്സവത്തിന് എത്തിയിരുന്നു.

***എം.എസ്. അലിക്കുഞ്ഞ്***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ*



മൊളഗാപൊടി



ഇന്റർവ്യൂ



ചണ്ഡാലിക

## റീച്ച് ഔട്ട് ഫെസ്റ്റിവൽ : തിരുവനന്തപുരം/കോഴിക്കോട്

# സന്ധ്യകളെ ധന്യമാക്കിയ നാടകങ്ങൾ

**വി.ബി. നന്ദകുമാർ / എം. മധുസൂദനൻ**

തൃശൂരിൽ നടന്ന രാജ്യാന്തര നാടകോത്സവത്തിന്റെ സന്ദേശം ആസ്വാദകരിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് തിരുവനന്തപുരത്തും, കോഴിക്കോട്ടും 'റീച്ച് ഔട്ട് ഫെസ്റ്റിവൽ' സംഗീതനാടക അക്കാദമിയും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പും ചേർന്ന് സംഘടിപ്പിച്ചത്. തിരുവനന്തപുരം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ഗതാഗതമന്ത്രി വി. എസ്. ശിവകുമാർ നിർവഹിച്ചു. ഫെബ്രുവരി രണ്ടിന് കാർത്തിക തിരുനാൾ തിയേറ്ററിൽ കാളിദാസന്റെ മാളവികാഗ്നിമിത്രം കാവാലം നാരായണപ്പണിക്കർ തന്റേതായ ശൈലിയിൽ പുനരാവിഷ്കരിച്ചപ്പോൾ അത് ആസ്വദിക്കാൻ നിറഞ്ഞ സദസ്സുണ്ടായിരുന്നു.നൃത്തച്ചുവടുകളോടെയും മെയ്‌വഴക്കത്തോടെയും താളത്തിനും ഗാനത്തിനും മനോഹരമായ പ്രകാശവിതാനത്തിനുമൊപ്പം തിരുവനന്തപുരം  സോപാനത്തിലെ 20 കലാകാരന്മാർ സ്റ്റേജിൽ നാടകം അവതരിപ്പിച്ചപ്പോൾ അതു തികച്ചും ആസ്വാദ്യകരമായി.

ചലച്ചിത്രതാരം രേവതിയും പ്രശസ്ത നാടക കലാകാരി അരുന്ധതി നാഗും ചേർന്നവതരിപ്പിച്ച ബാംഗ്ലൂർ നാടകസംഘത്തിന്റെ *ആഫ്റ്റർ ലൈഫ് ഓഫ് ബേർഡ്സ്* എന്ന രണ്ടാം ദിവസത്തെ നാടകം ഒരു പ്രത്യേക തിയേറ്റർ അനുഭവമാണ് കാഴ്ചക്കാരിൽ ഉണ്ടാക്കിയത്. ക്യാമറയ്ക്കു മുന്നിലെ വിശാലതയും സ്റ്റേജിനകത്തെ പരിമിതിയും ഒരുപോലെ കൈകാര്യം ചെയ്യാൻ തനിക്കാവുമെന്ന് രേവതി കാട്ടിത്തന്നു.

രാജസ്ഥാനി സംഗീതമഴ പെയ്തിറങ്ങിയ സന്ധ്യയായിരുന്നു മൂന്നാം ദിവസത്തെ നാടകോത്സവവേദി. തലമുറകളായി മാംഗനീയാർ വിഭാഗം വായ്മൊഴിയിലൂടെമാത്രം കേട്ടു പാടി ഹൃദിസ്ഥമാക്കിയ രജപുത്രഗീതങ്ങൾ ഒരു മണിക്കൂർനേരം സദസ്സിനെ തിയേറ്ററിനകത്തുതന്നെ  പിടിച്ചിരുത്തി.

മുംബൈ അറ്റ്പാരിയാസ് നാടകസംഘത്തിന്റെ *ഇന്റർവ്യൂ* എന്ന നാടകം നാടകാസ്വാദനത്തിന്റെ പുത്തൻ മേഖലകളെ പരിചയപ്പെടുത്തി. കോർപ്പറേറ്റ് സ്ഥാപനത്തിൽ *ഇന്റർവ്യൂ*വിന് എത്തുന്ന യുവാവ് നേരിടേണ്ടിവന്ന അസാധാരണ സംഭവങ്ങളും അതിന്റെ പ്രത്യേക അവതരണരീതിയും തലസ്ഥാനനഗരിയിലെ കലാപ്രേമികൾക്ക് പുത്തൻ അനുഭവമായി. രാജ്യത്ത് ഇന്നുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ഉൾപ്പൊരുൾ കാഴ്ചക്കാരിലെത്തിക്കാൻ സംവിധായകനായ ആകർഷ് ഖരാനയ്ക്ക് സാധിച്ചു.

ചെന്നൈ കട്ടിയക്കാരി നാടകസംഘത്തിന്റെ *മൊളഗാപൊടി* എന്ന നാടകവും നിറഞ്ഞ സദസ്സിനുമുമ്പിലാണ് അരങ്ങേറിയത്. ഇന്ത്യൻ ജീവിതത്തിന്റെ പ്രത്യേകിച്ച് തമിഴ് ജീവിതത്തിന്റെ നേർക്കാഴ്ചയായിരുന്നു നാടകം.

കൊൽക്കത്തയിലെ രംഗകർമയാണ് ഹിന്ദിയിലുള്ള *ചണ്ഡാലിക* എന്ന നാടകം അവതരിപ്പിച്ചത്. ആറു ദിവസം ആറു നാടകങ്ങൾ തലസ്ഥാനത്തിന്റെ ആറു സന്ധ്യകളെ ധന്യമാക്കി. എല്ലാ ദിവസവും നാടകം കഴിഞ്ഞശേഷം നാടകസംഘവുമായി കാഴ്ചക്കാരുടെ മുഖാമുഖവും നടന്നു. ഇതേ നാടകങ്ങൾ കോഴിക്കോടും റീച്ച് ഔട്ട് ഫെസ്റ്റിവലിന്റെ ഭാഗമായി അരങ്ങേറുകയുണ്ടായി.

ഉത്തരകേരളത്തിലെ മൺമറഞ്ഞ അഗ്രഗാമികളായ നാടകപ്രതിഭകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചാണ് ആറു ദിവസത്തെ നാടകോത്സവത്തിന് തിരശ്ശീല വീണത്.

സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് കോഴിക്കോട്ടെ നാടകോത്സവം ഉദ്ഘാടനം ചെയ്തു. മലബാറിലെ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി കോഴിക്കോട്ട് സാംസ്കാരിക ഗ്രാമം ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവയുടെ മേഖലാ കേന്ദ്രങ്ങൾ ഈ സാംസ്കാരികഗ്രാമത്തിൽ സ്ഥാപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട് കോർപ്പറേഷൻ മേയർ പ്രൊഫ.എ.കെ പ്രേമജം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എം.കെ. രാഘവൻ എം.പി, എ.പ്രദീപ്കുമാർ എം.എൽ.എ, ജില്ലാ കലക്ടർ ഡോ. പി.ബി സലീം, നിലമ്പൂർ അയിഷ, ടി. ദാമോദരൻ, സിവിക് ചന്ദ്രൻ, ഗോപിനാഥ് കോഴിക്കോട് എന്നിവരും സന്നിഹിതരായിരുന്നു.

മാംഗാനിയാർ സംഗീതപരിപാടി



■ ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

യാത്രാവിവരണം

# ദേവഭൂമി ഉത്തരാഞ്ചൽ

②

ആഗ്രാഫോർട്ടും താജ്മഹലും കാണുന്നതിന് പുരാവസ്തുവകുപ്പിന്റെയും ആഗ്രാവികസന അതോറിട്ടിയുടെയും ടിക്കറ്റുകൾ വാങ്ങണം. ഈ സ്മാരകങ്ങൾ ഇത്ര മനോഹരമായി കാത്തുസൂക്ഷിക്കുന്നത് ഇങ്ങനെ ലഭിക്കുന്ന വരുമാനം കൊണ്ടാണ്. ആഗ്രാഫോർട്ടിന്റെ പരിസരത്തു നിന്നും ബാറ്ററികൊണ്ടു പ്രവർത്തിക്കുന്ന ചെറിയ ബസിലാണ് താജിന്റെ പ്രവേശനകവാടത്തിലെത്തിക്കുന്നത്. അന്തരീക്ഷമലിനീകരണം താജ്മഹലിന്റെ ഭംഗി നശിപ്പിക്കാതിരിക്കാൻ ഇവിടെ പെട്രോൾ-ഡീസൽ വാഹനങ്ങൾ നിരോധിച്ചിരിക്കുകയാണ്. താജ്മഹലിന്റെ തൊട്ടുതാഴെ മാലിന്യവാഹിനിയായി ഒഴുകുന്ന യമുനയുടെ കാഴ്ച ഞങ്ങളെ നിരാശരാക്കി.

താജ്മഹലിന്റെ പരിസരങ്ങളിൽ പ്രണയജോഡികൾ തീർത്തും സ്വതന്ത്രരാണ്.


ഇരുൾ പരക്കാൻ തുടങ്ങിയതോടെ ഞങ്ങൾ ഹോട്ടലിലെത്തി. തുകൽ ഉത്പന്നങ്ങൾക്കും മാർബിളിൽത്തീർത്ത കരകൗശല വസ്തുക്കൾക്കും ആഗ്ര പ്രസിദ്ധമാണ്. സംഘാംഗങ്ങളിൽ ചിലർ മാർക്കറ്റ് സന്ദർശിച്ച് പർചേസ് നടത്തി. കുതിരവണ്ടികളിൽ ഞങ്ങൾ മാർക്കറ്റുകളിൽ കയറിയിറങ്ങി. പാതിരാത്രിയോടെയാണ് മിക്കവരും ഹോട്ടലിലെത്തിയത്.

ആഗ്രയിൽനിന്നും അതിരാവിലെതന്നെ ഉത്തരാഞ്ചൽ ലക്ഷ്യമാക്കി പുറപ്പെട്ടു. വെളുപ്പിന് മൂന്നു മണിക്ക് എഴുന്നേറ്റു കുളി കഴിഞ്ഞ് കട്ടൻകാപ്പി മാത്രം കഴിച്ച് ബസിൽ കയറി. ഡൽഹി വഴിയാണ് യാത്ര. മൂടൽമഞ്ഞുവീണു കുതിർന്നുകിടക്കുന്ന വിശാലമായ നിരത്ത്. അതീവ വേഗതയിൽ ബസ് നീങ്ങവേ മിക്കവരും ഉറക്കത്തിലേക്കു വഴുതിവീണു.

ഹിമാലയപ്രദേശത്തെ പ്രധാനമായും അഞ്ചു ഖണ്ഡങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. 1. അമർനാഥ് ഖണ്ഡം (ജമ്മു-കാശ്മീർ ഭാഗങ്ങൾ), 2. ഹിമാചൽ ഖണ്ഡം (പഞ്ചാബ് ഭാഗങ്ങൾ), 3. കുമയോൺ - അൽമോറ ഖണ്ഡം (ഭൂട്ടാൻ ഭാഗങ്ങൾ), 4. ഗൗരീശങ്കർ ഖണ്ഡം (തിബത്ത്, സിക്കിം, നേപ്പാൾ ഭാഗങ്ങൾ), 5. കേദാർ ഖണ്ഡം (ഹരിദ്വാർ, കൈലാസം ഭാഗങ്ങൾ)

ഞങ്ങളുടെ യാത്ര ഇതിൽ കേദാർ ഖണ്ഡത്തിലേക്കാണ്. ഹരിദ്വാർ, ഡെറാഡൂൺ, ഉത്തരകാശി, ടെഹ്രി, പവ്രി, രുദ്രപ്രയാഗ്, ചമോളി എന്നീ ഏഴു ജില്ലകൾ ഉൾപ്പെട്ടതാണ് കേദാർ ഖണ്ഡിലെ ഗഢ്വാൾ ഭാഗങ്ങൾ. ഭാരതത്തിന്റെ ആധ്യാത്മിക സിരാകേന്ദ്രമാണ് ദേവഭൂമിയായ ഉത്തരാഞ്ചൽ സംസ്ഥാനം. അതികഠിനമായ ഹിമക്കാറ്റും മരം കോച്ചുന്ന തണുപ്പും സഹിച്ചു വേണം ഓരോ രാത്രിയും കഴിച്ചുകൂട്ടുവാൻ.

ഇന്ത്യയിലെ 27-ാം സംസ്ഥാനമായ ഉത്തരാഞ്ചൽ രൂപീകൃതമാകുന്നത് 2000 നവംബറിലാണ്. ഉത്തരാഞ്ചലിന്റെ തലസ്ഥാനം ഡെറാഡൂണാണ്. ജനസംഖ്യ 85 ലക്ഷം. വിസ്തീർണം 53566 ചതുരശ്ര കിലോമീറ്റർ. ആകെ 13 ജില്ലകൾ. പുണ്യപുരാണ സ്ഥലങ്ങളായ ഹരിദ്വാർ, ഋഷികേശ്, ഗംഗോത്രി, കേദാർനാഥ്, ബദരീ



## ഹരിദ്വാറിലേയ്ക്ക്

നാഥ്, ഉത്തരകാശി എന്നിവയൊക്കെ ഇവിടെയാണ്. 15,000 മുതൽ 26,700 അടിവരെ ഉയരമുള്ള 106 കൊടുമുടികൾ ഉത്തരാഞ്ചലിലുണ്ട്. ഹിമാചൽപ്രദേശ്, ചൈന, ടിബറ്റ്, നേപ്പാൾ എന്നിവയാണ് അതിർത്തി പ്രദേശങ്ങൾ. ഉത്തരാഞ്ചലിൽ രണ്ടു സർവകലാശാലകൾ പ്രവർത്തിക്കുന്നുണ്ട് - ബഹുഗുണ ഗാഢ്‌വാൾ സർവകലാശാലയും കുമയോൺ സർവകലാശാലയും.

ആഗ്രയിൽനിന്ന് പതിനൊന്നു മണിക്കൂർ യാത്ര ചെയ്ത് ഞങ്ങൾ ഹരിദ്വാറിലെത്തി.

## ഹരിദ്വാർ

സൂര്യവംശരാജാവായ ഭഗീരഥന്റെ പ്രാർഥനയനുസരിച്ച് ഭൂമിയിൽ അവതരിച്ച് ശിവാലിക് മലനിരകളിലൂടെ പാഞ്ഞുവരുന്ന ദേവനദിയായ ഗംഗ സമതലത്തിലെത്തുന്നത് ഹരിദ്വാറിലാണ്. പാൽക്കടൽ കടഞ്ഞപ്പോൾക്കിട്ടിയ അമൃതകുംഭം അസുരന്മാർക്കു കൊടുക്കാതിരിക്കാൻ ഇന്ദ്രന്റെ പുത്രനായ ജയന്തൻ പന്ത്രണ്ടു വർഷം അമൃതകുംഭവുമായി സഞ്ചരിക്കവേ നാലു സ്ഥലങ്ങളിൽ അതു നിലത്തുവച്ചു വിശ്രമിക്കുകയുണ്ടായി എന്നാണ് പുരാണം - നാസിക്കിൽ ഗോദാവരി തീരത്തും ഉജ്ജയിനിയിൽ ക്ഷിപ്രാനദീതീരത്തും ഹരിദ്വാറിൽ ഗംഗാനദീതീരത്തും പിന്നെ ഗംഗാ-യമുനാ-സരസ്വതി സംഗമത്തിലും. കുംഭം വച്ചസമയത്ത് ഇവിടങ്ങളിലൊക്കെ കുംഭത്തിൽനിന്നും അമൃത് തുളുമ്പി മണ്ണിൽവീണുവെന്നാണ് വിശ്വാസം. ഇതിന്റെ സ്മരണയിലാണ് കുംഭമേള ആഘോഷിക്കപ്പെടുന്നത്.

സകല പാപങ്ങളും കഴുകിക്കളയുന്ന ഗംഗ ഹരിദ്വാറിൽ ഗംഗാമാതയാണ്. എല്ലാ കൈവഴികളും സംഗമിച്ച് ഗംഗ പൂർണരൂപം ആവാഹിക്കുകയാണ് ഹരിദ്വാറിൽ. തീർഥാടകർക്ക് ഗംഗ അമ്മയാണ്, ദേവിയാണ്, പൂജാർഹയാണ്. പുലർകാലം മുതൽ പാതിരാവുവരെ തീർഥാടകർ ഗംഗാസ്നാനത്തിനു വന്നുകൊണ്ടിരിക്കുന്നു. ഹരിദ്വാറിലെത്തുന്ന ഓരോ ആളും ഗംഗയിൽ മുങ്ങിക്കുളിക്കുമെന്നത് തർക്കമറ്റതാണ്. തീർഥാടകർക്ക് സുരക്ഷിതമായി കുളിക്കുന്നതിന് സ്നാനഘട്ടങ്ങളിൽ പടികളും ഒഴുക്കിൽപ്പെടാതെ പിടിക്കുന്നതിന് വലിയ ചങ്ങലകളും ഒരുക്കിയിട്ടുണ്ട്. എല്ലാ വർഷവും ഒക്ടോബറിൽ ഗംഗയുടെ ഒഴുക്ക് രണ്ടാഴ്ചക്കാലം നിർത്തിവച്ച് സ്നാനഘട്ടങ്ങൾ വൃത്തിയാക്കി അറ്റകുറ്റപ്പണികൾ നടത്തുന്നത് പതിവാണ്.

ഗംഗാനദിപോലെ പരിശുദ്ധവും പവിത്രവുമായ ഒരു നദി ലോകത്തിൽ മറ്റൊരിടത്തുമില്ലത്രേ. ദിവ്യത്വവും ഔഷധഗുണവുമുള്ളതാണ് ഗംഗാജലം. എത്രനാൾ സൂക്ഷിച്ചുവച്ചാലും ഗംഗാജലത്തിന് കേടു സംഭവിക്കുന്നില്ല. ഗംഗാനദിയിൽ സ്പർശിച്ചുകൊണ്ടു മരണം വരിക്കുകയാണെങ്കിൽ അവർക്കു പുനർജന്മമില്ലെന്നാണ് ഭാരതീയ വിശ്വാസം.

സ്വർഗത്തിന്റെയും ഭൂമിയുടെയും അതിർത്തിയായാണ് ഹരിദ്വാർ കരുതപ്പെടുന്നത്. സ്വർഗത്തിന്റെ കവാടം എന്ന അർഥത്തിൽ ഹർ കി ദ്വാർ എന്നും പറയുന്നു. ഹർ ശിവനും ഹരി വിഷ്ണുവുമാണല്ലോ. കപിലമഹർഷി തപസ്സനുഷ്ഠിച്ച സ്ഥലമായതിനാൽ കപില്സ്ഥാൻ എന്ന പേരിലും ഹരിദ്വാർ അറിയപ്പെടുന്നു. ശിവക്ഷേത്രമായ കേദാർനാഥിന്റെയും പുരാതന വിഷ്ണുക്ഷേത്രമായ ബദരീനാഥിന്റെയും ഗംഗോത്രിയുടെയുമൊക്കെ പ്രവേശനകവാടം ഇവിടെയാണ്.

ക്ഷേത്രങ്ങളുടെ നാടായ ഹരിദ്വാറിൽ ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന രണ്ടു ക്ഷേത്രങ്ങളാണ് മാനസാദേവി ക്ഷേത്രവും ചണ്ഡീദേവി ക്ഷേത്രവും. ഈ രണ്ടു ക്ഷേത്രങ്ങളിലേക്കും റോപ് വേ സൗകര്യമുണ്ട്. മായാദേവി ക്ഷേത്രം, ദക്ഷേശ്വര ക്ഷേത്രം, കാളീക്ഷേത്രം, ഗോരഖ്നാഥ് ക്ഷേത്രം, ഭാരതമാതാ ക്ഷേത്രം, വീരഭദ്രേശ്വര ക്ഷേത്രം തുടങ്ങി അനേകം ക്ഷേത്രങ്ങൾ ഈ നഗരത്തിലുണ്ട്.

ഹരിദ്വാറിലെ പ്രധാന സ്നാനഘട്ടമായ ഹർ കി പൗരിയിലെ സ്നാനം സകല പാപങ്ങളുമകറ്റുമെന്നാണു വിശ്വാസം. ബ്രഹ്മകുണ്ഡിനുസമീപമുള്ള കുശാവർത്ത് ഘട്ട് പിതൃകർമങ്ങൾ ചെയ്യാനെത്തിയവരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ചിതാഭസ്മ നിമജ്ജനത്തിന് അസ്ഥിപ്രവാഹ് ഘട്ടാണ് പ്രധാനം. ഗോദാനം നടത്തുന്നതിന് ഗാവ് ഘട്ടുമുണ്ട്.

പാണ്ഡവർ സ്വർഗയാത്ര തുടങ്ങിയത് ഹരിദ്വാറിൽ നിന്നായിരുന്നുവത്രേ. ഹരിദ്വാറിൽനിന്നും ഋഷികേശിലേക്കുള്ള യാത്രയിൽ ഭീമസേനൻ തന്റെ കാൽമുട്ട് ഭൂമിയിൽ അമർത്തി ഒരു കുളം നിർമിച്ചു. ബ്രഹ്മകുണ്ഡിൽനിന്ന് ഒരു കിലോമീറ്റർ അകലെ കാണുന്ന ഭീം ഗോഡയ്ക്ക് ഭീമസേനന്റെ കാൽമുട്ടിന്റെ ആകൃതിയാണ്.

ഹരിദ്വാറിലെ ഗംഗാ ആരതി പ്രസിദ്ധമാണ്. സായംസന്ധ്യയിൽ ഇലക്കുമ്പിളിൽ കത്തിച്ച മൺചിരാതും നെയ്ത്തിരിയും കർപ്പൂരവും പുഷ്പങ്ങളും ഗംഗയിൽ ഒഴുക്കി നടത്തുന്ന ഭക്തിനിർഭരമായ ഗംഗാപൂജയിൽ നൂറുകണക്കിനു ഭക്തർ പങ്കെടുക്കുന്നുണ്ടായിരുന്നു.

ഹർകി പൗരിയിൽനിന്നും നാലു കിലോമീറ്റർ അകലെയാണ് സപ്തർഷി ആശ്രമം. ഇവിടെ ഗംഗാനദിയെ ഏഴായി പിരിച്ച് ഏഴു സന്യാസിമാർക്ക് സമർപ്പിച്ചിരിക്കുന്നു. അടുത്ത കാലത്താണ് ഈ സംവിധാനമൊരുക്കിയത്. സ്നാനഘട്ടങ്ങൾ ശുചിയാക്കുന്നതിനും ഗംഗയെ തടഞ്ഞുനിർത്തുന്നതിനും ഈ സംവിധാനം സഹായകമാണ്. അന്തരീക്ഷത്തിനു വലിയ തണുപ്പു ബാധിച്ചിരുന്നില്ല. എന്നാൽ ഗംഗാജലത്തിന് മഞ്ഞിന്റെ തണുപ്പായിരുന്നു. ഞങ്ങൾ ഗംഗയിൽ കുളിച്ചു. കുതിച്ചുപായുന്ന ഗംഗയിൽ ചങ്ങലകളിൽ പിടിച്ച് അതീവ ജാഗ്രതയോടെയാണ് സ്നാനം നടത്തിയത്.

കുളി കഴിഞ്ഞ് ഞങ്ങൾ നേരെ മാനസാദേവി ക്ഷേത്രത്തിലേക്കു പോയി. റോപ്‌വേയിലായിരുന്നു ഞങ്ങളുടെ യാത്ര.

"......പുഷ്പങ്ങളും സുഗന്ധദ്രവ്യങ്ങളുമായി അവർ ക്ഷേത്രത്തിന്റെ മുമ്പിൽ ചെന്നുനിന്നു. മാനസാദേവീ, ഇതാ ഞങ്ങൾ വന്നിരിക്കുന്നു. നഗരങ്ങളും ഗ്രാമങ്ങളും കടന്ന്, നദി താണ്ടി, കുന്നുകയറി, ഇതാ ഞങ്ങൾ നിന്റെ തിരുസന്നിധി പൂകിയിരിക്കുന്നു. ഞങ്ങൾക്കു വഴികാട്ടിത്തരിക... എരിയുന്ന ദീപങ്ങൾക്കപ്പുറം കാരുണ്യം വഴിയുന്ന നേത്രങ്ങളിൽ നിത്യമന്ദഹാസവുമായി നിൽക്കുന്ന മാനസാദേവി. ഹോമകുണ്ഡത്തിൽ തീയെരിയുന്നുണ്ട്. അവർ പുഷ്പങ്ങൾ ദേവിയുടെ തൃപ്പാദത്തിങ്കൽ അർപ്പിച്ചു. സുഗന്ധദ്രവ്യങ്ങൾ ഹോമകുണ്ഡത്തിൽ നിക്ഷേപിക്കുകയും ചെയ്തു. ക്ഷേത്രാങ്കണത്തിൽ ദിവ്യമണികൾ മുഴങ്ങുകയാണ്. തീർഥാടകരുടെ പ്രവാഹത്തിൽ അറിയപ്പെടാത്ത രണ്ടു നിഴലുകളായി അവരും ക്ഷേത്രത്തെ പ്രദക്ഷിണം വച്ചു...." എം. മുകുന്ദന്റെ *'ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു'* എന്ന നോവലിലെ നായകനും നായികയും - രമേശ് പണിക്കരും സുജയും - മാനസാദേവിയുടെ മുന്നിൽ നിൽക്കുന്ന രംഗമാണിത്. "സ്കന്ദ പുരാണവും പത്മപുരാണവും ശിവപുരാണവും പാടുന്ന സതീദേവിയുടെയും അഞ്ജനാദേവിയുടെയും ഹരിദ്വാർ. ദത്താത്രേയ മഹർഷിയുടെ ഹരിദ്വാർ. സപ്തർഷികളുടെ ഹരിദ്വാർ......"

ഊപ്പർ സഡക്കിൽനിന്നും കുന്നിലേക്കുള്ള പാതയിലൂടെ നൂറുകണക്കിന് പടവുകൾ കയറിയാണ് രമേശനും സുജയും മാനസാദേവിയുടെ സന്നിധിയിലെത്തിയത്. എന്നാൽ ഞങ്ങൾ റോപ് വേ വഴി നിമിഷങ്ങൾക്കുള്ളിൽ കുന്നിൻമുകളിലെത്തി. ഇരുപതു രൂപയാണ് ഒരാൾക്ക് റോപ് വേയിൽ ടിക്കറ്റ് നിരക്ക്. ഹരിദ്വാറിന്റെ ആകാശക്കാഴ്ച മനോഹരമാണ്. പരിശുദ്ധയായ ഗംഗയുടെ അനേകം സ്നാനഘട്ടങ്ങൾ.... പഴയതും പുതിയതുമായ എണ്ണമറ്റ കെട്ടിടങ്ങൾ... പടികൾ കയറിവരുന്ന തീർഥാടകർ... മരച്ചില്ലകളിൽ ഊഞ്ഞാലാടുന്ന വാനരക്കൂട്ടം.

പ്ലാസ്റ്റിക് കാനുകളിൽ ഗംഗാജലവും സംഭരിച്ച് ക്യാമറയിൽ ചിത്രങ്ങളും പകർത്തി ഹരിദ്വാറിനോട് വിടപറയുമ്പോൾ രാത്രിയായി. ഹരിദ്വാറിൽ കമ്പിളിവസ്ത്രങ്ങൾക്കു വിലക്കുറവാണ്. വരും ദിവസങ്ങൾ കടുത്ത തണുപ്പിന്റേതാകയാൽ മിക്കവരും സ്വെറ്ററും ഷാളും മങ്കിക്യാപ്പും കയ്യുറകളും മറ്റും വാങ്ങി.

ഹരിദ്വാറിന്റെയും ഗംഗയുടെയും രാത്രിഭംഗിയും കണ്ട് ഞങ്ങൾ മസൂറിക്ക് ബസ് കയറി.

ഉത്തരാഞ്ചലിന്റെ തലസ്ഥാനമായ ഡെറാഡൂൺ വഴിയായിരുന്നു മസൂറിയിലേക്കുള്ള യാത്ര. എന്നാൽ ഡെറാഡൂണിൽ ഇറങ്ങിയില്ല. മസൂറിയിലെ സന്ദർശനത്തിനുശേഷം മടങ്ങുമ്പോൾ ഡെറാഡൂണിലിറങ്ങാമെന്നാണ് ഞങ്ങളുടെ തീരുമാനം.

(തുടരും...)

■ രതീഷ് കെ.






# ഗോത്ര സ്മൃതിയുണർത്തി
# താളമഹോത്സവം 2012

**കേരളീയസംസ്കാരത്തെ മറ്റ് സംസ്കാരങ്ങളിൽനിന്നു വേർതിരിച്ചു നിലനിർത്തുന്നതിൽ താളവാദ്യസംസ്കൃതിയുടെ പങ്ക് പ്രധാനപ്പെട്ടതാണ്.**

താളവാദ്യപ്പെരുമയുടെ നാടാണ് കേരളം. മാർച്ച് 1, 2, 3 തീയതികളിൽ സാംസ്കാരികവകുപ്പിന്റെ ആഭിമുഖ്യത്തിൽ വൈലോപ്പിള്ളി സംസ്കൃതിഭവൻ സംഘടിപ്പിച്ച താള മഹോത്സവം 2012, കേരളത്തിന്റെ നാട്ടുവാദ്യങ്ങളെയും താളസംസ്കൃതിയെയും പരിചയപ്പെടുത്തുന്ന ഗോത്രസ്മൃതികളുണർത്തിയ ഒരു ഉത്സവംതന്നെയായിരുന്നു. ടൂറിസംമന്ത്രി എ.പി. അനിൽകുമാറിന്റെ സാന്നിധ്യത്തിൽ സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് കൊടിയേറ്റം നടത്തിയതോടെ താളവാദ്യപ്പെരുമയുടെ ഉത്സവത്തിന് തുടക്കമായി.

## വാദ്യപരിചയങ്ങളുടെ ആദ്യ ദിനം

മനുഷ്യനെപ്പോലെ ജീവനുള്ളവയാണ് വാദ്യങ്ങൾ. മനുഷ്യന്റെ പ്രാക്ചരിത്രത്തിലാകമാനം സംവാദശ്രമങ്ങളുടെ ചാനലായി താളവാദ്യങ്ങൾ. എല്ലാ പ്രദേശങ്ങൾക്കും തനതു ശബ്ദവും ഭാഷയും രീതിശാസ്ത്രങ്ങളുമുണ്ട്. കേരളവും ഇതിൽനിന്നു വ്യത്യസ്തമല്ല, കേരളീയവാദ്യങ്ങളുടെ നിർമാണം, പരിശീലനം, പ്രയോഗം എന്നിവ പരിചയപ്പെടുത്തുന്ന ഞെരളത്ത് ഹരിഗോവിന്ദന്റെ *കേരളീയ വാദ്യപരിചയം* എന്ന സോദാഹരണ പ്രഭാഷണം പ്രസക്തമായിത്തീർന്നത് കേരളത്തിന്റെ വൈവിധ്യമാർന്ന വാദ്യപ്പെരുമകൊണ്ടാണ്. കൊക്കര, മുരശ്, പീക്കി തുടങ്ങിയ അപരിചതവാദ്യങ്ങളുൾപ്പെടെ പതിനാലോളം വാദ്യങ്ങളുടെ പരിചയപ്പെടുത്തൽ അദ്ഭുതവും വിജ്ഞാനപ്രദവുമായിരുന്നു.

കേരളീയ കലാസംസ്കൃതിയിൽ മാറ്റി നിർത്താനാവാത്തവിധം സ്വാധീനം ചെലുത്തിയിട്ടുണ്ട് മാപ്പിളക്കലകൾ. അറബ്-മലനാട് ബന്ധങ്ങളിൽനിന്നുടലെടുത്ത മാപ്പിളകലകൾ എന്തുകൊണ്ടും വൈവിധ്യവും സമ്പന്നവുമാണ്. മൊഞ്ചുള്ള മയിലാഞ്ചിയുടെ പെൺതാളം മുതൽ അനുഷ്ഠാന തീവ്രമായ ആൺതാളംവരെ നിരവധി താളഭേദങ്ങളുടെ സമന്വയം ദർശനീയമാണ് ഈ കലകളിൽ. മാപ്പിളകലാ ഗവേഷകനും ഗ്രന്ഥകർത്താവുമായ ഇക്ബാൽ കോപ്പിലാൻ വായ്പ്പാട്ടുകാരുടെ അകമ്പടിയോടെ അവതരിപ്പിച്ച *താളം മാപ്പിളക്കലകളിൽ* എന്ന സോദാഹരണ പ്രഭാഷണം മാപ്പിളക്കലാസംസ്കൃതിയുടെ ആഴങ്ങൾ സ്പർശിച്ചതായിരുന്നു.

## ഗോത്രസമൃതികളുണർത്തിയ രണ്ടാം ദിനം

ആരണ്യഗർഭത്തിൽനിന്നും ചാറ്റുപാട്ടിന്റെ വന്യഗീതവുമായി ആധുനികമനസ്സിന്റെ പ്രേതസ്ഥലികൾ ഉച്ചാടനം ചെയ്യാൻ പിലാത്തി(മുഖ്യൻ)യായെത്തിയത് ഊരുമൂപ്പൻ മല്ലൻ കാണിയായിരുന്നു. വിതുരയിൽനിന്നെത്തിയ സംഘത്തിന്റെ ചാറ്റുപാട്ടിൽ ആഭിചാരകർമത്തിന്റെ മൂർധന്യത്തിലെന്നപോൽ മൂപ്പൻ തുള്ളിയുറഞ്ഞു.

കാണിക്കാർ അവരുടെ കഷ്ടതകളും വ്യാധികളും അകലാനും ശുദ്ധികർമങ്ങൾക്കുമായി നടത്തുന്ന ഒരു അനുഷ്ഠാനമാണ് *ചാറ്റ്.* കരിങ്കാളിച്ചാറ്റ്, കൊടുതിച്ചാറ്റ്, പിണച്ചാറ്റ്, ചാവുചാറ്റ്, തീവെറങ്കിച്ചാറ്റ്, കാർത്തികച്ചാറ്റ് തുടങ്ങി വിവിധയിനം ചാറ്റുകളുണ്ട്. അവയ്ക്ക് വെവ്വേറെ പാട്ടുകളും. ചാറ്റ് എന്നാൽ ഉറക്കെ വിളിക്കുക എന്നാണർഥം. പുറത്തുകൊണ്ടുപോയി അവതരിപ്പിക്കാൻ പാടില്ലാത്ത, ഊരുവിലക്കുള്ള അനുഷ്ഠാനമാണ് ചാറ്റ്. കൊക്കരയാണ് ചാറ്റുപാട്ടിന്റെ വാദ്യം. വടക്കൻ കേരളത്തിലെ തുള്ളിയുറയുന്ന വെളിച്ചപ്പാടിന്റെ ചിലങ്കയിൽനിന്ന് കേൾക്കുന്ന നാദം പോലെ അബ്നോർമൽ ധ്വനിയാണ് കൊക്കരയിൽനിന്ന് പുറത്തുവരുന്ന സംഗീതത്തിന്റേത്. നാട്ടറിവുകളുടെ നിത്യാന്വേഷകനായ പ്രൊഫ. ഉത്തരംകോട് ശശിയുടെ ചാറ്റുപാട്ടിന്റെ ആമുഖപ്രഭാഷണം അർഥപുഷ്ടിയുള്ളതായിരുന്നു.

കേരളത്തിലെ ഗോത്രസംഗീതത്തിന്റെയും നാടോടി സംഗീതത്തിന്റെയും ചരിത്രവും തനിമകളും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ സഹായത്തോടെ നാടൻ കലാഗവേഷകനായ ഡോ. സി.ആർ. രാജഗോപാലൻ അവതരിപ്പിച്ച സോദാഹരണ പ്രഭാഷണം ഗോത്രസംഗീതത്തിന്റെ ആർജവത്തെ പുനഃപ്രതിഷ്ഠിക്കണമെന്ന് ആഹ്വാനംചെയ്യുന്നതായിരുന്നു. തുടർന്ന് സുധീർ മുള്ളൂർക്കരയും സംഘവും അവതരിപ്പിച്ച പുള്ളുവൻപാട്ട് വംശസംഗീതത്തിന്റെ വശ്യത വിളിച്ചറിയിച്ചു.

പി.ആർ. രമേഷ് കരിന്തലക്കൂട്ടത്തിന്റെ നേതൃത്വത്തിൽ നടന്ന *നാട്ടുവാദ്യങ്ങൾ* എന്ന വിഷയത്തെക്കുറിച്ചുള്ള സോദാഹരണപ്രഭാഷണങ്ങൾ വിജ്ഞാനവും ആവേശവും നൽകുന്നതായിരുന്നു. മരം, വീക്ക് (ഒറ്റ), ചെണ്ട എന്നീ നാട്ടുവാദ്യങ്ങളിൽ രമേഷും *നന്തുണിയും നന്തുണിപ്പാട്ടുകളും* എന്ന വിഷയത്തിൽ എ.വി. വിജീഷ് ലാലും, *തുടിയും തുടിപ്പാട്ടുകളും* എന്ന വിഷയത്തിൽ ടി.കെ. അർജുനനും പുള്ളുവ വീണയും കുടവും എന്ന വിഷയത്തിൽ സുധീർ മുള്ളൂർക്കരയും ക്ലാസുകൾ നയിച്ചു. കലാകാരന്മാർ നാട്ടുവാദ്യങ്ങളുടെ താളവും ചൊല്ലുകളും നാടൻപാട്ടുകളും വായ്ത്താരികളും കോർത്തിണക്കി നാട്ടുവാദ്യസമന്വയങ്ങളുടെ പേർത്ത് (വിവരണങ്ങൾ) അവതരിപ്പിച്ചു. ഓലപ്പീപ്പി, കുഴൽ, ഈഴാറ, മരം, വീക്ക്, ഒറ്റ, വലംതലച്ചെണ്ട, നന്തുണി, പീക്കി, പെറ, ദവിൽ, ചെണ്ട തുടങ്ങിയ നാട്ടുവാദ്യങ്ങളുടെ രസനീയമായ മേളനമായിരുന്നു അത്.

വയലി ആറങ്ങാട്ടുകര സംഘം അവതരിപ്പിച്ച മുളസംഗീതം മനുഷ്യന്റെ പ്രാചീന ശബ്ദസംസ്കൃതിയിലേക്കുള്ള ഒരു എത്തിനോട്ടംതന്നെയായിരുന്നു. ജപ്പാനിൽ ബാംബൂ മ്യൂസിക് അവതരിപ്പിച്ചിട്ടുള്ള ആദ്യത്തെ ഇന്ത്യൻ സംഘമാണ് വയലി ആറങ്ങാട്ടുകരയുടേത്. പത്ത് കലാകാരന്മാരടങ്ങിയ സംഘമാണ് മുളസംഗീതം അവതരിപ്പിച്ചത്. മഴമൂളി, പുല്ലാങ്കുഴൽ അടക്കം പേരിടാത്ത എട്ടു സംഗീതോപകരണങ്ങൾ അവർ ഉപയോഗിച്ചു.

നാലു വേദങ്ങളും ആറ് ശാസ്ത്രവും അറുപത്തിനാല് കലകളും കെട്ടിലും മട്ടിലും സമന്വയിപ്പിച്ച ഏകവാദ്യമാണ് ഇടയ്ക്ക. വായ്പാട്ടിലെ മിക്ക സ്വരങ്ങളും കേൾപ്പിക്കാൻ കഴിയുന്ന കാട്ടുവാദ്യമാണിത്. ഇടയ്ക്ക തായമ്പകയിലൂടെയാണ് ശ്രീധരൻ പെരുങ്ങോടും സംഘവും നാദവിസ്മയം തീർത്തത്.

## വാദ്യകലയിലെ സ്ത്രീസാന്നിധ്യം

സമൂഹം ചാർത്തിക്കൊടുക്കുന്ന വികലമായ സ്ത്രീസങ്കല്പങ്ങൾ കലയിലെ സ്ത്രീസാന്നിധ്യത്തെ എല്ലായ്പ്പോഴും പിന്നോട്ടു വലിക്കുന്നു. താളമഹോത്സവം 2012 ലെ മൂന്നാം ദിവസത്തിൽ പ്രധാന പ്രമേയമായത് വാദ്യകലയിലെ സ്ത്രീസാന്നിധ്യങ്ങളെക്കുറിച്ചായിരുന്നു.

സ്ത്രീയുടെ വ്യക്തിത്വം എല്ലായ്പ്പോഴും താളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നു. എന്നാൽ വാദ്യോപകരണങ്ങൾ പഠിക്കുവാനും അവയെ പ്രൊഫഷണലായി സ്വീകരിക്കുവാനുമുള്ള സാഹചര്യങ്ങൾ സമൂഹ



**താളമഹോത്സവത്തിന്റെ ഉദ്ഘാടനം സാംസ്കാരികമന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു.**



ത്തിൽ രൂപപ്പെടുത്തുന്നില്ലെന്ന് കഥകളി കലാകാരി കെ.പി. രഞ്ജിനി പറഞ്ഞു. രാവണൻ, ഹംസം, ദുര്യാധനൻ, കൃഷ്ണൻ, ഹനുമാൻ തുടങ്ങി അരങ്ങിൽ പുരുഷവേഷങ്ങൾ കെട്ടിയാടുന്ന കലാകാരിയാണ് രഞ്ജിനി കെ.പി. കേരളീയവാദ്യകലയിലെ സ്ത്രീസാന്നിധ്യം എന്ന വിഷയത്തിൽ സോദാഹരണപ്രഭാഷണം നടത്തുകയായിരുന്നു അവർ. സ്ത്രീനൃത്തങ്ങളിലും കലകളിലും നരവംശോത്സവങ്ങളിലും പെൺതാളത്തിന്റെ ചിലമ്പാണ് മുഴങ്ങുന്നത്. ഈ പെൺതാളത്തെ രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്ന സംസ്കൃതി പിന്നാമ്പുറങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ടിരിക്കുന്നുവെന്ന് അവർ പറഞ്ഞു.

ശ്വേത അശോകൻ അഷ്ടപദി പാടിക്കൊണ്ടായിരുന്നു താളം മഹോത്സവം 2012 ലെ മൂന്നാം ദിവസം ആരംഭിച്ചത്. 13 ാം നൂറ്റാണ്ടിൽ ജയദേവകവി വികസിപ്പിച്ചെടുത്താണ് അഷ്ടപദി. ശ്രീകോവിലിന്റെ സോപാനത്തുനിന്ന് ഇടയ്ക്ക കൊട്ടിപ്പാടുന്നതുകൊണ്ട് സോപാനസംഗീതമെന്നും ഇത് അറിയപ്പെടുന്നു. ഭക്തി, ശൃഗാരം തുടങ്ങി എല്ലാ ഭാവങ്ങളും ഉൾക്കൊള്ളുന്നതുകൊണ്ട് അഷ്ടപദി ഇന്ത്യയിലാകമാനം ജനപ്രിയമാണ്. തുടർന്ന് ഗോത്രതാളങ്ങൾ ആദിവാസി വാദ്യസംസ്കൃതി എന്ന വിഷയത്തിൽ വിനോദ് നമ്പ്യാർ സോദാഹരണ പ്രഭാഷണം നടത്തി. മംഗലംകളിയെന്ന ഉത്തരമലബാറിലെ കലാരൂപത്തിന്റെ അകമ്പടിയോടെയായിരുന്നു പ്രഭാഷണം.

ആദിവാസി സ്ത്രീസംഘടനയായ തായ്കുലം സംഘം അവതരിപ്പിച്ച *ഇരുളർനൃത്തം,* ആദിവാസി കലാസംസ്കൃതിയിലേക്കുള്ള ഒരു എത്തിനോട്ടത്തിനു വഴിയൊരുക്കി. അട്ടപ്പാടി വനമേഖലയിൽനിന്നുള്ള ആദിവാസിവിഭാഗമാണ് ഇരുളർ. ഇവർ വാമൊഴി പാരമ്പര്യത്തിലൂടെ തലമുറകളിലേക്ക് പാട്ടുകൾ കൈമാറുന്നു. ചീര് (വയസ്സറിയിക്കൽ ചടങ്ങ്) കഞ്ചിചീര് (അടിയന്തിരം) എന്നീ ചടങ്ങുകളിലും മറ്റു വിശേഷാവസരങ്ങളിലും മൺപെറെ, ദവിൽ, കൊകൽ, ജാൽറെ, ചെലങ്ക എന്നീ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ സ്ത്രീയും പുരുഷനും ഒരുമിച്ചു ചുവടുവയ്ക്കുന്നതാണ് ഇരുളർനൃത്തം. പ്രകൃതിയാൽ ബന്ധിക്കപ്പെട്ടുകിടക്കുന്ന ഇവരുടെ ജീവിതംതന്നെയാണ് പാട്ടുകളിലെ ഉള്ളടക്കം. കടൽനിരപ്പിൽനിന്നും 2500 കിലോമീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മല്ലീശ്വരൻമുടിയാണ് ഇവരുടെ മലദൈവം.

കലാനിലയം ഉദയൻ നമ്പൂതിരിയും സംഘവും അവതരിപ്പിച്ച പഞ്ചാരിമേളവും ശ്രദ്ധേയമായിരുന്നു. ചെണ്ടമേളങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് പഞ്ചാരിമേളം. ചെണ്ടമേളത്തിന്റെ സവിശേഷഭംഗികളെല്ലാം പഞ്ചാരിയിൽ ഒത്തുചേരുന്നു. അഞ്ചു കാലത്തിലൂടെ കൊട്ടിക്കയറുന്ന മേളമാണിത്.

താളമഹോത്സവം 2012 കലാവിദ്യാർഥികളിലും ആസ്വാദകരിലും കൗതുകവും വിജ്ഞാനവും പകർന്നു എന്നതിലുപരി ആശങ്കാജനകമായ ചില ചോദ്യങ്ങൾകൂടി ഉയർത്തുന്നു. നമ്മുടെ തനതു കലാരൂപങ്ങൾ ഗൃഹാതുരത്വം മാത്രമാവുകയാണോ? മൾട്ടി നാഷണൽ കമ്പനികളുടെ ചൂഷണത്തിൽനിന്ന്, കലയെ വളച്ചൊടിച്ച് വിലക്ഷണമാക്കുന്ന പ്രവണതയിൽനിന്ന് നമ്മുടെ ഗോത്രസംസ്കൃതിയെ തിരിച്ചുപിടിക്കുവാനാകുമോ? യഥാർഥ കലാകാരന്മാരെ സംരക്ഷിക്കാനാകുമോ? കാലം ഉത്തരം പറയട്ടെ.

സമാപനസമ്മേളനം നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ ഉദ്ഘാടനം ചെയ്തു, കെ. മുരളീധരൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. മേയർ അഡ്വ. കെ. ചന്ദ്രിക മുഖ്യപ്രഭാഷണം നടത്തി. വൈലോപ്പിള്ളി സംസ്കൃതി ഭൻ സെക്രട്ടറി ഡോ. വിളക്കുടി രാജേന്ദ്രൻ, ഡോ. എം.ആർ. തമ്പാൻ, കെ.എ. മുരളീധരൻ, സക്കീർ ഹുസൈൻ, ലീലാമ്മ ഐസക്ക്, എസ്. ശശിധരൻ തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ മുതിർന്ന വാദ്യകലാകാരൻമാരായ സദനം വാസുദേവൻ, പല്ലാവൂർ കൃഷ്ണൻകുട്ടി, ആണ്ടിപ്പണിക്കർ, മല്ലൻകാണി, കൊഞ്ചിറവിള അയ്യപ്പപ്പണിക്കർ എന്നിവരെ ആദരിച്ചു. ശേഷം, മുളയങ്കാവ് അജിത്തും സംഘവും അവതരിപ്പിച്ച തായമ്പകയും ഗോത്ര-നവീന-പാശ്ചാത്യ സംഗീതങ്ങളും വാദ്യോപകരണങ്ങളും സമന്വയിപ്പിച്ച ഫ്യൂഷനും കലാസ്വാദകർക്ക് നവ്യാനുഭൂതിയേകി. ■



■ സി. വേണുഗോപാൽ

മാർച്ച് 15 ലോക ഉപഭോക്തൃദിനം




# ലീഗൽ മെട്രോളജിയും ഉപഭോക്തൃ സംരക്ഷണവും

**ഉപഭോക്തൃ സംസ്ഥാനമായിട്ടാണ് കേരളം അറിയപ്പെടുന്നതെങ്കിലും ഒരു ശരാശരി മലയാളി ഉപഭോക്താവിന് തന്റെ യഥാർഥ അവകാശങ്ങളെക്കുറിച്ചുള്ള അറിവ് പരിമിതമാണ്. ഉപഭോക്താവിന്റെ അവകാശസംരക്ഷണത്തിനായി നിലകൊള്ളുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ മനസ്സിലാക്കാം.**

## ലീഗൽ മെട്രോളജി എന്നാൽ

നിയമപരമായ അളവു തൂക്കം എന്ന് അർഥം വരുന്ന ലീഗൽ മെട്രോളജി എന്ന പദപ്രയോഗത്തിലൂടെയാണ് മുമ്പ് അളവു തൂക്കവകുപ്പ് എന്നറിയപ്പെട്ടിരുന്ന വകുപ്പ് ലീഗൽ മെട്രോളജി വകുപ്പെന്ന് സർക്കാർ പുനർനാമകരണം ചെയ്തത്. ഇന്ത്യ അംഗമായിട്ടുള്ള ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് ലീഗൽ മെട്രോളജിയുടെ ശുപാർശപ്രകാരമാണ് ഈ പേര് സ്വീകരിച്ചത്. അളവുതൂക്കസംബന്ധമായ കേന്ദ്ര ആക്ടുകളും അനുബന്ധ കേന്ദ്ര-സംസ്ഥാന ചട്ടങ്ങളുമാണ് ഈ വകുപ്പ് നടപ്പാക്കുന്നത്. എന്നാൽ ലീഗൽ മെട്രോളജി എന്ന പുതിയ പദപ്രയോഗം സാധാരണ ജനങ്ങളിൽ ഈ വകുപ്പിനെപ്പറ്റി പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥാവിശേഷം ഉണ്ടാക്കിയിട്ടുണ്ട്.

## ലക്ഷ്യം

ഉപഭോക്തൃ സംരക്ഷണമാണ് വകുപ്പിന്റെ പരമപ്രധാനമായ ലക്ഷ്യം. വ്യാപാര-വാണിജ്യ-വിനിമയ വ്യവസായമേഖലകളിൽ ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുകയും കൃത്യത ഉറപ്പുവരുത്തി നിയമാനുസൃതം മുദ്രചെയ്തു നൽകുകയും ചെയ്യുന്നു. വർഷാവർഷവും രണ്ടു വർഷത്തിലൊരിക്കലും അളവുതൂക്ക ഉപകരണങ്ങളുടെ വിനിമയസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഇതു ചെയ്തുവരുന്നു. കൂടാതെ നൽകുന്ന പണത്തിനു കൃത്യമായ അളവിൽ/തൂക്കത്തിൽ/എണ്ണത്തിൽ സാധനങ്ങൾ ഉപഭോക്താവിനു ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, പായ്ക്കുചെയ്ത ഉത്പന്നങ്ങളുടെ വില്പന നിയമാനുസൃതമാണെന്നുറപ്പാക്കുക എന്നിവ ലീഗൽ മെട്രോളജി വകുപ്പിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

## സേവനങ്ങൾ

- സ്വർണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് എറണാകുളത്ത് കാക്കനാട്ടുള്ള ലീഗൽ മെട്രോളജി ഭവനിൽ ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിങ് ലാബ് പ്രവർത്തിച്ചുവരുന്നു. വാങ്ങിയ സ്വർണം ഗ്രാമിന് അഞ്ചു രൂപ നിരക്കിൽ പരിശോധിച്ച് ശുദ്ധി ഉറപ്പാക്കാവുന്നതാണ്.
- വ്യാപാരവ്യവസായത്തിന് ആവശ്യമുള്ള അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത എറണാകുളം കാക്കനാട്ട് ലീഗൽ മെട്രോളജി ഭവനിലുള്ള NABL അക്രഡിറ്റഡ് ലാബിൽ പരിശോധിച്ചു നൽകുന്നു.
- സംസ്ഥാനത്ത് പ്രവർത്തനത്തിലിരിക്കുന്ന ആയിരത്തോളം വരുന്ന വെയ്ബ്രിഡ്ജുകൾ പരിശോധിക്കുന്നതിന് മൊബൈൽ വെരിഫിക്കേഷൻ കിറ്റ് സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

## മറ്റു പ്രവർത്തനങ്ങൾ

പ്രധാനമായും പാക്കറ്റ് ഉത്പന്നങ്ങളുടെ വില്പന നിയമപ്രകാരമാണോ എന്ന് പരിശോധിക്കുന്നത് ലീഗൽ മെട്രോളജി വകുപ്പാണ്. പായ്ക്കറ്റുകളിന്മേൽ ആവശ്യമായ പ്രഖ്യാപനങ്ങളുണ്ടെന്ന് ഉറപ്പുവരുത്തുക, കൃത്യമായ വിലയിലും/തൂക്കത്തിലും/അളവിലും ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, ഉപഭോക്താക്കൾ ചൂഷണത്തിനു വിധേയരാകുന്നില്ലെന്ന് ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രധാനപ്പെട്ട ചുമതലയാണ്.

പെട്രോൾ പമ്പുകൾ, ആട്ടോറിക്ഷ മീറ്ററുകൾ, പാചകവാതകം തുടങ്ങി ജനങ്ങളുടെ നിത്യ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നവയുടെ കൃത്യത പരിശോധനയും ലീഗൽ മെട്രോളജി വകുപ്പ് കുറ്റമറ്റ രീതിയിൽ ചെയ്തുപോരുന്നുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ മിന്നൽ പരിശോധനകൾ നടത്തി കർശന നിയമനടപടി സ്വീകരിച്ചുവരുന്നു.

## ബോധവത്ക്കരണത്തിന്റെ ആവശ്യകത

ഉപഭോക്താക്കൾ അവകാശങ്ങളെപ്പറ്റി ബോധവാന്മാരാകണം. ബോധവാനായ ഉപഭോക്താവിനെ പറ്റിക്കുവാൻ എളുപ്പമല്ല. അതിനാൽ പരിഹാരമാർഗങ്ങൾ സ്വയം തേടുന്ന പ്രവണത വളർന്നുവരണം. സ്വയം പരിഹരിക്കാനാവാത്ത പരാതികൾ ലീഗൽ മെട്രോളജി വകുപ്പിനെ അറിയിക്കണം. എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസ് ഉണ്ട്. കൂടാതെ അസിസ്റ്റന്റ് കൺട്രോളർ ഓഫീസ് തിരുവനന്തപുരത്ത് വികാസ് ഭവനിലും പ്രവർത്തിക്കുന്നു. ഇവിടങ്ങളിലെ പരാതി സെല്ലുകളിൽ പരാതി അറിയിക്കാം.

ലീഗൽ മെട്രോളജി വകുപ്പ് മുൻകയ്യെടുത്ത് ബോധവത്കരണം നടത്തിവരുന്നു. എക്സിബിഷനുകൾ, സെമിനാറുകൾ, അവബോധന ക്ലാസുകൾ എന്നിവയിലൂടെയും പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ എന്നിവയിലൂടെയും അളവുതൂക്ക നിയമങ്ങൾ ജനങ്ങളിൽ എത്തിക്കുന്നുണ്ട്. സന്നദ്ധസംഘടനകൾ, സ്കൂൾ കൺസ്യൂമർ ക്ലബുകൾ എന്നിവയുടെ സഹായത്താൽ ബോധവത്കരണം നടത്തിവരുന്നു. അളവുതൂക്കനിയമങ്ങളുടെ സംരക്ഷണത്തിനു വകുപ്പിനൊപ്പം അണിചേർന്നു പ്രവർത്തിക്കുക. കാരണം സേവനം ഔദാര്യമല്ല, അവകാശമാണ്. ■

# വികസനകുതിപ്പിന് വേഗത കൂട്ടാൻ കോച്ചു ഫാക്ടറി




**കേന്ദ്ര റെയിൽവേ മന്ത്രി ദിനേശ് ത്രിവേദി ശിലാസ്ഥാപനച്ചടങ്ങിൽ സംസാരിക്കുന്നു**

മലയാളികളുടെ ചിരകാല അഭിലാഷം പൂവണിഞ്ഞു. കേരളത്തിന്റെ വികസനചരിത്രത്തിൽ പുത്തൻ നാഴികകല്ലാകുന്ന കഞ്ചിക്കോട് കോച്ചു ഫാക്ടറിക്ക് ശിലയിട്ടു.

പാലക്കാട് കോട്ടമൈതാനത്ത് നടന്ന ലളിതമായ ചടങ്ങിൽ കേന്ദ്ര റെയിൽവേ മന്ത്രി ദിനേശ് ത്രിവേദിയുടെയും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും മറ്റ് ജനപ്രതിനിധികളുടെയും സാന്നിധ്യത്തിലായിരുന്നു തറക്കല്ലിടൽ.

ഇന്ത്യയുടെ അഭിമാനമായ കേരളത്തിന്റെ കിരീടത്തിലെ മറ്റൊരു പൊൻതൂവലായി കോച്ചു ഫാക്ടറി മാറുമെന്ന് ശിലാസ്ഥാപനം നിർവഹിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രി ദിനേശ് ത്രിവേദി പറഞ്ഞു.

കഞ്ചിക്കോട് ഫാക്ടറിയെ രാജ്യത്തെ നിലവാരമുള്ള സ്ഥാപനമാക്കി മാറ്റും. ആധുനിക സാങ്കേതികവിദ്യയായ എൽ എച്ച് ബി ടെക്നോളജി ഉപയോഗിച്ചുള്ള അലുമിനിയം കോച്ചുകളാണ് ഇവിടെ നിർമിക്കുന്നത് .

ഫാക്ടറിയോടനുബന്ധിച്ച് സ്കൂളുകളും ആശുപത്രികളും വന്നുചേരുന്നതോടെ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ കൂടുകയും കേരളത്തിന്റെ സമ്പദ്സ്ഥിതിയിൽ ഇത് കാതാലയ മാറ്റങ്ങൾ വരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

തീവണ്ടികളിൽ ഒരു തരത്തിലുമുള്ള അതിക്രമവും അനുവദിക്കില്ലെന്നും പ്രത്യേക റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിനെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വനിതാ റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നൽകും.

ആധുനികവത്കരണവും സുരക്ഷയുമാണ് ഇന്ത്യൻ റെയിൽവേ ഇന്ന് നേരിടുന്ന വെല്ലുവിളി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആവശ്യങ്ങൾ അംഗീകരിച്ച് ആധുനികവത്കരണത്തിന്റെ പാതയിൽ മുന്നേറാൻ റെയിൽവേ കിണഞ്ഞു ശ്രമിച്ചു വരികയാണ്. ആധുനികവത്കരണത്തിനുള്ള സാം പിട്രോഡ കമ്മിറ്റിയുടെ റിപ്പോർട്ട് കാത്തിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

കേരളത്തിന് പ്രത്യേക റെയിൽവേ സോൺ എന്ന ചിരകാലാവശ്യത്തിൽ ഉറച്ചു നിൽക്കുകയാണെന്നും കേന്ദ്ര സർക്കാരും റെയിൽവേ മന്ത്രാലയവും ഇക്കാര്യത്തിൽ അടിയന്തരമായ അനുകൂലതീരുമാനം കൈക്കൊള്ളണമെന്നും ചടങ്ങിൽ അധ്യക്ഷം വഹിച്ച് സംസാരിച്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് ശക്തവും ആധുനികവുമായ റെയിൽവേ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാനുള്ള തീവ്രശ്രമത്തിലാണ് സംസ്ഥാന സർക്കാർ. ഇതിന് കേന്ദ്രസർക്കാറിന്റെ പൂർണ പിന്തുണ ആവശ്യമാണ്. കൊച്ചി മെട്രോക്കുള്ള ഫൈനൽ ക്ലിയറൻസ് ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹൈ സ്പീഡ് റെയിൽ കോറിഡോറിന് പുറമേ കോഴിക്കോട്ടെയും തിരുവനന്തപുരത്തെയും മോണോ റെയിൽ പ്രൊജക്ടും എത്രയും വേഗം യാഥാർഥ്യമാക്കാൻ റെയിൽവേ സഹായിക്കണം.

കോച്ചു ഫാക്ടറി പദ്ധതിച്ചെലവ് ചുരുക്കിയെങ്കിലും നിർദിഷ്ട കോച്ചുകൾ നിർമിക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്ര റെയിൽവേ സഹമന്ത്രി കെ എച്ച് മുനിയപ്പ, വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ്, എം.പി മാരായ എം.ബി. രാജേഷ്, കെ.ഇ. ഇസ്മായിൽ, ഷാഫിപറമ്പിൽ എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ അബ്ദുൾ ഖുദ്ദൂസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, പുതുശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് കെ.എൻ. ശ്രീദേവി, ജില്ലാ കലക്ടർ കെ.വി. മോഹൻകുമാർ, റെയിൽവേ ബോർഡ് ചെയർമാൻ വിനയ് മിത്തൽ, ബോർഡംഗം സഞ്ജീവ് ഹാണ്ട എന്നിവർ പങ്കെടുത്തു. ദക്ഷിണ റെയിൽവേ ജനറൽ മാനേജർ ദീപക് കൃഷ്ണൻ സ്വാഗതവും ഡി ആർ എം പീയൂഷ് അഗർവാൾ നന്ദിയും പറഞ്ഞു.

***ടി.സി. ജോസഫ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്*

## ഉയരുന്നത് രാജ്യത്തെ ഏറ്റവും മികച്ച കോച്ചു ഫാക്ടറി

കഞ്ചിക്കോട് ദേശീയപാത 47നും റെയിൽവേ പാതയ്ക്കും ഇടയിലുള്ള 239 ഏക്കർ ഭൂമിയിലാണ് കോച്ചുഫാക്ടറി സ്ഥാപിക്കുന്നത്. ലോകത്തെ മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് ഹൈടെക് അലൂമിനിയം കോച്ചുകളായിരിക്കും കഞ്ചിക്കോട് നിർമിക്കുക. 555 കോടി രൂപ മുതൽ മുടക്കിൽ ആരംഭിക്കുന്ന ഫാക്ടറി രാജ്യത്തെ ഏറ്റവും മികച്ച കോച്ചുഫാക്ടറി ആയിരിക്കും. ആദ്യഘട്ടത്തിൽ വർഷത്തിൽ 400 കോച്ചുകൾ നിർമിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിർമാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി അടുത്തഘട്ടവികസനവും യാഥാർഥ്യമാക്കും.

Coir Kerala 2012
ALAPPUZHA, KERALA, INDIA

# കയർ ടൂറിസത്തിനും തുടക്കം കുറിക്കും: മുഖ്യമന്ത്രി



**കയർ കേരള പ്രദർശന വിപണനമേള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

**വി**നോദസഞ്ചാരത്തിന്റെ പുതിയ മേഖലയായി കയർടൂറിസത്തിനു തുടക്കം കുറിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിൽ,കയർ കേരള 2012 അന്താരാഷ്ട്ര പ്രദർശന-വിപണനമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കയർ ഉത്പന്നങ്ങൾ നിർമിക്കുന്നതു നേരിട്ടു കാണാനും കേരളത്തിന്റെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുകയാണ് കയർടൂറിസത്തിലൂടെ ലക്ഷ്യമിടുന്നത്. തൊണ്ടുശേഖരണരംഗത്ത് കുടുംബശ്രീ ഉൾപ്പെടെയുള്ള സർക്കാരിതര സന്നദ്ധസംഘടനകളുടെ സേവനം പൂർണമായി പ്രയോജനപ്പെടുത്തും. 1989 നും 2006 നും ഇടയിൽ വിരമിച്ച കയർത്തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി ധനകാര്യമന്ത്രിയുമായി ആലോചിച്ച് പ്രത്യേക ശ്രദ്ധചെലുത്തി തീരുമാനമെടുക്കും-മുഖ്യമന്ത്രി പറഞ്ഞു.

ഫെബ്രുവരി നാലിനു നടന്ന ചടങ്ങിൽ മേളയിലെ അന്താരാഷ്ട്ര പവലിയൻ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. ദേശീയ പവലിയൻ കേന്ദ്ര ഊർജസഹമന്ത്രി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ-കയർമന്ത്രി അടൂർ പ്രകാശ് അധ്യക്ഷത വഹിച്ചു. എം.എൽ.എ.മാരായ ജി. സുധാകരൻ, പി.സി. വിഷ്ണുനാഥ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ചലച്ചിത്രാരം സലിംകുമാർ വിശിഷ്ടാതിഥിയായിരുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭാ ഹരി, കയർ വകുപ്പു സെക്രട്ടറി റാണി ജോർജ്, ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എ.ഡി.എം. കെ.പി. തമ്പി, നഗരസഭാധ്യക്ഷ മേഴ്സി ഡയാന മാസിഡോ, കയർ ബോർഡ് സെക്രട്ടറി കുമാര രാജ, കയർ വികസന ഡയറക്ടർ ഡോ. കെ. മദനൻ, മുൻ എം.എൽ.എ. എ.എ. ഷുക്കൂർ, എം.കെ. അബ്ദുൾ ഗഫൂർ ഹാജി തുടങ്ങിയവർ പ്രസംഗിച്ചു

***കെ.ആർ. പ്രമോദ് കുമാർ,***
*അസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ.*





# വെണ്ടുരുത്തി, ഇടപ്പള്ളി പാലങ്ങൾ നാടിനു സമർപ്പിച്ചു

**കൊ**ച്ചി നഗരത്തിന്റെ വികസന ക്കുതിപ്പിന് വേഗത പകരാൻ കഴിയുന്ന രണ്ട് വൻസംരംഭങ്ങൾക്ക് സാക്ഷാത്കാര മായി. നഗരത്തിലെ ഗതാഗതശൃംഖ ലയിലെ നാഴികക്കല്ലായ ഇടപ്പള്ളി റെയിൽവെ മേൽപ്പാലവും വെണ്ടുരുത്തി വിക്രാന്ത് പാലവും രാഷ്ട്രത്തിനു സമർപ്പിച്ചു. കേന്ദ്ര പ്രതിരോധമന്ത്രി എ.കെ. ആന്റണി നാടമുറിച്ച് പാലത്തിൽ ഏതാനും അടികൾ നടന്ന് ശിലാഫലകം അനാഛാദനം ചെയ്തു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ളവർ ഒപ്പമു ണ്ടായിരുന്നു.

കടാരി ബാഗിൽ നടന്ന ചടങ്ങിൽ കേരളത്തിന്റെ വികസനമുന്നേറ്റത്തിൽ പുതിയ പാലം നാഴികക്കല്ലാകുമെന്ന് ആന്റണി പറഞ്ഞു. ഏഴു വർഷങ്ങൾ ക്കുമുമ്പ് വെണ്ടുരുത്തി പാലത്തിന് ബലക്ഷയം സംഭവിച്ചപ്പോൾ അത് കൊച്ചി നഗരത്തിനു സൃഷ്ടിക്കാവുന്ന ബുദ്ധിമുട്ടു പരിഗണിച്ച് നടപടിക്രമങ്ങളിൽ വിട്ടുവീഴ്ച ചെയ്താണ് പുതിയപാലം സാക്ഷാത്ക രിക്കാൻ സർക്കാർതലത്തിൽ തീരുമാനമു ണ്ടായതെന്ന് അധ്യക്ഷത വഹിച്ച മുഖ്യ മന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. കൊച്ചിയുടെ ഗതാഗതവികസനത്തിൽ സുപ്രധാനമാണ് നാടിനു സമർപ്പിക്കുന്ന വിക്രാന്ത്, ഇടപ്പള്ളി പാലങ്ങളെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നഗരത്തിൽ വരാൻ പോകുന്ന നാല് ഫ്ളൈ ഓവറുകളുടെ നിർമാണത്തിന് പുതിയ കാഴ്ചപ്പാടോടെയുള്ള വികസനസമീപനം എല്ലാവരും കൈക്കൊള്ളണമെന്ന് കേന്ദ്ര മന്ത്രി പ്രൊഫ. കെ.വി. തോമസ് പറഞ്ഞു.

37.50 കോടി രൂപ ചെലവിലാണ് പാലം നിർമാണം പൂർത്തീകരിച്ചത്. 12.50 കോടി രൂപ ദക്ഷിണ നാവിക കമാൻഡ് നൽകി. കേരള റോഡ് ഫണ്ട് ബോർഡായിരുന്നു പാലത്തിന്റെ ഫണ്ടിങ് ഏജൻസി. 17 സ്പാനുകളുള്ള പാലത്തിന് 625 മീറ്റർ നീള വും 7.50 മീറ്റർ വീതിയുമുണ്ട്. 150 മീറ്റർ വീതം ഇരുവശങ്ങളിലും അപ്രോച്ച് റോഡ് നിർമിച്ചിട്ടുള്ള പാലത്തിൽ രണ്ടുവരി ഗതാ ഗതം സാധ്യമാകും. 2005-ൽ പഴയ പാല ത്തിന്റെ തൂണിൽ ഡ്രഡ്ജർ ഇടിച്ചതോടെ യാണ് പുതിയ പാലത്തിനായി നിർമാണം ആരംഭിച്ചത്. പൊതുമരാമത്ത് വകുപ്പ്, നാവികസേന, പോർട്ട്ട്രസ്റ്റ് എന്നിവയുടെ സംയുക്തസംരംഭമായാണ് പദ്ധതി വിഭാ വനം ചെയ്തത്.

പൊതുമരാമത്തു മന്ത്രി വി.കെ. ഇബ്രാ ഹിംകുഞ്ഞ്, എക്സൈസ്-തുറമുഖമന്ത്രി കെ. ബാബു, മേയർ ടോണി ചമ്മിണി, പി. രാജീവ് എം.പി, എം.എൽ.എമാരായ ഹൈബി ഈഡൻ, ഡൊമിനിക് പ്രസന്റേ ഷൻ, ദക്ഷിണ നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ കെ.എൻ. സുശീൽ, പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ ടി. ബാബുരാജ്, സെക്രട്ടറി മനോജ് ജോഷി, കൊച്ചി തുറമുഖ ട്രസ്റ്റ് ചെയർമാൻ പോൾ ആന്റണി, കൊച്ചി കപ്പൽശാല ചെയർമാൻ കമഡോർ കാർത്തിക് സുബ്ര ഹ്മണ്യൻ, ജില്ലാ കളക്ടർ പി.ഐ. ഷെയ്ക്ക് പരീത് എന്നിവർ പങ്കെടുത്തു.



ഇടപ്പള്ളി മേൽപാലത്തിന്റെ ഉദ്ഘാടനശേഷം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും മറ്റ് മന്ത്രിമാരും

വികസനപദ്ധതികൾക്കായി സ്ഥലം വിട്ടുകൊടുക്കുന്നവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പ്രതി ജ്ഞാബദ്ധമാണെന്ന് ദേശീയപാത 17-ൽ ഇടപ്പള്ളിയിലെ റെയിൽവെ മേൽപ്പാലം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

വികസനപദ്ധതികൾ പൂർത്തിയാകു മ്പോൾ സ്ഥലവിലയിൽ വൻ വർധന യാണുണ്ടാകുന്നത്. ഈ വർധന സ്ഥലമു ടമകൾക്ക് കൂടി ലഭിക്കുംവിധം ബോണ്ട് ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ഈ ബോണ്ടുകൾ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാൻ കഴിയും. ബോണ്ടിന് പകരം സ്ഥലവില മതിയെന്നുള്ളവർക്ക് അത് തിരഞ്ഞെടുക്കാം. വികസനപദ്ധതി കൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലുള്ള ബുദ്ധിമുട്ടു മറികടക്കാൻ ഇത്തരം മാർഗ ങ്ങൾ അവലംബിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പൊതുമരാമത്തുമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് അധ്യക്ഷനായിരുന്നു. കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ്, എക്സൈസ്-തുറമുഖ മന്ത്രി കെ. ബാബു, മേയർ ടോണി ചമ്മിണി, എം.പിമാരായ പി. രാജീവ്, കെ.പി. ധനപാലൻ, എം.എൽ.എ മാരായ ബെന്നി ബഹന്നാൻ, ഹൈബി ഈഡൻ, ടി.എ. അഹമ്മദ് കബീർ, ലൂഡി ലൂയിസ്, പൊതുമരാമത്ത് സെക്രട്ടറി മനോജ് ജോഷി, കളമശ്ശേരി നഗരസഭാ ചെയർമാൻ ജമാൽ മണക്കാടൻ, ജില്ലാ കള ക്ടർ പി.ഐ. ഷെയ്ക്ക് പരീത് തുടങ്ങിയ വർ പങ്കെടുത്തു.

പാലവും അപ്രോച്ച് റോഡും അടങ്ങു ന്നതാണ് ഇടപ്പള്ളി റെയിൽവെ മേൽപ്പാലം പദ്ധതി. 36.13 കോടി രൂപ ചെലവിലാണ് പദ്ധതി പൂർത്തീകരിച്ചത്. 7.50 മീറ്റർ കാര്യേജ് വേ അടക്കം 12 മീറ്ററാണ് പാല ത്തിന്റെ വീതി. കൊച്ചി നഗരത്തിലെ ഇടപ്പള്ളി റെയിൽവെ ഗേറ്റിൽ നിലവിലു ണ്ടായിരുന്ന അനിയന്ത്രിതമായ ഗതാഗത ക്കുരുക്ക് ഒഴിവാക്കാൻ കഴിയുമെന്നതാണ് ഇടപ്പള്ളി മേൽപ്പാലത്തിന്റെ നേട്ടം.

*പി. വിനോദ്*
*മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്*



വെണ്ടുരുത്തി വിക്രാന്ത് പാലം കേന്ദ്രപ്രതിരോധമന്ത്രി എ.കെ. ആന്റണി ഉദ്ഘാടനം ചെയ്യുന്നു

# സഞ്ചാരികൾക്ക് പുതിയ ഉദ്യാനം

കേരളത്തിന്റെ പ്രഥമവിനോദ സഞ്ചാരകേന്ദ്രമായ മലമ്പുഴ ഉദ്യാനം വിനോദസഞ്ചാരികളെ മാടിവിളിക്കുന്നു.

ജലവിഭവവകുപ്പുമന്ത്രി പി.ജെ.ജോസഫിന്റെ അധ്യക്ഷതയിൽ ഉദ്യാനകവാടത്തിൽ നടന്ന ചടങ്ങിൽ സ്ഥലം എം.എൽ.എ. കൂടിയായ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ നവീകരിച്ച ഉദ്യാനം സന്ദർശകർക്കായി തുറന്നുകൊടുത്തു.

മലമ്പുഴ ഡാമിന്റെ പരിസരത്ത് 1970 ൽ 25 ഏക്കർ വിസ്തൃതിയിൽ നിർമിച്ച ഉദ്യാനം കേരളത്തിന്റെ ഏറ്റവും നല്ല വിനോദസഞ്ചാരകേന്ദ്രമായാണ് അറിയപ്പെട്ടിരുന്നത്. ഒരു കാലത്ത് മലയാള സിനിമയിൽ ഒരു ഗാനമെങ്കിലും ഈ ഉദ്യാനത്തിൽ ചിത്രീകരിക്കപ്പെട്ടിരുന്നുവെന്നതു തന്നെ മലമ്പുഴ ഉദ്യാനത്തിന്റെ വശ്യസൗന്ദര്യത്തിന്റെ പ്രാധാന്യവും പ്രത്യേകതയും എത്രയാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം അറ്റകുറ്റപ്പണികൾ യഥാകാലം നടക്കാതിരുന്നതിനാൽ 1980 കളുടെ മധ്യത്തോടെ ഉദ്യാനത്തിന്റെ പ്രൗഢിയും സൗന്ദര്യവും നഷ്ടപ്പെട്ടു. സന്ദർശകരിൽ നിന്നും ടിക്കറ്റ് വില്പനയിലൂടെ ലഭിക്കുന്ന പണം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഈ തുക ഉദ്യാനപരിപാലനത്തിന് ഉപയോഗിക്കുന്നതിന് 1991 ൽ സർക്കാർ ഉത്തരവിറക്കിയശേഷം ഒരുപരിധി വരെ സംരക്ഷണം മുന്നോട്ടു പോയെങ്കിലും നഷ്ടപ്പെട്ട പ്രൗഢി വീണ്ടെടുക്കാനായില്ലെന്ന് മാത്രമല്ല ഉദ്യാനത്തിന്റെ മനോഹാരിത നാൾക്കുനാൾ ശോഷിക്കുകയായിരുന്നു.

ഈ സന്ദർഭത്തിലാണ് വിനോദസഞ്ചാരവകുപ്പും ഡി.ടി.പി.സി.യും ഉദ്യാനനവീകരണത്തിന് ഒൻപതു കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ 4.82 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. സമഗ്ര നവീകരണത്തിന് ഈ തുക അപര്യാപ്തമായതിനാൽ 2008 ഒക്ടോബറിൽ മലമ്പുഴയുടെ പ്രതിനിധി കൂടിയായ അന്നത്തെ മുഖ്യമന്ത്രി മുൻകൈ എടുത്ത് മാസ്റ്റർ പ്ലാൻ തയാറാക്കിയതിനൊപ്പം കേന്ദ്രസഹായമനുസരിച്ചുള്ള ഉദ്യാനനവീകരണത്തിന്റെ ഒന്നാം ഘട്ടം ആരംഭിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാനിൽ നിർദേശിച്ച 1646.70 ലക്ഷം രൂപയും ചേർത്ത് 20.29 കോടി രൂപയുടെ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയായപ്പോഴാണ് ഉദ്യാനം അണിഞ്ഞൊരുങ്ങി സുന്ദരിയായ നവോഢയെപ്പോലെ വിനോദസഞ്ചാരികളെ സ്വാഗതം ചെയ്യുന്നത്.

നവീകരണം പൂർത്തീകരിച്ചപ്പോൾ 25 ഏക്കർ മാത്രമായിരുന്ന ഉദ്യാനത്തിന്റെ വിസ്തൃതി 111 ഏക്കറായി ഉയർന്നു. പഴയ ഉദ്യാനത്തിന് സമീപമുണ്ടായിരുന്ന വിശാലമായ മാവിൻതോട്ടം കൂടി വൃത്തിയാക്കി പരിസ്ഥിതിസൗഹൃദ പാർക്കായി ഉദ്യാനത്തോടു ചേർത്തു. തണൽവിരിച്ചു നിൽക്കുന്ന മരങ്ങൾക്കു ചുറ്റും വിശ്രമിക്കാൻ കല്ലുകെട്ട്, നടവഴികൾ മഴയത്ത് കയറിനില്ക്കാനുള്ള ചെറിയ കൂരകൾ എല്ലാ നിർമിച്ചു. പൂന്തോട്ടത്തിനകത്തും ഡാമിലും അത്യാധുനികരീതിയിലുള്ള ദീപാലങ്കാരം ക്രമീകരിച്ചു. ദീപാലങ്കാരത്തിന് സ്വന്തമായി വൈദ്യുതി ഉത്പാദിപ്പിക്കാൻ കാറ്റാടിയന്ത്രവും സൗരോർജ പാനലും സ്ഥാപിച്ചു.

മനോഹരമായ പ്രവേശനകവാടത്തിന് ഇടതുവശത്ത് കൂറ്റൻ മെറ്റൽ നെയിം ബോർഡ് സ്ഥാപിച്ചതോടൊപ്പം ടിക്കറ്റ് കൗണ്ടറുകൾ, വാഹനപാർക്കിങ് സൗകര്യം എല്ലാം ക്രമീകരിച്ചിട്ടുണ്ട്. അത്യാധുനിക രീതിയിൽ ഓട്ടോമാറ്റിക് കൺട്രോൾ സിസ്റ്റവും സ്ഥാപിച്ചു.

സന്ദർശകരുടെയും ഡാമിന്റെയും സുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ ക്യാമറ ശൃംഖല സ്ഥാപിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം കുളങ്ങൾ നിർമ്മിച്ചു. നിലവിലുള്ള തൂക്കുപാലത്തിലെ തിരക്കു കുറയ്ക്കാൻ പുതിയ തൂക്കുപാലം നിർമിച്ചു. സന്ദർശകർക്ക് പുതിയ ഷോപ്പിങ് കോർട്ട്, ഫുഡ്കോർട്ട് തുടങ്ങിയവ സ്ഥാപിച്ചു. വെള്ളത്തിൽ നടക്കുന്ന പ്രതീതിയുളവാക്കുന്ന ബോർഡ് വാക്കിങ് സംവിധാനം ക്രമീകരിച്ചു. ബോട്ടുജെട്ടിയുടെയും പടിപ്പുരയുടെയും പുനർനിർമാണം, ലേക്ക് വ്യൂ പാർക്കിന്റെ സൗന്ദര്യവത്കരണം, അസംബ്ലിങ് സ്ക്വയർ നിർമാണം, പുതിയ ഫൗണ്ടനുകളുടെ നിർമാണം, കുട്ടികളുടെ പാർക്കിൽ പുതിയ കളിക്കോപ്പുകൾ എല്ലാം ഉദ്യാനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. നിർമാണം പുരോഗമിക്കുന്ന പുതിയ ബസ് സ്റ്റാൻഡും ടോയി ട്രെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ ഏറ്റവും നല്ല ഉദ്യാനം എന്ന പദവിയിലേക്ക് മലമ്പുഴ ഉയരും.

*ടി.സി. ജോസഫ്*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്.*





കേന്ദ്രമന്ത്രി കപിൽ സിബൽ അലിഗഡ് കേന്ദ്രം ഉദ്ഘാടനം ചെയ്യുന്നു

# സംസ്ഥാനത്തിന് അഭിമാനസ്തംഭമായി അലിഗഡ് കേന്ദ്രം മലപ്പുറത്ത്

അലിഗഡ് സർവകലാശാലയുടെ സുവർണനാമത്തിന് ഇനി മലപ്പുറത്തിന്റെ മേൽവിലാസവും സ്വന്തം. സംസ്ഥാനത്തിന്റെ അഭിമാനസ്തംഭമായി മലപ്പുറം ചേലാമലയിൽ അലിഗഡ് കേന്ദ്രം കേന്ദ്ര മാനവ വിഭവശേഷി മന്ത്രി കപിൽ സിബൽ നാടിന് സമർപ്പിച്ചു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന മുസ്ലിം, ന്യൂനപക്ഷ വിഭാഗങ്ങളെ ഉന്നതിയിലെത്തിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് രാജ്യത്ത് അഞ്ചിടത്ത് അലിഗഡ് കേന്ദ്രങ്ങൾ തുടങ്ങാൻ ഇടയാക്കിയതെന്ന് കപിൽ സിബൽ പറഞ്ഞു. എല്ലാവരെയും ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് ആകർഷിക്കാനാണ് സർക്കാരിന്റെ ശ്രമം. മുസ്ലിം സമുദായത്തിനും മറ്റ് ന്യൂനപക്ഷങ്ങൾക്കും കൂടുതൽ സംവരണവും അവസരവും നൽകി സമത്വത്തിലേക്ക് എത്തിക്കുകയാണ് ലക്ഷ്യമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററിന് വേണ്ട എല്ലാ അടിസ്ഥാനസൗകര്യങ്ങളും സംസ്ഥാന സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉറപ്പുനൽകി. ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗത്തേക്കുള്ള കുതിച്ചുചാട്ടത്തിന് തുടക്കംകുറിക്കുകയാണ് യൂണിവേഴ്സിറ്റി. അതിനാൽ 12-ാം പഞ്ചവത്സരപദ്ധതിയിൽ യൂണിവേഴ്സിറ്റിയുടെ വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് കേന്ദ്രമാനവ വിഭവശേഷിമന്ത്രിയോട് അദ്ദേഹം ആവശ്യപ്പെട്ടു. മലയാളം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം മലബാറിൽ സ്ഥാപിക്കു

# 12 –ാം പഞ്ചവത്സര പദ്ധതിക്ക് ഒരുലക്ഷത്തി അയ്യായിരം കോടി രൂപ : മന്ത്രി കെ. സി. ജോസഫ്

ഏപ്രിൽ ഒന്നിനാരംഭിക്കുന്ന 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനത്ത് ഒരു ലക്ഷത്തി അയ്യായിരം കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുകയെന്ന് ഗ്രാമവികസന മന്ത്രി കെ. സി. ജോസഫ് അറിയിച്ചു. മുൻ പദ്ധതിക്കാലത്ത് ഇത് നാല്പത്തി മൂവായിരം കോടി രൂപയായിരുന്നു. ഇരട്ടിയിലേറെ വർധനയാണ് പദ്ധതിയുടെ അടങ്കലിൽ ഉണ്ടായിരിക്കുന്നതെന്നും കാട്ടകാമ്പൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ഭവനനിർമാണ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.

പദ്ധതി നടത്തിപ്പിലും മാറ്റം വരുത്തും. സമയബന്ധിതമായി ഓരോ കൊല്ലവും നടപ്പാക്കേണ്ട പദ്ധതികൾക്ക് മുൻഗണന നൽകും. വികസനസംരംഭങ്ങളിൽ എല്ലാവരുടെയും സഹകരണമുണ്ടാകണം. വികസനം നാടിന്റെ പൊതുവായ ആവശ്യമാണ്. അവിടെ വേർതിരിവൊന്നും പാടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പദ്ധതി നടത്തിപ്പിന് കാലതാമസമുണ്ടാക്കുന്ന തരത്തിലുള്ള ക്രമീകരണങ്ങളിൽ മാറ്റം വരുത്തും. ഇതിനാവശ്യമായ ചർച്ച ബന്ധപ്പെട്ടവരുമായി നടത്തും.

തൊഴിലുറപ്പു പദ്ധതിയിൽ ശുചീകരണപ്രവർത്തനം നടപ്പാക്കുമ്പോൾ പുല്ലുകൾ വേരോടെ പിഴുത് തീയിടരുതെന്ന് നിർദേശം നൽകിയിട്ടുണ്ട്. അപൂർവയിനം ഔഷധസസ്യങ്ങൾ ഇതുമൂലം നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഈ നടപടിയെന്നും മന്ത്രി പറഞ്ഞു. ബാബു എം. പാലിശ്ശേരി എം.എൽ.എ. അധ്യക്ഷത വഹിച്ചു. പി.എ. മാധവൻ എം.എൽ.എ.

മെന്നും മുഖ്യമന്ത്രി പറഞ്ഞു.

ന്യൂനപക്ഷങ്ങളുടെ പ്രത്യേകിച്ച് മുസ്ലിങ്ങളുടെ പിന്നാക്കാവസ്ഥയ്ക്ക് കാരണം വിദ്യാഭ്യാസമേഖലയിലുള്ള അസൗകര്യങ്ങളും അവസരമില്ലായ്മയുമാണ് എന്ന് കേന്ദ്ര മാനവ വിഭവശേഷി സഹമന്ത്രി ഇ. അഹമ്മദ് പറഞ്ഞു. അധികാരത്തിൽ പങ്കില്ലായ്മയും നിരക്ഷരതയും മൂലമുള്ള പ്രതികൂലാവസ്ഥ ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതിനാൽ ന്യൂനപക്ഷങ്ങൾക്കായി ഒരു വിദ്യാഭ്യാസ ഉപ-പദ്ധതി ആവിഷ്കരിക്കുകയും വേണമെന്ന് മന്ത്രി പറഞ്ഞു.

2009-10 ൽ കേന്ദ്രസർക്കാർ മൂർഷിദാബാദിലും മലപ്പുറത്തും കേന്ദ്രം തുടങ്ങാനായി 25 കോടി നീക്കിവച്ചു. 2010-11 ബജറ്റിൽ അടിസ്ഥാന സൗകര്യവികസനത്തിന് 50 കോടി വീതവും അനുവദിച്ചു. 335 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്തുനൽകി. എ.എം.യു. സ്ഥാപകൻ സർ സയ്യദ് അഹമ്മദ്ഖാന്റെ ദർശനത്തിന്റെ സാക്ഷാത്കാരം കൂടിയാണ് ഈ സംരംഭമെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു.

അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി ഓഫ് കാമ്പസ് സെന്ററിനായി തിരഞ്ഞെടുത്ത കുന്നിൻപ്രദേശമായ ചേലാമലയിൽ ധാരാളം കാറ്റു ലഭിക്കുന്നതിനാൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനും സൗരോർജം ഉപയോഗപ്പെടുത്താനുമുള്ള സാധ്യതകൾ കണ്ടെത്തുന്നതിന് അനെർട്ട് സംഘം ചേലാമല സന്ദർശിക്കുമെന്ന് വൈദ്യുതിമന്ത്രി ആര്യാടൻ മുഹമ്മദ് അറിയിച്ചു.

**കെ. ചിത്രലേഖ**
*അസി. ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം*

# റീനക്ക് സഹപാഠികളുടെ സ്നേഹവീട്

നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണങ്ങളോടെ കോഴിക്കോട് ജില്ലയിലെ അത്തോളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ സഹപാഠികൾ റീനക്ക് സ്നേഹവീട് പണിതുനൽകി. വീടിന്റെ താക്കോൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി റീനക്കും അമ്മയ്ക്കും കൈമാറി. അത്തോളി സ്കൂളിലെ വിദ്യാർത്ഥികൾ നിർവ്വഹിച്ച ജീവകാരുണ്യ പ്രവർത്തനം സംസ്ഥാനത്തെ മറ്റ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും മാതൃകയാക്കണമെന്ന് അദ്ദേഹം പറഞ്ഞു.

സഹപാഠികളുടെ പരിശ്രമത്തിൽ നാട്ടുകാരുടേയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ സാക്ഷത്ക്കരിച്ച വീടിന്റെ താക്കോൽ നൽകാൻ മുഖ്യമന്ത്രി നേരിട്ടെത്തുകയായിരുന്നു. അത്തോളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥിനി റീനക്കും കുടുംബത്തിനുമാണ് നാഷണൽ സർവ്വീസ് സ്കീം വീടൊരുക്കി നൽകിയത്. സ്കൂൾ ഗ്രൗണ്ടിൽ നടന്ന ചടങ്ങിന് വിദ്യാർഥികളും അദ്ധ്യാപകരും നാട്ടുകാരുമടങ്ങിയ ആയിരക്കണക്കിന് ആളുകൽ സാക്ഷികളായി.

പിതാവ് നേരത്തെ മരിച്ച റീന രോഗിയായ അമ്മയോടും സഹോദരിയോടുമൊപ്പമാണ് താമസിച്ചുവന്നത്. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാതിരുന്ന ഈ കുടുംബം അമ്മയുടെ സഹോദരന്റെ സ്ഥലത്ത് കുടിൽകെട്ടി താമസിക്കുകയായിരുന്നു. നാഷണൽ സർവ്വീസ് സ്കീം പ്രവർത്തകരിലൂടെ ഇവരുടെ ദുരിത ജീവിതത്തെക്കുറിച്ച് പുറംലോകം അറിഞ്ഞതോടെ പല ഭാഗത്തുനിന്നും സഹായമെത്തി. അത്തോളി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് എ.കെ രാജൻ ചെയർമാനും നാഷണൽ സർവ്വീസ് സ്കീമിന്റെ ചുമതല വഹിക്കുന്ന എം.ലീനടീച്ചർ കൺവീനറുമായ സമിതി ഭവന നിർമ്മാണത്തിന് നേതൃത്വം നൽകി.

ധനസഹായമായി ലഭിച്ച ആറ് ലക്ഷം രൂപയും ഇ.എം.എസ് ഭവന പദ്ധതിപ്രകാരമുള്ള ഒരു ലക്ഷം രൂപയും ചേർത്ത് അത്തോളി ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം അഞ്ച് സെന്റ് ഭൂമി വാങ്ങി വീട് പണി ആരംഭിച്ചു. എൻ.എസ്.എസ് വളണ്ടിയർമാരും നാട്ടുകാരും നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. രണ്ട് കിടപ്പുമുറി, ഹാൾ, അടുക്കള, കുളിമുറി എന്നിവ ഉൾക്കൊള്ളുന്നതാണ് വീട്. കുടിലിൽ അന്തിയുറങ്ങിയ കുടുംബത്തിന് അത് സ്നേഹകൊട്ടാരമായി. റീനക്ക് സ്ഥിരം ജോലി നൽകുന്ന കാര്യം പരിഗണിക്കുമെന്ന് പറഞ്ഞ മുഖ്യമന്ത്രി പുതിയ വീട്ടിലേക്ക് ടെലിവിഷൻ സെറ്റ് വാഗ്ദാനം ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല അധ്യക്ഷത വഹിച്ചു. എം.കെ രാഘവൻ എം.പി മുഖ്യാതിഥിയായിരുന്നു. സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ് എം.മെഹബൂബ് ഗൃഹോപകരണങ്ങൾ കൈമാറി. കവി പി.കെ ഗോപി പുതിയ വീട്ടിൽ ദീപം തെളിയിച്ചു. മികച്ച പ്രവർത്തനത്തിനുള്ള എൻ.എസ്.എസ് അവാർഡ് നേടിയ എം.ലീനയെ ചടങ്ങിൽ ആദരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ പാലോത്ത് സ്വാഗതവും സ്കൂൾ പ്രിൻസിപ്പൽ എം.എം ചന്ദ്രൻ നന്ദിയും പറഞ്ഞു.

**കെ.ടി ശേഖർ**
*അസിസ്റ്റന്റ് എഡിറ്റർ, കോഴിക്കോട്.*



**ഭവനനിർമാണ പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു**

മുഖ്യാതിഥിയായിരുന്നു. പാടശേഖര സമിതികൾക്കുള്ള ധനസഹായം ജില്ലാ പഞ്ചായത്ത് വികസന കമ്മിറ്റി ചെയർ മാൻ അനിൽ അക്കര നിർവഹിച്ചു. കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസിഡന്റ് സുഹറ ഉമ്മർ ആശ്രയ പദ്ധതി ധനസഹായം വിതരണം ചെയ്തു.

ചടങ്ങിൽ പി. സതീദേവി, വി.എസ്. സിദ്ധാർഥൻ, കെ. ജയശങ്കർ, ടി.സി. ചെറിയാൻ, വി.ആർ. സജിത്, അനിത ജെയ്സൻ, ധന്യ ജയൻ, സ്മിത ഷാജി, ലിസി വിനോയ്, കെ.കെ. രാധ, കെ.ടി. ഷാജൻ, മുഹമ്മദ്, എ.എ. മണികണ്ഠൻ, വി.കെ. ഹക്കിം, വി.കെ. രമണി, എം.എ അബ്ദുൾ റഷീദ്, സുജിത ശിവിൽദാസ്, അഡ്വ. വി.സി. ലത്തീഫ്, രജീഷ്, മൊയ്തുണ്ണി ഹാജി, അർജ്ജുനൻ, പ്രസാദ്, സുബ്രു കെ.വി., കെ.ഐ. റോയ് തുടങ്ങിയവർ സംസാരിച്ചു.

**എം.എസ്. അലിക്കുഞ്ഞ്,**
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ.*

# ഇടുക്കിയിലെ കർഷകർക്ക് ഇനി ഇന്റർനെറ്റ് പിന്തുണ

ഇടുക്കി ജില്ലയിലെ കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും ഉത്പന്നങ്ങളെക്കുറിച്ചുള്ള ഏറ്റവും പുതിയ അറിവുകളും തത്സമയവിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും ഇനി ഇന്റർനെറ്റിന്റെ പിന്തുണ. കാർഷികമേഖലയിൽ ഇന്റർനെറ്റ് സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന ഇ-കൃഷിപദ്ധതിക്ക് ജില്ലയിൽ തുടക്കമായി. സംസ്ഥാന കൃഷിവകുപ്പിന്റെയും അക്ഷയയുടെയും പിന്തുണയോടെ ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതി തൊടുപുഴയിൽ ജലവിഭവമന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു.

അക്ഷയ സെന്ററിലുള്ള ഇ-കൃഷി വെബ്സൈറ്റിൽ കർഷകരും കച്ചവടക്കാരും വിൽക്കുവാനോ വാങ്ങുവാനോ ഉള്ള വസ്തുക്കളുടെ വിവരം പോസ്റ്റു ചെയ്യുന്നതാണ് പദ്ധതിയുടെ മുഖ്യ പ്രവർത്തനം. ഇതുവഴി ഉത്പന്നങ്ങൾക്ക് മികച്ച വില കിട്ടുന്നതിനായി വിലപേശുവാനും വിപണി ആവശ്യം കണ്ടറിഞ്ഞ് കൃഷിയിറക്കാനും വിളവെടുക്കാനും വിവിധ മാർക്കറ്റുകളിലെ വിലനിലവാരം അറിയുവാനും കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭിക്കുവാനും ഉത്പാദനോപാധികളുടെ വിവരങ്ങൾ മനസ്സിലാക്കാനും കർഷകർക്കു കഴിയുന്നു. വ്യാപാരികൾക്കാകട്ടെ ഉത്പന്നങ്ങൾ ആവശ്യമായ അളവിൽ മൊത്തമായി ലഭിക്കുവാനും സംഭരണച്ചെലവു കുറയ്ക്കുവാനും കർഷകരിൽനിന്ന് ...ടുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസറാണ് നിർവഹണ ഉദ്യോഗസ്ഥൻ.

കാർഷിക മേഖലയിൽ വിപണനത്തിനു പ്രാധാന്യം ലഭിച്ചാലേ കർഷകൻ രക്ഷപ്പെടൂ എന്നതു മനസ്സിലാക്കി അതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്നും ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അലക്സ് കോഴിമല അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ വി.എം. ശശികുമാർ പദ്ധതി വിശദീകരിച്ചു. വൈസ് പ്രസിഡൻന്റ് ഇന്ദു സുധാകരൻ, മുനിസിപ്പൽ ചെയർമാൻ റ്റി.ജെ.ജോസഫ്, തൊടു



ഇ-കൃഷിപദ്ധതി ജലവിഭവമന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

പദ്ധതി നടപ്പിലാകുന്നതോടെ കർഷകർ, കർഷകസംഘങ്ങൾ, കൃഷിവകുപ്പ്, അനുബന്ധസ്ഥാപനങ്ങൾ, കാർഷിക യന്ത്രങ്ങളുടെയും കാർഷിക ഉത്പാദനോപാധികളുടെയും നിർമാതാക്കൾ, സഹകരണ സംഘങ്ങൾ, ഭക്ഷ്യസംസ്കരണ ഏജൻസികൾ, ഉപഭോക്താക്കൾ, മൊത്തക്കച്ചവടക്കാർ, കയറ്റുമതിക്കാർ, ബാങ്കുകൾ തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാകുന്നു. www.e-krishi.org എന്ന വെബ്സൈറ്റിലൂടെയാണ് പ്രവർത്തനം ഏകോപിപ്പിക്കുന്നത്.

നേരിട്ട് ഉത്പന്നങ്ങൾ ലഭിക്കുവാനും ഗുണനിലവാരം ഉറപ്പുവരുത്തുവാനും കഴിയുന്നു. കാർഷികമേഖലയിൽ വിത്തുമുതൽ വിപണനം വരെയുള്ള എല്ലാ വിവരങ്ങളും ലഭ്യമാക്കുന്ന ടോൾഫ്രീ സെന്ററും ഇ-കൃഷിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. രാവിലെ 8.30 മുതൽ വൈകിട്ട് അഞ്ചു മണി വരെ 1800 425 1661 എന്ന സൗജന്യ ടെലിഫോൺ നമ്പരിൽനിന്ന് ഈ സേവനം ലഭിക്കും. ഇ-കൃഷിക്ക് 30 ലക്ഷവും വിവരശേഖരണത്തിന് 20 ലക്ഷവും അടങ്കൽത്തുകയുള്ള രണ്ടു പദ്ധതികളായി നടപ്പാക്കുന്ന ഇ-കൃഷി ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, അക്ഷയ, ഐടി മിഷൻ എന്നിവയുടെ കൂട്ടായ്മയിലൂടെയാണ് സാക്ഷാത്കരിക്കപ്പെ

പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീലാമ്മ ജോസ്, പി.ഡബ്ല്യു.ഡി സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ പ്രൊഫ. ഷീല സ്റ്റീഫൻ, ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ കുമാരി കൊച്ചുത്രേസ്യാ പൗലോസ്, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ഡി.കുമാർ, എം.എം.വർഗ്ഗീസ്, സുരേഷ് ബാബു, ജാൻസി ഷാജി, മേരി ആന്റണി, ഷൈനി സജി, സുശീല ആനന്ദ്, മേഴ്സി ജോയി, മിഷൻ കോ-ഓർഡിനേറ്റർ കെ.പി.നൗഫൽ, ഐ.ടി.മിഷൻ കൺസൽട്ടന്റ് സി.കെ.പീതാംബരൻ, ഡെപ്യൂട്ടി ഡയറക്ടർ ഷാജി ജോർജ് തുടങ്ങിയവർ സംസാരിച്ചു.

***പി.എസ്. രാജശേഖരൻ***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി.*

■ പി.സി. വിജയൻ

# ചരിത്രത്തിലൂടെ : മാർച്ച് 2012


**1**
- സാമൂഹ്യപ്രവർത്തക ദിനം
- അടൂർ ഭാസി ജന്മദിനം (1929 - 1990)
- അമേരിക്ക ആദ്യമായി ഹൈഡ്രജൻ ബോംബ് പരീക്ഷിച്ചു (1954)



**2**
- സോവിയറ്റ് യൂണിയൻ മുൻ പ്രസിഡന്റ് മിഖായേൽ ഗോർബച്ചേവ് ജന്മദിനം (1931)

**3**
- അലക്സാണ്ടർ ഗ്രഹാംബെൽ ജനിച്ചു (1847 - 1922)
- ഗണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ജോർജ് കാന്റർ ജന്മദിനം (1845 - 1918)

**4**
- മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി അർജുൻ സിങ് അന്തരിച്ചു (1930 - 2011)
- ദേശീയ സുരക്ഷാദിനം
- പ്രഥമ ഏഷ്യൻ ഗെയിംസ് ന്യൂഡൽഹിയിൽ ആരംഭിച്ചു (1951)



**5**
- സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യ സെക്രട്ടറി ജനറൽ ജോസഫ് സ്റ്റാലിൻ അന്തരിച്ചു (1922 - 1953)
- ജിയോഗ്രഫിക്കൽ സർവെ ഓഫ് ഇന്ത്യ സ്ഥാപിതമായി (1851)
- ജർമൻ വിപ്ലവനായിക റോസ ലക്സംബർഗ് ജനിച്ചു (1871 - 1919)

**6**
- ഇറ്റാലിയൻ ചരിത്രകാരനും ശില്പിയുമായ മൈക്കലാഞ്ചലോ ബോനറോട്ടി ജനിച്ചു (1475 - 1564)
- ഇന്ത്യയിലെ പ്രഥമ ധനകാര്യ ദിനപത്രമായ ഇക്കണോമിക് ടൈംസ് പ്രസിദ്ധീകരണമാരംഭിച്ചു (1961)

**7**
- ആദ്യമായി സ്ഥിര ഛായാഗ്രഹണ ഇമേജ് നിർമിച്ച ജോസഫ് നീപ്സ് ജനിച്ചു (1765 - 1833)
- ഇന്ത്യൻ ആത്മീയ ഗുരു പരമഹംസയോഗാനന്ദ അന്തരിച്ചു (1893 - 1952)

**8**
- അന്തർദേശീയ വനിതാദിനം
- ഉറുദു സാഹിത്യകാരൻ കിഷൻ ചന്ദർ അന്തരിച്ചു (1915 - 1977)
- എയർ ഇന്ത്യ ഇന്റർനാഷണൽ സ്ഥാപിതമായി (1948) വിദേശത്തേക്കുള്ള സർവീസ് ആരംഭിച്ചു.



**9**
- ശൂന്യാകാശത്തിലെ കൊളംബസ് എന്നു വിശേഷിപ്പിക്കപ്പെടുന്ന യൂറി ഗഗാറിൻ ജനിച്ചു (19341968)
- ആധുനിക ഇലക്ട്രോണിക് കമ്പ്യൂട്ടറിന്റെ മുൻഗാമിയായ ഹോവാഡ് മാർക് I കണ്ടുപിടിച്ച ഹോവാഡ് ഹാത്‌വേ ഐക്കൻ ജനിച്ചു (1900 - 1973)

**10**
- മലപ്പുറം പൂക്കിപ്പറമ്പിൽ ബസ്സപകടം നടന്നു (2001). 42 മരണം.

**11**
- ജപ്പാനിൽ സുനാമി (2011). 10,000 ൽ അധികം മരണം. റിക്ടർ സ്കെയിലിൽ 8.9 തീവ്രത രേഖപ്പെടുത്തി.
- തിക്കുറിശി സുകുമാരൻ നായർ അന്തരിച്ചു (1917 - 1997).

**12**
- മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിൽ സ്ഫോടനം നടന്നു (1993). 84 മരണം. നഗരത്തിലെ പലയിടങ്ങളിൽ സ്ഫോടനം. 257 മരണം. 713 പേർക്ക് പരിക്ക്.
- ബ്രിട്ടീഷ് മലബാറിൽ ആദ്യമായി തീവണ്ടെയത്തി (1861). ബേപ്പൂരിൽനിന്ന് തിരൂരിലേക്കായിരുന്നു യാത്ര.

**13**
- സർ വില്യം ഹെർഷൽ യുറാനസ് ഗ്രഹം കണ്ടുപിടിച്ചു (1781)
- ജോസഫ് പ്രീസ്റ്റ്ലി ജനിച്ചു (1733 - 1804). ഓക്സിജൻ കണ്ടുപിടിച്ചത് പ്രീസ്റ്റ്ലിയാണ്.
- വള്ളത്തോൾ നാരായണമേനോൻ ചരമദിനം (1878 - 1958)

**14**
- ആൽബർട്ട് ഐൻസ്റ്റൈൻ ജനിച്ചു (1879 - 1955)
- എസ്.കെ. പൊറ്റക്കാട് ജന്മദിനം (1913 - 1982)



**15**
- ലോക ഉപഭോക്തൃ സംരക്ഷണ ദിനം.
- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്ഥാപിതമായി (1965)
- ലോകത്തിലാദ്യമായി ഡോട്ട് കോം നാമം നിലവിൽവന്നു (1985). symbolics.com എന്നായിരുന്നു പേര്.

**16**
- ജോർജ് സൈമൺ ഓം ജനിച്ചു (1787 - 1854). വൈദ്യുതചാലനം സംബന്ധിച്ച നിയമം ആവിഷ്ക്കരിച്ചത് ഇദ്ദേഹമാണ്.
- കോട്ടക്കൽ ആര്യവൈദ്യശാല സ്ഥാപകൻ പി.എസ്. വാര്യർ ജനിച്ചു (1869 - 1944)
- ഇറ്റാലിയൻ ചലച്ചിത്രകാരൻ ബർണാഡോ ബർട്ടലൂച്ചി ജനിച്ചു (1940)

**17**
- കാലിഫോർണിയ സർവകലാശാലയിലെ ശാസ്ത്രജ്ഞർ പുതിയ റേഡിയോ ആക്ടീവ് ഘടകം കണ്ടുപിടിച്ചു (1950). കാലിഫോർണിയം എന്നാണ് പേര് കൊടുത്തത്.
- ബംഗ്ലാദേശ് പ്രധാനമന്ത്രിയും പ്രസിഡന്റുമായിരുന്ന ഷെയ്ക് മുജിബുർ റഹ്മാൻ ജനിച്ചു (1920 - 1975)

**18**
- മാതൃഭൂമി ദിനപത്രം ത്രൈവാരികയായി കോഴിക്കോട്ടുനിന്നും പ്രസിദ്ധീകരണം ആരംഭിച്ചു (1923)
- ഓർഡിനൻസ് ഫാക്ടറി ദിനം

**19**
- സർ ജോൺ ഹൂബർട്ട് മാർഷൽ ജന്മദിനം (1876 - 1958). ഇന്ത്യൻ ആർക്കിയോളജിക്കൽ സർവെയുടെ ഇംഗ്ലീഷുകാരനായ ഡയറക്ടർ ജനറലായിരുന്നു.
- ഇ.എം. ശങ്കരൻ നമ്പൂതിരപ്പാട് അന്തരിച്ചു (1909 - 1998)

**20**
- അങ്ങാടിക്കുരുവി ദിനം
- നോർവീജിയൻ നാടകകൃത്ത് ഹെൻറിക് ഇബ്സൻ ജന്മദിനം (1828 - 1906)
- അമേരിക്കൻ എഞ്ചിനീയറും ഇൻവന്ററുമായ ഫ്രഡറിക് വിൻസ്ലോ ടെയ്‌ലർ ജന്മദിനം (1856 - 1915). ശാസ്ത്രീയ മാനേജ്മെന്റിന്റെ പിതാവ് എന്ന് ഇദ്ദേഹം അറിയപ്പെടുന്നു.

**21**
- ലോക വനവത്കരണദിനം
- ബ്രഹ്മോസ് മിസൈൽ ഇന്ത്യ പരീക്ഷിച്ചു (2010)
- നമീബിയ നിലവിൽവന്നു (1990)

**22**
- ശകവർഷം ആസ്പദമാക്കി ദേശീയ കലണ്ടർ അംഗീകരിച്ചു (1957)
- ലോക ജലദിനം
- മലയാള മനോരമ പത്രം പ്രസിദ്ധീകരണമാരംഭിച്ചു (1890)


**23**
- പാക്കിസ്ഥാൻ ഇസ്ലാമിക റിപ്പബ്ലിക്കായി (1956)
- ലോക കാലാവസ്ഥാ ദിനം
- സോഷ്യലിസ്റ്റ് സൈദ്ധാന്തികൻ റാം മനോഹർ ലോഹ്യ ജനിച്ചു (1910 - 1967)
- ഭഗത് സിങ്, രാജ് ഗുരു, സുഖ്ദേവ് എന്നീ സ്വാതന്ത്ര്യസമര നേതാക്കളെ തൂക്കിക്കൊന്നു (1931)

**24**
- മൊറാർജി ദേശായി പ്രഥമ കോൺഗ്രസിതര പ്രധാനമന്ത്രിയായി (1977)
- ലോക ക്ഷയരോഗദിനം
- ഹാരി ഹൂഡിനി ജന്മദിനം (1874 - 1926) അമേരിക്കൻ മാന്ത്രികൻ. യഥാർഥ പേര് എറിക് വീസ്.



**25**
- വില്യം കോൺറോഡ് റോൺട്ജൻ ജന്മദിനം (1845 - 1923). എക്സ് - റേ കണ്ടുപിടിച്ച ജർമൻ ഭൗതികശാസ്ത്രജ്ഞൻ
- കൊട്ടാരത്തിൽ ശങ്കുണ്ണി ജനിച്ചു (1855 - 1937)
- വയലാർ രാമവർമ ജനിച്ചു (1928 - 1975)

**26**
- വി.ടി. ഭട്ടതിരിപ്പാട് ജന്മദിനം (1896 - 1982)
- അമേരിക്കൻ കവി റോബർട് ഫ്രോസ്റ്റ് ജനിച്ചു



**27**
- ലോക നാടക ദിനം
- കഥകളി നടൻ കലാമണ്ഡലം കൃഷ്ണൻ നായർ ജനിച്ചു (1914 - 1991)



**28**
- സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള ചരമദിനം (1878 - 1916)
- തുർക്കിയിലെ അങ്കോറ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ നഗര നാമങ്ങൾ അങ്കാറ, ഇസ്താൻബുൾ എന്നാക്കിമാറ്റി (1930)



**29**
- കയ്യൂർ ദിനം. കർഷക സംഘക്കാരായ നാലു നേതാക്കളെ 1943 മാർച്ച് 29ന് തൂക്കിക്കൊന്നു. ആ സ്മരണക്കാണ് ഈ ദിനാചരണം.
- സർ എഡ്‌വിൻ ലറ്റ്യൻസ് ജനിച്ചു (1869 - 1944). ഇംഗ്ലീഷ് ആർക്കിടെക്റ്റ്. ന്യൂ ഡൽഹിയും രാഷ്ട്രപതി ഭവനും ഡിസൈൻ ചെയ്തത് ഇദ്ദേഹമാണ്.

**30**
- വൈക്കം സത്യാഗ്രഹം തുടങ്ങി (1924). സമരം നവംബർ 23 വരെ നീണ്ടു. ഇന്ത്യയിലാദ്യത്തെ അയിത്തവിരുദ്ധ സമരം.
- ലളിതാംബിക അന്തർജനം ജനിച്ചു (1909 - 1987).
- ബ്ലാക്ക് ബ്യൂട്ടി എന്ന നോവലിലൂടെ പ്രശസ്തയായ അന്ന സിവെൽ ജനിച്ചു (1820 - 1878)

**31**
- കാർട്ടീഷ്യൻ ജ്യാമിതിയുടെ ഉപജ്ഞാതാവ് റെനെ ദെക്കാർത്തെ ജനിച്ചു (11596 - 1650)
- ഒക്ടേവിയ പാസ് ജന്മദിനം (1914 - 1998) മെക്സിക്കൻ കവി, എഴുത്തുകാരൻ, ഭരണതന്ത്രജ്ഞൻ എന്നീ നിലകളിൽ പ്രശസ്തൻ)
- ഈഫൽ ഗോപുരം നിർമാണം പൂർത്തിയായി (1889)






# ഹൈസ്പീഡ് റെയിൽവെ സംവിധാനം വരുന്നു

കേരളത്തെപ്പോലെ ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്തിന് ഏറ്റവും വിശ്വാസ്യതയോടെ ആശ്രയിക്കാവുന്ന ഗതാഗത മാർഗമാണ് ഹൈസ്പീഡ് റെയിൽവെ. ഇതിന്റെ ശരാശരി വേഗത മണിക്കൂറിൽ 350 കിലോമീറ്ററാണ്. 1964 ൽ ജപ്പാനിൽ തുടക്കംകുറിച്ച ഹൈസ്പീഡ് റെയിൽവെയ്ക്ക് വിമാനത്തേക്കാൾ എട്ടരമടങ്ങും കാറിനെക്കാൾ നാലിരട്ടിയും ബസിനെക്കാൾ മൂന്നു മടങ്ങും ഇന്ധനക്ഷമതയുണ്ട്.

സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തികവികസനം ത്വരിതപ്പെടുത്താനും നഗരവത്കരണം വേഗത്തിലാക്കാനും അപകടരഹിതമായ ഗതാഗതം ഉറപ്പാക്കാനും ഹൈസ്പീഡ് റെയിൽവെ സംവിധാനത്തിലൂടെ സാധ്യമാകും. നോൺ സ്റ്റോപ്പായി പോകുന്ന അതിവേഗ റെയിലിന് 42 മിനിട്ടുകൊണ്ട് തിരുവനന്തപുരത്തു നിന്നും കൊച്ചിയിലും 79 മിനിട്ടുകൊണ്ട് കോഴിക്കോടും 96 മിനിട്ടുകൊണ്ട് കണ്ണൂരും 115 മിനിട്ടുകൊണ്ട് കാസർകോട്ടും 124 മിനിട്ടുകൊണ്ട് മാംഗ്ലൂരും എത്താൻ സാധിക്കും.

കൊച്ചിവരെ അഞ്ചു വർഷംകൊണ്ടും കോഴിക്കോടുവരെ ആറു വർഷംകൊണ്ടും മംഗലാപുരംവരെ ഏഴു വർഷംകൊണ്ടും പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 1,18,050 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി 2013 ൽ ആരംഭിച്ച് 2020 മാർച്ചിന് പൂർത്തിയാകും.

# വാർത്തകൾ സത്യസന്ധമാകണം – മന്ത്രി പ്രൊഫ. കെ.വി. തോമസ്

വാർത്തകളുടെ സത്യസന്ധത കൊണ്ട് ജനവികാരത്തെ തൊട്ടുണർത്താൻ കഴിയുന്നവരാണ് യഥാർഥ പത്രപ്രവർത്തകരെന്ന് കേന്ദ്ര ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ സഹമന്ത്രി പ്രൊഫ. കെ.വി. തോമസ് അഭിപ്രായപെട്ടു.കേരള പ്രസ് അക്കാദമി ചാലക്കുടി പ്രസ് ക്ലബുമായി സഹകരിച്ചു നടത്തിയ ഡോ.മൂർക്കന്നൂർ നാരായണൻ അവാർഡ് സമർപ്പണവും സ്മൃതിസംഗമവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. സാമൂഹ്യ പ്രതിബദ്ധതയുള്ളവരായിരിക്കണം പത്ര പ്രവർത്തകർ. കേരളത്തിലെ പത്രപ്രവർ ത്തകർ ഏറ്റവു കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നതായും മന്ത്രി പറഞ്ഞു. ഡോ. മൂർക്കന്നൂർ നാരായണനൻ അവാർഡ് തൃശൂർ ദേശാഭിമാനി ബ്യൂറോ ചീഫ് വി.എം. രാധാകൃഷ്ണൻ മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. ചാലക്കുടി മർച്ചന്റ്സ് ജൂബിലി ഹാളിൽ നടന്ന ചടങ്ങിൽ അക്കാദമി ചെയർമാൻ എൻ.പി. രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. അനുസ്മരണപ്രഭാഷണം പ്രസ്ക്ലബ് പ്രസിഡന്റ് ഐ.ഐ. അബ്ദുൽ മജീദ് നിർവഹിച്ചു.

എ.വി. മേനോൻ, പി.ആർ. ദാമോദര മേനോൻ, ടി.എൻ. നാരായണൻ എന്നിവരുടെ സ്മരണയ്ക്കായി പ്രസ് ക്ലബ് ഏർപ്പെടുത്തിയ അവാർഡുകളുടെ വിതരണം കെ.പി. ധനപാലൻ എം.പി. നിർവഹിച്ചു. കണിച്ചായി തോമസ് ജോസ് ചാരിറ്റിബിൾ ട്രസ്റ്റ് അവാർഡ് ബി.ഡി.ദേവസി എം.എൽ.എ നൽകി. എം. മുഹമ്മദാലി മൗലവി, ടി.ഒ. സെബാസ്റ്റ്യൻ, എ.ടി. ആന്റണി തുടങ്ങിയവരുടെ പേരിലുള്ള ചികിത്സാ സഹായം നഗരസഭാ ചെയർമാൻ വി.ഒ. പൈലപ്പൻ നൽകി.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഫിൻസോ തങ്കച്ചൻ, കൗൺസിലർ പി.എം. ശ്രീധരൻ, ജയരാജ് വാര്യർ എന്നിവർ പ്രസംഗിച്ചു. പ്രസ് ക്ലബ് സെക്രട്ടറി സി.കെ. സുനിൽ കുമാർ സ്വാഗതവും അക്കാദമി അസി.സെക്രട്ടറി സി.അയ്യപ്പൻ നന്ദിയും പറഞ്ഞു.

*സി. അയ്യപ്പൻ*
*അസി.സെക്രട്ടറി, കേരള പ്രസ് അക്കാദമി, കൊച്ചി.*



**ഡോ. മൂർക്കന്നൂർ നാരായണൻ സ്മൃതിസംഗമം കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ് ഉദ്ഘാടനം ചെയ്യുന്നു**

# പ്രവാസികൾക്ക് 'സ്വപ്നസാഫല്യം'




**സ്വപ്നസാഫല്യം പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു**

ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽനിന്ന് മോചിതരാകുന്നവർക്ക് ജന്മനാട്ടിലേക്ക് മടങ്ങാൻ സൗജന്യയാത്ര ഒരുക്കുന്ന സ്വപ്നസാഫല്യം പദ്ധതി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഫെബ്രുവരി എട്ടിന് ഉദ്ഘാടനം ചെയ്തു.

മണലാരണ്യത്തിൽ ജീവിതം ഹോമിക്കുന്ന പ്രവാസികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ പലതും സർക്കാർ നടപ്പാക്കിയിട്ടുണ്ട്. അത്തരത്തിലൊന്നാണ് സ്വപ്നസാഫല്യം പദ്ധതി. ഗൾഫ് ജയിലുകളിൽനിന്ന് മോചിതരായവർക്കും പാസ്പോർട്ടും രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും നാട്ടിലേക്കു മടങ്ങാൻ നോർക്ക വകുപ്പും സൗദിയിലെ വ്യവസായ സ്ഥാപനമായ ഇറാം ഗ്രൂപ്പും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു. ജയിൽമോചിതനായ കല്ലാച്ചേരി മാത്യുവിന്റെ കുടുംബത്തിന് ആദ്യ യാത്രാടിക്കറ്റ് കൊടുത്തുകൊണ്ടാണ് പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. വഞ്ചനയിലൂടെയും സാങ്കേതികകാരണങ്ങളാലും ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്നവരെ മടക്കിക്കൊണ്ടുവരാൻ ശ്രമിച്ചുവരുകയാണെന്നും അദ്ദേഹം പറഞ്ഞു.

സൗദി ജയിലിൽ 1400 ഇന്ത്യക്കാരുണ്ടെന്നാണ് കേന്ദ്രസർക്കാർ പാർലമെന്റിനെ അറിയിച്ചിട്ടുള്ളതെന്ന് അധ്യക്ഷത വഹിച്ച ഗ്രാമവികസന-നോർക്ക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ഇവരിൽ 700 ഓളം പേർ മലയാളികളാണെന്നാണ് അനൗദ്യോഗിക കണക്കെന്നും മന്ത്രി വ്യക്തമാക്കി. മന്ത്രിമാരായ കെ. ബാബു, അടൂർ പ്രകാശ്, വി.എസ്. ശിവകുമാർ എന്നിവർ സന്നിഹിതരായിരുന്നു.

## ഇവർ ഞങ്ങളുടെ അന്നദാതാക്കൾ...

എറണാകുളം ജില്ലയിലെ മരട് നഗരസഭയിലെ ഒരു കൂട്ടം ചെറുപ്പക്കാരുടെ ഭക്ഷ്യസുരക്ഷാപദ്ധതി സംസ്ഥാനത്തിനാകെ മാതൃകയാകുന്നു.

നെട്ടൂർ പ്രദേശത്തെ പതിനഞ്ചോളം ചെറുപ്പക്കാർ ചേർന്ന് വിരലിലെണ്ണാവുന്ന കുടുംബങ്ങൾക്ക് അരിയും കുറച്ച് പലചരക്കുസാധനങ്ങളും മാസാമാസം എത്തിച്ചുകൊണ്ടു തുടങ്ങിയ പദ്ധതിയാണ് ഒരു വലിയ പ്രദേശത്തുനിന്ന് പട്ടണി ഇല്ലാതാക്കിയ ബൃഹത് പദ്ധതിയിലേക്കു വളർന്നു പന്തലിച്ചത്. 275 കുടുംബങ്ങൾ എല്ലാ മാസവും 10 ാം തീയതിയോ 11 ാം തീയതിയോ ഈ ചെറുപ്പക്കാരുടെ വരവും കാത്തിരിക്കും. ഒരു കുടുംബത്തിന് സുഭിക്ഷമായി കഴിയാൻവേണ്ട മുഴുവൻ സാധനങ്ങളും കിറ്റിലുണ്ടാകും.

സർക്കാർ ജോലിക്കാരും ബിസിനസുകാരും സ്വകാര്യസ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവരുമായ ഇവരുടെ സംഘം എല്ലാ മാസവും 10, 11 തീയതികൾ കിറ്റുവിതരണത്തിനായി മാറ്റിവച്ചിരിക്കുകയാണ്. സ്വന്തം വരുമാനത്തിൽനിന്ന് നിശ്ചിതതുക മാറ്റിവെച്ചുകൊണ്ടാണ് ഇവർ ഈ പദ്ധതിക്ക് തുടക്കമിട്ടത്. കൂടുതൽ സുമനസ്സുകൾ സഹായഹസ്തവുമായി രംഗത്തു വന്നതോടെ പദ്ധതി വിപുലമായി. ഒരു മാസം ഒരു ലക്ഷത്തിലധികം രൂപയാണ് ഇതിനു ചെലവു വരുന്നത്.

ഈ പദ്ധതി വിജയിക്കുന്നതുകണ്ട് അയൽജില്ലയായ ആലപ്പുഴയിൽ പലയിടത്തും ഇത്തരത്തിലുള്ള ഭക്ഷ്യസുരക്ഷാ പദ്ധതിക്കു തുടക്കമിട്ടിട്ടുണ്ട്.



എ. പ്രഭാകരൻ

# നാട്യങ്ങളില്ലാത്ത ജനസേവകൻ

പൊതുപ്രവർത്തകർക്കിടയിൽ 'ജീവിക്കുന്ന അത്ഭുത'മായിരിക്കുന്നു നമ്മുടെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. പൊതുജീവിതത്തെപ്പറ്റിയും ഭരണപരമായ ജഢിലസ്വഭാവത്തെക്കുറിച്ചും ജനങ്ങൾക്ക് ഇതുവരെ ഉണ്ടായിരുന്ന അഭിപ്രായം ഇന്ന് മാറ്റിയെഴുതിക്കൊണ്ടിരിക്കുകയാണ് ജനങ്ങളുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി. നിഷ്പക്ഷമതികളായ പൊതുപ്രവർത്തകരും ജനങ്ങളും ഒറ്റ സ്വരത്തിൽ ഈ പുതിയ ഭരണശൈലിയെപ്പറ്റി നല്ലതേ പറയുന്നുള്ളു. ഈയിടെ അന്താരാഷ്ട്ര വികസന സമിതിയായ യു.എൻ.ഡി.പി (UNDP) യുടെ ഡമോക്രാറ്റിക് ഗവേണൻസ് പ്രാക്ടീസ് ഡയറക്ടർ



ജറാൽഡിൻ ഫ്രേസർ മോൾക്കേറ്റിക്ക് പ്രസ്താവിക്കാനുണ്ടായിരുന്നത് ഉമ്മൻ ചാണ്ടിയുടെ ജനത്തെത്തേടിയുള്ള തീർഥയാത്രയുടെ പുതുമയെപ്പറ്റിയാണ്. 24 മണിക്കൂർ സുതാര്യമായി പ്രവർത്തിക്കുന്ന മുഖ്യമന്ത്രി, ആറു ലക്ഷത്തിലധികം സാധാരണക്കാരെ നേരിട്ടു സന്ദർശിച്ച് അവരുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള ശ്രമം നടത്തുന്ന ഒരു ജനസേവകൻ എന്നീ നിലയിൽ ലോക റെക്കോർഡ് തകർത്തിരിക്കുകയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്നാണ് ഐക്യരാഷ്ട്രസംഘടനയുടെ വികസന സമിതിയായ യു.എൻ.ഡി.പി പറഞ്ഞുവച്ചത്.

ഇത് ലോകത്തെവിടെയെങ്കിലും ഭരണകർത്താക്കൾ ചെയ്തുവന്നകാര്യമല്ല. ഇത് കേരളക്കരയുടെ ചരിത്രത്തിൽ മാത്രമല്ല. ജനാധിപത്യത്തിന്റെ ചരിത്രത്തിൽത്തന്നെ ഒരു നാഴികക്കല്ലാണ് എന്നതിൽ തർക്കമില്ല. ഭരണാധികാരികൾക്ക് അത്യന്താപേക്ഷിതമായും ഉണ്ടാകേണ്ടുന്ന ഒരു 'പോസിറ്റീവ്' സമീപനം ഇവിടെ ജനസമ്പർക്കപരിപാടിയിലൂടെ യാഥാർഥ്യമായിരിക്കുകയാണ്.

സാധാരണഗതിയിൽ ഭരണാധികാരികൾ ഉദ്ഘാടന മഹാമഹങ്ങൾക്കും പത്രവാർത്തകൾക്കും നിദാനമായ പ്രഖ്യാപനങ്ങൾ നടത്താനുമായിട്ടാണ് ജനങ്ങളെ അഭിസംബോധന ചെയ്യുക. ആയിരക്കണക്കിന് അനുഭാവികളും പൊതുജനങ്ങളും അണിനിരക്കുന്ന അത്തരം മഹാജനസഞ്ചയങ്ങൾ നമുക്ക് പുത്തരിയല്ല. പക്ഷേ ഈ ജനസമ്പർക്ക പരിപാടികളിൽ പങ്കെടുത്ത ആയിരങ്ങൾ നെടുവീർപ്പുകൾക്കിടയിൽ, വൈകല്യങ്ങൾക്കിടയിൽ, പട്ടിണിക്കിടയിൽ, അരക്ഷിതാവസ്ഥയ്ക്കിടയിൽ എല്ലാമാണ് തങ്ങളുടെ ജനനായകനെക്കാണാൻ രാപ്പകലില്ലാതെ കാത്തിരുന്നത്. അവരുടെ ഇടയിൽ വിധവകളുണ്ട്, ആലംബഹീനരായ വൃദ്ധജനങ്ങളുണ്ട്, അനാഥരായ കുട്ടികളുണ്ട്, എഴുന്നേറ്റു നിൽക്കാൻ വയ്യാത്ത രോഗികളുണ്ട്. ഇത്തരക്കാരുടെ പ്രശ്നങ്ങൾക്കുമുൻഗണന എന്നതാണ് നമ്മുടെ മുഖ്യമന്ത്രിയുടെ നയം.

അദ്ദേഹം അവരുടെ സമീപത്തേക്കു ചെന്നപ്പോൾ ഹൃദയഭേദകമായ രംഗങ്ങളാണ് ഓരോ ദിവസവും അരങ്ങേറിയത്. മുഖ്യമന്ത്രിയുടെ സമക്ഷത്തിൽ വേദനകൾ സമർപ്പിച്ച് തിരികെപ്പോകുമ്പോൾ അവർ ഇത്രയുംനാൾ കടിച്ചമർത്തിയ വേദനകൾക്ക് ഒരു ചെറിയ അയവുവരുന്നു. ഇത് ഒരു കഥപോലെ തോന്നും, പക്ഷേ യാഥാർഥ്യം കല്പിത കഥയെക്കാളും, ആശ്ചര്യം വളർത്തുന്നതായിരിക്കും ചില അവസരങ്ങളിലെന്നു പറയട്ടെ. ഇത് ഉമ്മൻ ചാണ്ടിയുടെ മാത്രം ഇന്ദ്രജാലം എന്നു നമുക്കു പേർ ചൊല്ലിവിളിക്കാം.

വിദ്യാർഥിജീവിതകാലം മുതൽക്കുതന്നെ സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച് നാട്ടുകാരുടെ സ്നേഹത്തിന്പാത്രീഭൂതനായി, പടിപടിയായിവളർന്ന്, ഇപ്പോൾ കേരളരാഷ്ട്രീയത്തിന്റെ നെറുകയിൽ എത്തിച്ചേർന്ന ഉമ്മൻ ചാണ്ടി താണ്ടിയതിത്രയുംകാലം റോസാദലങ്ങൾ വിരിച്ച പരവതാനിയല്ല. മുള്ളുകൾ പാകിയ വഴിത്താരകളും ഏറെ നടന്നു. ബഹുദൂരം പിന്നിട്ടു. കറയില്ലാത്ത സേവനപാരമ്പര്യവും സുതാര്യമായ പ്രവർത്തന ചരിത്രവുംകൊണ്ട് പൊതുജീവിതരംഗത്ത് എത്തുന്നവർക്ക് ഒരു പോസിറ്റീവ് ആശയമാണ് ഉമ്മൻ ചാണ്ടി നൽകുന്ന പ്രധാന ദർശനം.

വ്യക്തിപരമായ പ്രശ്നങ്ങളോ സമകാലിക അസ്വസ്ഥതകളോ ആകുലപ്പെടുത്താൻ വിട്ടുകൊടുക്കാത്ത നിസ്സീമമായ പ്രവർത്തനോർജമാണ് അദ്ദേഹത്തിന്റെ കരുത്ത്. ആദ്യം നൂറു ദിവസം. ഇനി ഒരു വർഷത്തെപ്പരിപാടി. 2030 വികസനകാലപരിധി ഒരു സ്വപ്നമല്ല ആദ്ദേഹത്തിന്. പ്രവർത്തിക്കുന്ന സർക്കാരിന്റെ പ്രഥമഗണനീയ ലക്ഷ്യമാണത് എന്നാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അടിയുറച്ച വിശ്വാസം. ജനകീയപ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടി സ്വന്തം ഇമേജു രക്ഷപ്പെടുത്തുന്ന രീതി മാറ്റി ശക്തമായി ഇടപെടുന്ന രീതി അദ്ദേഹത്തിന് സ്വന്തമാണ്. ഭരണം കയ്യാളുന്ന ഉദ്യോഗസ്ഥരെയും ആസൂത്രകരെയും വികസന ശാസ്ത്രമണ്ഡലങ്ങളിലെ വിദഗ്ധരെയും പൊതുപ്രവർത്തകരെയും ഒരു ചരടിലെ മുത്തുപോലെ കൊരുത്തുകൊണ്ട് നാട്യങ്ങളില്ലാത്ത ഈ ഐന്ദ്രജാലികൻ വേഗതയേറിയ യാത്രയിലാണ് കേരളക്കരയ്ക്കായി അർപ്പിച്ചുകൊണ്ടുള്ള യാത്ര. ■

പെൺജീവിതം

■ ഷാഹിന ഇ. കെ.

# ആസക്തികളുടെ ആൾക്കൂട്ടം

പെണ്ണ് എന്തുമാത്രം അരക്ഷിതയാണെന്ന് അവൾക്കു പറഞ്ഞു കൊടുക്കുക ആൾക്കൂട്ടങ്ങളാണ്. തനിച്ചാക്കപ്പെടുമ്പോൾ രൂപപ്പെടുന്നൊരാൾക്കൂട്ടത്തെ വിശേഷിച്ചും ഭയക്കണം. കാരണം ആൾക്കൂട്ടമപ്പോൾ ഒരുപാടു ശരീരങ്ങൾ ചേർന്നൊരൊറ്റ ശരീരമാവും. അടക്കിപ്പിടിക്കാനാവാത്ത വന്യമായ ത്വരകളും ആസക്തികളും പേറുന്ന ഭീമനൊരാൺരൂപി. പെണ്ണതിനപ്പോൾ ഒരിരമാത്രമാണ്. ഒരേ വിശപ്പനുഭവിക്കുന്ന ഒരുപാടുപേർക്ക് ഒരുമിച്ചു വിശപ്പാറ്റാൻ കിട്ടുന്ന സുരക്ഷിതമായൊരിര.

കുറച്ചു വർഷങ്ങൾക്കും മമ്പ്, വീടിനൊരിത്തിരി മാത്രമകലെയുള്ളൊരിടത്തേക്കെന്റെ യാത്ര. യാത്ര ഏതാണ്ടു തീരാറായൊരിടത്ത് പൊടുന്നനെ നിൽക്കുന്ന ബസ്സ്. കുറച്ചകലെ പെരുകിനിറയുന്ന ഒരാൾക്കൂട്ടത്തെക്കണ്ടു, പുറത്തേക്കു നോക്കുമ്പോൾ. അതങ്ങനെ വളർന്ന് ബസ് നിൽക്കുന്നിടംകൂടി മൂടുന്നു. ആക്സിഡന്റോ മറ്റത്യാഹിതങ്ങളോ അല്ലെന്നു പെട്ടെന്നുതന്നെ മനസ്സിലായി. കാരണം അത്രയ്ക്കാഹ്ലാദത്തിലാണ്, ഉന്മാദത്തിലാണ് ആ ആൾക്കൂട്ടം. അതിനകത്ത് കുട്ടികളുണ്ട്, ചെറുപ്പക്കാരുണ്ട്, പ്രായംചെന്നവരുണ്ട്, ഏറിയപങ്കും പുരുഷന്മാർ. സ്ത്രീകളൊക്കെയും സമീപത്തെ കെട്ടിടങ്ങളുടെ വരാന്തയിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. തലയിൽ തൊപ്പിവച്ച്, ദേഹത്താകമാനം ചായംപൂശി, നൃത്തംവയ്ക്കുന്നവരിൽനിന്ന് വായിച്ചെടുത്തു, നടൻ മോഹൻലാൽ അവിടെയൊരു ഉദ്ഘാടനത്തിനെത്തുന്നു എന്ന്. ആരാധകരുടെ ആഹ്ലാദപ്രകടനങ്ങൾ കണ്ടുരസിച്ച് ബസ്സിന്റെ സുരക്ഷിതത്വത്തിലിരിക്കേ പൊടുന്നനെ കണ്ടക്ടർ പറയുന്നു "ബസ്സിനി പോകില്ല. ബ്ലോക്കാണ്. എല്ലാവരും ഇറങ്ങണം" അങ്കലാപ്പോടെ ഓരോരുത്തരും ഇറങ്ങിത്തുടങ്ങി. ഉദ്ഘാടനം നടക്കുന്നിടവും കഴിഞ്ഞാണ് എനിക്കു പോകേണ്ടത്. ഒരാൾക്കടൽ നീന്തിവേണമായിരുന്നു അത്. ഞാനത് വേണ്ടെന്നുവച്ച് തിരികെനടക്കാനുറച്ച് ബസ്സിറങ്ങി. പൊടുന്നനെ അതിവേഗത്തിലൊരാൾത്തിരവന്ന് എന്നെയും മറ്റു സഹയാത്രികരെയും മൂടി. പുരുഷ സഹയാത്രികർ വളരെപ്പെട്ടന്ന് ആൾക്കൂട്ടത്തിലാണ്ടുപോയി. അവരിൽ ചിലർക്കൊപ്പമുണ്ടായിരുന്ന സ്ത്രീകളും സുരക്ഷിതരായെങ്ങോ കരപറ്റി. ഞാനും എനിക്കൊപ്പം അപരിചിതരായ രണ്ടു പെൺകുട്ടികളും കൂടുതൽ കൂടുതൽ ആൾക്കൂട്ടത്തിനകത്തേക്കു തള്ളപ്പെട്ടു. മുന്നോട്ടോ പിറകോട്ടോ നീങ്ങാനാവാത്ത ഒരവസ്ഥയിൽ നോക്കിനിൽക്കേ ആൾക്കൂട്ടത്തിന്റെ ഭാവം മാറി. അതുവരേയ്ക്കും ചിതറിനിന്നിരുന്ന പുരുഷാരം പൊടുന്നനെ ഒരൊറ്റ ശരീരമാക്കപ്പെട്ടു. നിമിഷങ്ങൾക്കുമുമ്പുവരെ ഞങ്ങളുടെ സഹയാത്രികരായിരുന്നവരുടേതടക്കം ഏതൊക്കെയോ കൈകൾ ഞങ്ങൾക്കുനേരെ നീണ്ടു. പിടിച്ചുവലിക്കാനും വേദനിപ്പിക്കാനും അപമാനകരമാംവിധം സ്പർശിക്കാനുമൊക്കെ തുടങ്ങി. അപമാനത്തിന്റെ പരകോടിയിൽ നിൽക്കേ ഒരുനിമിഷമോർത്തു. അവരെപ്പോലെതന്നെ കരയുകയും ചിരിക്കുകയും സ്നേഹിക്കുകയും വേദനിക്കുകയും ഉണ്ണുകയുമുറങ്ങുകയുമൊക്കെച്ചെയ്യുന്ന മനുഷ്യജീവികൾതന്നെയല്ലേ ഞങ്ങളും? എന്തു സുഖമാണ് ഈ അപമാനിക്കലുകൾ അവർക്ക് കൊടുക്കുന്നുണ്ടാവുക?

ആരും സഹായത്തിനുണ്ടായില്ല. ഈ ആൾത്തിരക്കിൽ ഞങ്ങൾ കരുതിക്കൂട്ടി വന്നിറങ്ങിയതാണെന്നപോലെ ചില അഭിപ്രായപ്രകടനങ്ങൾ കേട്ടു. എല്ലാം കണ്ടുകൊണ്ടു മാറിനിന്നിരുന്ന പുച്ഛം സ്ഫുരിക്കുന്ന ചില മുഖങ്ങളാകട്ടെ, അതിനെക്കാൾ വേദനിപ്പിക്കുന്നതെന്തൊക്കെയോകൂടി പറയാതെ പറഞ്ഞു. ആൾക്കൂട്ടത്തിന്റെ കയ്യേറ്റങ്ങൾ അസഹ്യമായപ്പോൾ ഒരാശ്വാസംപോലെ, കുറച്ചപ്പുറത്തൊരു പോലീസുകാരനെ കണ്ടു. പേടിച്ചരണ്ട ആ പെൺകുട്ടികളോട് കൂടെവരാൻ വിളിച്ചുപറഞ്ഞുകൊണ്ട് ഞാനയാൾക്കുനേരെയോടി. പോകുന്നവഴിക്കൊക്കെ ആൾക്കൂട്ടം പരമാവധി ഞങ്ങളെ അപമാനിച്ചുകൊണ്ടിരുന്നു. പരിഭ്രമിച്ചോടിവരുന്ന എന്നെ എങ്ങനെയോ കണ്ട ആ പൊലീസുകാരൻ 'പേടിക്കേണ്ടെ'ന്നു വിളിച്ചു പറഞ്ഞ് തിരക്കുവകഞ്ഞ് പുറത്തേക്കൊരു വഴിയുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അനുസരണകെട്ട ആൾക്കൂട്ടത്തിനു നേരെ ലാത്തിവീശി അദ്ദേഹമുണ്ടാക്കിത്തന്ന വഴിയിലൂടെ ജീവനും (അഥവാ ശരീരം) കൊണ്ടു ഞാൻ ഓടിപ്പോന്നു. ആൾക്കൂട്ടത്തെ പിന്നീട് കിതപ്പോടെ, ആശ്വാസത്തോടെ തിരിഞ്ഞുനോക്കിയപ്പോൾ ഞങ്ങൾക്കായി ഒരുനിമിഷത്തേക്കു മാത്രം സൃഷ്ടിക്കപ്പെട്ട ആ വഴി വീണ്ടുമടഞ്ഞുപോയി. എനിക്കൊപ്പമുണ്ടെന്നു കരുതിയ, തിരക്കിനെ കവച്ചോടിയെത്താനാവാതെപോയ ആ രണ്ടു പെൺകുട്ടികളെ അപ്പാടെ വിഴുങ്ങിക്കൊണ്ട്. ■



■ പി.എം. മണി, വെള്ളറട



# ചരിത്രമുറങ്ങാത്ത പത്മനാഭപുരം

കേരള സംസ്കാരത്തിന്റെ അമൂല്യമായ ചരിത്രാവശിഷ്ടം എന്ന് ഖ്യാതിനേടിയ പത്മനാഭപുരം കൊട്ടാരം പുകൾപെറ്റ വേളിമലയുടെ താഴ്വാരങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. 18 ാം നൂറ്റാണ്ടിന്റെ മധ്യകാലംവരെ പത്മനാഭപുരം തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്നു. 1550 മുതൽ 1790 വരെ 14 രാജാക്കന്മാരുടെ ആസ്ഥാനവുമായിരുന്നു.

എ.ഡി. 1550 ൽ വീരരാജമാർത്താണ്ഡവർമ പണിയിച്ചതാണെന്നും 1601 ൽ ഇരവിവർമ കുലശേഖരപെരുമാൾ നിർമിച്ചതാണീ കൊട്ടാരമെന്നും രണ്ട് അഭിപ്രായമുണ്ട്. മാർത്താണ്ഡവർമ മഹാരാജാവ് 1735 ൽ കൊട്ടാരം നവീകരിച്ചുവെന്നും ചരിത്രം.

സംസ്ഥാന രൂപീകരണത്തിനു മുമ്പ് പത്മനാഭപുരം കൊട്ടാരസമുച്ചയം 186 ഏക്കറാൽ ചുറ്റപ്പെട്ടിരുന്നു. തമിഴ്നാട് - കേരള സർക്കാരുകളുടെ അനുരഞ്ജനഫലമായി കൊട്ടാരം കേരളത്തിന് ലഭിച്ചെങ്കിലും കൊട്ടാരപരിസരം ഒഴികെ 180 ഏക്കറും തമിഴ്നാട് സർക്കാർ സ്വന്തമാക്കി. 1938 ൽ കേരള പുരാവസ്തുവകുപ്പ് കൊട്ടാരവും അനുബന്ധസമ്പത്തും ഏറ്റെടുക്കുമ്പോൾ ആറ് ഏക്കർ വിസ്തീർണം മാത്രം.

യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ പത്മനാഭപുരം കൊട്ടാരവും ഉൾപ്പെടുത്തുന്നതിനായി നടപടികൾ നടക്കുകയാണ്. ഇതിന്റെ ഭാഗമായി 2009 ൽ മൂന്നു കോടി രൂപ മുടക്കി കൊട്ടാരം നവീകരിക്കുകയുണ്ടായി.

ആറ്റുമണൽ, കടുക്കാനീര്, ചുണ്ണാമ്പുകല്ല്, കരിപ്പുകട്ടി, നീലാംബരിച്ചാറ്, മുരിക്കിൻചാറ്, മുട്ട എന്നിവ ഉപയോഗിച്ചാണ് പതിനാലു കെട്ടിടങ്ങളടങ്ങിയ കൊട്ടാരസമുച്ചയം നിർമിച്ചിരിക്കുന്നത്. കൊട്ടാരമതിൽ കരിങ്കല്ലും ചുണ്ണാമ്പുകല്ലും വെട്ടുകല്ലും ഉപയോഗിച്ച് നിർമിച്ചപ്പോൾ വെട്ടുകല്ലും നേർത്ത ചുടുകല്ലും കൊട്ടാരചുമരുകൾക്കുപയോഗിച്ചതായി കാണാം.

കോട്ടയുടെ കോണുകളിൽ വലിയ കൊത്തളങ്ങൾ, മന്ത്രശാല, തായ്ക്കൊട്ടാരം, ഉപ്പിരിക്കമാളിക, നാടകശാല, പൂമുഖം, പ്ലാമൂട്ടു കൊട്ടാരം, ലക്ഷ്മീവിലാസം, ഇന്ദ്രവിലാസം, ചന്ദ്രവിലാസം കൊട്ടാരങ്ങൾ, നവരാത്രി കൽമണ്ഡപം, സരസ്വതിക്ഷേത്രം, മണിമേട തുടങ്ങിയവയെല്ലാം ഗവേഷക-ചരിത്രവിദ്യാർഥികൾക്കു വിലപ്പെട്ട അറിവുകൾ നല്കുന്നു.

പൗരാണികസംഭവങ്ങൾ ആലേഖനം ചെയ്ത ചുമർചിത്രങ്ങൾ, നൃത്തത്തിന്റെയും സംഗീതത്തിന്റെയും സ്മൃതിമണ്ഡപങ്ങൾ, ആപത്ഘട്ടങ്ങളിൽ രാജാവിനും കുടുംബങ്ങൾക്കും സുരക്ഷാവലയം തീർക്കുന്ന ചാരോട്ടുകൊട്ടാരം, ഹെറിറ്റേജ് മ്യൂസിയമായ തെക്കേക്കൊട്ടാരങ്ങളും ചരിത്രത്തിന്റെ സുവർണതാളുകളിൽ ആലേഖനം ചെയ്യപ്പെട്ടവയാണ്.

## പരസ്പരം

മറുപടി നൽകുന്നത് :
**വി.വി. മൊയ്തുണ്ണി**
അഡീ. സെക്രട്ടറി, അസോസിയേറ്റ് ഫെലോ, ഐ.എം.ജി

*ക്ഷീരവികസന വകുപ്പിൽ എൽ.ഡി ക്ലാർക്കായി 25-07-2009 ൽ സർവീസിൽ പ്രവേശിച്ചു. എന്റെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 20-07-2009 സർവീസിൽ പ്രവേശിച്ച എന്റെ തൊട്ടു സീനിയറായ വ്യക്തി പ്രൊബേഷന് ആവശ്യമായ എല്ലാ പരീക്ഷകളും പാസായിട്ടുണ്ടെങ്കിലും ടിയാളുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. ഞങ്ങൾ 2009 ലെ ഒരേ റാങ്ക്ലിസ്റ്റിൽപ്പെട്ടവരാണ്. ടി വകുപ്പിൽ 1-8-2011 ൽ യു.ഡി. ക്ലാർക്കിന്റെ ഒരു ഒഴിവുണ്ടായപ്പോൾ എല്ലാ വിധത്തിലും പ്രൊമോഷന് അർഹത നേടിയ എനിക്ക് പ്രൊമോഷൻ തരാതെ പ്രൊബേഷൻ പൂർത്തിയാക്കാത്ത എന്റെ സീനിയറിന് നൽകിയിരിക്കുകയാണ്. ഇത് ക്രമവിരുദ്ധ ഉദ്യോഗക്കയറ്റമല്ലേ?*

**ആശ, തൃശൂർ**

കെ.എസ്. & എസ്.എസ്.ആർ ചട്ടം 28(a) പ്രകാരം വകുപ്പു മേധാവിയുടെ തസ്തികയിലേക്കുള്ള നിയമനത്തിന്റെ കാര്യത്തിൽ ഒഴികെ ഒരു സർവീസിലേക്കോ കാറ്റഗറിയിലേക്കോ ഒരാൾക്കും അവരെ നിയമിച്ച കാറ്റഗറിയിൽ തൃപ്തികരമായി പ്രൊബേഷൻ പൂർത്തീകരിക്കാത്തപക്ഷം ആ കാറ്റഗറിയിൽനിന്നും ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

എന്നാൽ ഈ ചട്ടത്തിലെ ഒന്നാം പ്രൊവിസോ പ്രകാരം ഒരു വിഭാഗത്തിലോ കാറ്റഗറിയിലോ ഗ്രേഡിലോ പ്രത്യേക ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രൊബേഷൻ കാലയളവിനകത്ത്, ഉയർന്ന വിഭാഗത്തിലോ കാറ്റഗറിയിലോ, ഗ്രേഡിലോ ഒഴിവുണ്ടാവുകയും, താഴ്ന്ന വിഭാഗത്തിൽ പ്രൊബേഷണറായിരിക്കുന്ന ആൾ, പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയിട്ടില്ലെങ്കിലും പ്രൊബേഷൻ പൂർത്തിയാക്കാനാവശ്യമായ ടെസ്റ്റുകൾ ജയിക്കുകയും മറ്റുതരത്തിൽ യോഗ്യത നേടുകയും ചെയ്തിട്ടുണ്ടെങ്കിൽ, ഉയർന്ന വിഭാഗത്തിലേക്കോ, കാറ്റഗറിയിലേക്കോ ഗ്രേഡിലേക്കോ ഉള്ള ഉദ്യോഗക്കയറ്റത്തിന് അയാളെ മറികടന്ന് ജൂനിയറായിട്ടുള്ള ആളിനെ നിയമിക്കാൻ പാടുള്ളതല്ല എന്ന് അനുശാസിക്കുന്നുണ്ട്.

ഇവിടെ 25-07-2009 ൽ സർവീസിൽ കയറിയ താങ്കളുടെ പ്രൊബേഷൻ 25-07-2011 ൽ പൂർത്തീകരിച്ചതായി അനുമാനിക്കുന്നു. 20-07-2009 ൽ സർവീസിൽ പ്രവേശിച്ച താങ്കളുടെ സീനിയർ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ല. ടിയാൾ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയാക്കേണ്ടത് 19-5-2011 ൽ ആണെങ്കിലും ടി പ്രൊബേഷൻ പൂർത്തിയാക്കാൻ 19-7-2012 വരെ സമയം അനുവദിക്കുന്നുണ്ട്.

പ്രസ്തുത ഒഴിവ് ടി പ്രൊബേഷൻ കാലയളവിനുള്ളിൽ ആയതിനാൽ ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലെങ്കിലും മറ്റെല്ലാ തരത്തിലും യോഗ്യത നേടിയിട്ടുണ്ടെങ്കിൽ മേൽ ചട്ടപ്രകാരം താങ്കളുടെ സീനിയറായ ആൾക്ക് പ്രൊമോഷൻ നൽകിയതിൽ അപാകതയില്ല. എന്നാൽ 19-7-2012 ൽ ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ടിയാനെ feeder category യിലേക്ക് റിവേർട്ട് ചെയ്യേണ്ടതും താങ്കൾ മറ്റെല്ലാ തരത്തിലും പ്രൊമോഷന് യോഗ്യത നേടിയിട്ടുണ്ടെങ്കിൽ ടി പ്രൊമോഷന് താങ്കൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് പരസ്പരം. ഇതിലേക്കുള്ള ചോദ്യങ്ങൾ*
*എഡിറ്റർ, ജനപഥം,*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,*
*സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001*
*വിലാസത്തിൽ അയയ്ക്കുക.*

എസ്. പി.



# ഹൃദയ ശസ്ത്രക്രിയയിൽ പുത്തൻ പ്രതീക്ഷ

മനുഷ്യഹൃദയത്തിലെ ദ്വാരമടയ്ക്കാൻ കന്നുകാലികളുടെ പെരികാർഡിയത്തിൽനിന്നു നിർമിച്ച കാർഡിയാക് പാച്ചുകൾ. ഈ കണ്ടെത്തലിനുള്ള പേറ്റന്റ് തിരുവനന്തപുരത്തെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിലെ ബയോമെഡിക്കൽ വിഭാഗത്തിനു ലഭിച്ചു.

ഹൃദയത്തിന്റെ അറകളായ വെൻട്രിക്കിളുകളെ വേർതിരിക്കുന്ന ഭിത്തിയായ സെപ്റ്റത്തിലുണ്ടാകുന്ന ദ്വാരങ്ങളാണ് ഇത്തരത്തിൽ അടയ്ക്കാൻ കഴിയുക. കന്നുകാലികളുടെ ഹൃദയാവരണമായ പെരികാർഡിയത്തിലെ കോശങ്ങൾ വേർതിരിച്ചെടുത്താണ് കാർഡിയാക് പാച്ചുകൾ നിർമിക്കുന്നത്.

മനുഷ്യഹൃദയത്തിന്റെ സമാനഘടനയായതിനാൽ ഇവ ശരീരവുമായി വേഗമിണങ്ങും. ഹൃദയശസ്ത്രക്രിയാ രംഗത്ത് ഇതു വൻ മുന്നേറ്റമുണ്ടാക്കും എന്നാണ് പ്രതീക്ഷ.

# ചകിരിനാരിനായി ചെലവുകുറഞ്ഞ യന്ത്രം

കയർവ്യവസായത്തിനു പുത്തൻ ഉണർവേകി പച്ചത്തൊണ്ടിൽ നിന്ന് ഗുണമേന്മയുള്ള ചകിരിനാര് ഉത്പാദിപ്പിക്കുന്ന ലഘുയന്ത്രം വിപണിയിലേക്ക്. കയർ മേഖലയിൽ വൻമാറ്റങ്ങൾക്കു വഴിയൊരുക്കുന്ന ഈ യന്ത്രം രൂപകല്പന ചെയ്തതും പേറ്റന്റ് ചെയ്തതും തിരുവനന്തപുരം ദേശീയ കയർഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടാണ്. ആലപ്പുഴയിൽ നടന്ന രാജ്യാന്തര കയർമേളയായ കയർ കേരള 2012 ൽ ഈ യന്ത്രത്തിന്റെ പ്രവർത്തനം പ്രദർശിപ്പിച്ചിരുന്നു.

പുതിയ യന്ത്രത്തിന് എഫ്.ഇ.ഇ നാല് സി-വൺ എന്നാണ് പേരിട്ടിരിക്കുന്നത്. പച്ചത്തൊണ്ട് റോട്ടർ യൂണിറ്റിന്റെ സമ്മർദത്താൽ നാരും ചകിരിച്ചോറുമായി വേർതിരിക്കപ്പെട്ടു കിട്ടുന്നതാണ് ഇതിന്റെ പ്രവർത്തനരീതി. കയർസംഘങ്ങൾക്ക് സൗജന്യമായും കുടുംബശ്രീയൂണിറ്റുകൾക്ക് 75 ശതമാനം സബ്സിഡിയോടെയും ഈ യന്ത്രം സർക്കാർ വിതരണം ചെയ്യും. കൊണ്ടുനടക്കാവുന്നതും ചെലവുകുറഞ്ഞതുമായ ഈ യന്ത്രത്തിന് പ്രതിദിനം 3000 മുതൽ 3500 വരെ പച്ചത്തൊണ്ട് സംസ്കരിക്കാൻ കഴിയുമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ അവകാശപ്പെടുന്നു.




# പോളിസ്റ്റർ കൊലയാളി

തുണി അലക്കുമ്പോൾ ഊർന്നുവീഴുന്ന പോളിസ്റ്റർ നൂലുകൾ ജീവന് വൻഭീഷണി ഉയർത്തിക്കൊണ്ടിരിക്കുകയാണെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു. എൻവയൺമെന്റൽ സയൻസ് ആൻഡ് ടെക്നോളജി എന്ന ജേണലിലാണ് ഈ കണ്ടെത്തൽ വെളിപ്പെടുത്തിയിരിക്കുന്നത്.

അലക്കുന്ന വേളയിൽ ഒരു വസ്ത്രത്തിൽനിന്ന് ഏതാണ്ട് 1900 നേർത്ത പ്ലാസ്റ്റിക് നാരുകൾ പുറത്തുപോകുന്നതായി ഗവേഷകർ കണ്ടെത്തി. മില്ലീമീറ്ററിനെക്കാളും നേർത്ത ഇവ മൃഗങ്ങൾ ഭക്ഷിക്കുകയും ഒടുവിൽ ഭക്ഷ്യശൃംഖലയിലേക്കുതന്നെ പ്രവേശിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്കുകളിൽ 80 ശതമാനവും അതിസൂക്ഷ്മനാരുകളാണെന്ന് കാലിഫോർണിയ സർവകലാശാലയിലെ മാർക്ക് ബ്രൗൺ വ്യക്തമാക്കുന്നു. വാഷിങ് മെഷീനിൽനിന്ന് പുറന്തള്ളുന്ന വെള്ളത്തിൽ ഇവ കൂടുതൽ അടങ്ങിയിട്ടുണ്ടെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്.



ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# ലോകത്തിന് മറ്റൊരു മാതൃക

അഴിമതിരഹിതവും സുതാര്യവുമായ ഭരണം കാഴ്ചവയ്ക്കുക അത്ര എളുപ്പമായ കാര്യമല്ല. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ അനുഭാവപൂർവം പരിഗണിച്ച് കാലതാമസം കൂടാതെ പരിഹാരം കാണാൻ കഴിയുമ്പോഴാണല്ലോ ഭരണം സാധാരണക്കാരന് അനുഭവവേദ്യമാകുന്നത്. ഭരണക്രമത്തിലെ ചട്ടങ്ങൾക്കും വകുപ്പുകൾക്കും മനുഷ്യത്വത്തിന്റെ സ്പർശം നൽകിയാൽ ഒരുപരിധിവരെ ഇതൊക്കെ സാധ്യമാകും. ജനങ്ങളുടെ ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണണം എന്നതായിരുന്നു ജനസമ്പർക്കപരിപാടിയുടെ മുഖ്യലക്ഷ്യം. ആയിരക്കണക്കിന് ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമ്പോൾ ലഭിക്കുന്ന സംതൃപ്തി എനിക്കു വലുതാണ്. എല്ലാ ജില്ലകളിലും ജനസമ്പർക്കപരിപാടി നടത്തിക്കഴിഞ്ഞപ്പോൾ അതിന്റെ പ്രസക്തി മറ്റൊരുപാട് തലങ്ങളിലേക്കു വളർന്നതായി ഞാൻ മനസ്സിലാക്കുന്നു.

ജനസമ്പർക്കപരിപാടി ഇന്ന് ആഗോളതലത്തിൽ ശ്രദ്ധനേടിയിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ പ്രതിനിധികൾ സംസ്ഥാനം സന്ദർശിച്ച് ജനസമ്പർക്കപരിപാടിയുടെ സുതാര്യതയെയും ഫലപ്രാപ്തിയെയും പ്രശംസിക്കുകയുണ്ടായി. ഈ മാതൃക ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും രാജ്യങ്ങൾക്ക് മാതൃകയാക്കാവുന്നതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി.

നമ്മുടെ കൊച്ചുകേരളം ലോകത്തിന് പല മാതൃകകളും സംഭാവന നൽകിയിട്ടുണ്ട്. ഇപ്പോൾ ഭരണക്രമത്തിന്റെ സുതാര്യത മറ്റൊരു മാതൃക നൽകിയിരിക്കുന്നു. യു.എൻ.ഡി.പി ഡെമോക്രാറ്റിക് ഗവേണൻസ് ഗ്ലോബൽ ഡയറക്ടർ ജെറാൾഡിൻ ഫ്രെയസർ മേളിക്കെറ്റി സംസ്ഥാനം സന്ദർശിച്ചപ്പോൾ യു.എൻ.ഡി.പി തന്നെ സംസ്ഥാന സർക്കാരിന്റെ നൂതന ഭരണപരീക്ഷണങ്ങൾ പഠിക്കാൻ തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ജനാധിപത്യത്തിനും ഭരണസുതാര്യതയ്ക്കും വേണ്ടി പ്രക്ഷോഭങ്ങൾ നടക്കുന്ന ഇന്നത്തെക്കാലത്ത് നമുക്ക് ഒരു ഭരണമാതൃക സമ്മാനിക്കാൻ കഴിഞ്ഞിരിക്കുന്നു. ഭരണാധികാരികളെ നേരിൽക്കണ്ട് പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണാനുള്ള ജനങ്ങളുടെ അവകാശത്തിന് വലിയ പ്രസക്തിയാണുള്ളത്. ജനസമ്പർക്കത്തിന്റെ തുടർനടപടികൾ ഫലപ്രദമാകുമെങ്കിൽ മാത്രമേ ഈ ഭരണരീതിക്ക് പ്രസക്തിയുള്ളൂ. ജനസമ്പർക്കപരിപാടിയിൽ നിന്നുള്ള അനുഭവങ്ങളും ഉൾക്കാഴ്ചകളും സർക്കാരിന്റെ നയങ്ങളിലും പരിപാടിയിലും മാറ്റങ്ങൾ കൊണ്ടുവരും.

ജനങ്ങളാണ് എന്റെ പുസ്തകം. അതിൽനിന്നും വായിച്ചെടുക്കുന്ന പാഠങ്ങളാണ് എന്റെ വഴികാട്ടി. നമുക്ക് അത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽനൽകിക്കൊണ്ട് ഭരണക്രമത്തെ മുന്നോട്ടുകൊണ്ടുപോകാം. ■